**എഡിറ്റോറിയൽ**

# നുറുക്കത്തിന്റെ വഴി



**നു**റുക്കം. അതൊരു ഉപദേശമല്ല. പ്രായോഗികക്രിസ്തീയ നടപ്പുമായി ബന്ധപ്പെട്ട ഒന്നാണത്.

ക്രിസ്തീയജീവിതത്തെ ഗൗരവമായി എടുത്ത് ദൈവത്തെ പ്രസാദിപ്പിക്കുന്നതുമാത്രം ലക്ഷ്യമായിക്കരുതി മുന്നോട്ടുപോകുന്ന ഒരു വിശ്വാസി വൈകാതെ കണ്ടെത്തുന്ന ഒരു സത്യമുണ്ട് - തന്റെ ദേഹിയിൽ ഒരു നുറുക്കം ഉണ്ടാകാതെ യഥാർത്ഥത്തിൽ മുന്നോട്ടുപോകാൻ കഴിയുകയില്ല.

എന്താണ് ഈ നുറുക്കം? ആത്മാവ്, ദേഹി, ദേഹം എന്നിവയുടെ ആകെത്തുകയാണു മനുഷ്യൻ എന്നു ബൈബിൾ വെളിപ്പെടുത്തുന്നു. ആത്മാവ് സ്ഥിതിചെയ്യുന്നത് ഏറ്റവും ഉള്ളിലാണ്. ദേഹി (ചിന്ത,വികാരം തുടങ്ങിയവയുടെ ഇരിപ്പിടമായ മനസ്സ്) അതിന് പുറത്ത്. ദേഹം ഏറ്റവും പുറമേ. ഇതിനെ വൃത്താകാരമായി ചിത്രീകരിച്ചാൽ ഏറ്റവും ഉള്ളിലുള്ള വൃത്തം ആത്മാവ്. അതിന് പുറത്തുള്ള വൃത്തം ദേഹി. ഏറ്റവും പുറമേയുള്ള വൃത്തം ദേഹം.ഈ കാര്യങ്ങളെക്കുറിച്ച് ആധികാരികമായി വിവരിക്കുന്ന 'ആത്മീയമനുഷ്യൻ' **(spritual man)** എന്ന ഗ്രന്ഥത്തിന്റെ കർത്താവായ വാച്ച് മാൻ നീ ഇതിൽ ആത്മാവിനെ ആന്തരികമനുഷ്യനെന്നും ദേഹിയെ ബാഹ്യമനുഷ്യനെന്നും ജഡത്തെ ഏറ്റവും പുറമേയുള്ള മനുഷ്യനെന്നുമാണ് വിളിക്കുന്നത്. ആന്തരികമനുഷ്യനായ ആത്മാവിലാണ് ദൈവത്തിന്റെ സാന്നിധ്യം . അവിടെ ദൈവാത്മാവ് മനുഷ്യാത്മാവുമായി യോജിച്ചിരിക്കുന്നു. ഇവിടെനിന്ന് ദൈവികജീവൻ പുറത്തേക്ക് വരുവാൻ ശ്രമിക്കുമ്പോൾ ആത്മാവിനെ പൊതിഞ്ഞിരിക്കുന്ന ദേഹിയിൽ നുറുക്കം മൂലം വിള്ളലുണ്ടായിട്ടില്ലെങ്കിൽ അതിനു പുറത്തേക്കുവരുവാൻ കഴിയുകയില്ല. കോതമ്പുമണി നിലത്തുവീണു ചത്ത് അതിന്റെ പുറന്തോടു പൊട്ടിയാൽ മാത്രമേ അതിന്റെ ഉള്ളിലുള്ള ജീവന് പുറത്തുവന്നു വിളവുണ്ടാക്കാൻ കഴിയൂ എന്ന് യേശു പറഞ്ഞപ്പോൾ അവിടുന്ന് അർത്ഥമാക്കിയതും ഇതുതന്നെ(യോഹന്നാൻ 12: 24).

നമ്മുടെ മുഴുവൻ മനുഷ്യസ്വഭാവവും നമ്മുടെ ദേഹിയിലാണല്ലോ കുടികൊള്ളുന്നത്. നമ്മെക്കുറിച്ചുതന്നെയുള്ള നമ്മുടെ മതിപ്പ്, മറ്റുള്ളവർ നമ്മോട് ഇടപെടേണ്ട വിധം സംബന്ധിച്ച നമ്മുടെ പ്രതീക്ഷകൾ, മറ്റുള്ളവരെക്കുറിച്ചുള്ള വിലയിരുത്തലുകൾ, നമ്മുടെ ന്യായീകരണങ്ങൾ, മുൻകാല അനുഭവങ്ങൾ സംബന്ധിച്ച ഓർമകൾ ഇവയെല്ലാം വികാരങ്ങളുമായി കെട്ടുപിണഞ്ഞുകിടക്കുന്നതിവിടെയാണ്. മനുഷ്യർ കാണുന്ന നമ്മുടെ വ്യക്തിത്വം ഈ ബാഹ്യമനുഷ്യനാണ്. ഈ പുറമേയുള്ള മനുഷ്യനെ സ്നേഹിക്കാനും ഈ വ്യക്തിത്വത്തിന് ഒരു പോറലുപോലും ഏല്ക്കാതെ സംരക്ഷിക്കാനുമാണ് നമ്മുടെ സ്വാഭാവികതാത്പര്യം. എന്നാൽ കോതമ്പുമണി നിലത്തു വീണുചാകുന്നതിനെക്കുറിച്ചു വിവരിച്ചതിന്റെ തുടർച്ചയായി യേശു പറഞ്ഞു:"തന്റെ ജീവനെ (ദേഹിയെ. Soul എന്ന് ഇംഗ്ലീഷിൽ) സ്നേഹിക്കുന്നവൻ അതിനെ കളയും. ഈ ലോകത്തിൽ തന്റെ ജീവനെ (ദേഹിയെ) പകെക്കുന്നവൻ അതിനെ നിത്യജീവന്നായി സൂക്ഷിക്കും" തന്റെ ദേഹിയെ സ്നേഹിച്ച് അതിന് ഒരു നുറുക്കവും ഉണ്ടാകാതെ സംരക്ഷിക്കുന്നവൻ സത്യത്തിൽ അതിനെ നഷ്ടപ്പെടുത്തുകയാണ്. അതേ സമയം ഈ ലോകത്തിൽ തന്റെ ദേഹിയെ പകെച്ച് അതിനെ നുറുക്കപ്പെടാൻ അനുവദിച്ചാൽ നിത്യതയിൽ അതിനു വിലയുണ്ടാകും എന്നർത്ഥം. നാലു സുവിശേഷങ്ങളിലായി ഏഴു ഭാഗങ്ങളിൽ ഈ വചനം ഏറെക്കുറേ ഒരുപോലെ ആവർത്തിച്ചിരിക്കുന്നതിനാൽ ഇതുവളരെ പ്രധാനപ്പെട്ട ഒന്നാണെന്നു വ്യക്തമാണല്ലോ. (യോഹ. 12:35, മത്തായി 10:39, 16:25; മർക്കോസ് 8:35, ലൂക്കോ.9:24, 14:26, 17:33). "തന്റെ ജീവനെ നേടുവാൻ നോക്കുന്നവനെല്ലാം അതിനെ കളയും; അതിനെ കളയുന്നവനെല്ലാം അതിനെ രക്ഷിക്കും'' എന്നിങ്ങനെയെല്ലാം തിരിച്ചും മറിച്ചും ഈ കാര്യം പറഞ്ഞിരിക്കുന്നതിന്റെ പൊരുൾ എന്താണ്? വാസ്തവത്തിൽ നിത്യതയിലെ നഷ്ടമാണ് യഥാർത്ഥനഷ്ടം. നിത്യതയിലെ നേട്ടമാണ് യഥാർത്ഥ ലാഭം. ഇവിടെ ബാഹ്യജീവനെ 'നേടുക' എന്നു പറഞ്ഞാൽ ഈ ലോകത്തിലെ മാന്യതയ്ക്കു വേണ്ടി അതിനെ നുറുങ്ങാതെ സംരക്ഷിക്കുക എന്നതാണ്. അങ്ങനെ'നേടുന്നവൻ' നിത്യതയിൽ അതിനെ നഷ്ടപ്പെടുത്തുകയാണ്. എന്നാൽ ഇവിടെ ദേഹിയെ നുറുക്കത്തിനായി വിട്ടു കൊടുക്കുന്നവന് നിത്യതയിൽ അതു ലാഭമായിരിക്കും.

നിത്യതയുടെ വെളിച്ചത്തിൽ കാര്യങ്ങളെ കണ്ടാൽ മാത്രമേ നമുക്ക് ഇന്ന് നമ്മുടെ ബാഹ്യമനുഷ്യനെ സന്തോഷത്തോടെ നുറുക്കത്തിനായി ഏല്പിച്ചുകൊടുക്കാൻ കഴിയൂ. എല്ലാറ്റിനും എന്നതുപോലെ ഇതിനും യേശുവിന്റെ ജീവിതത്തിൽ നിന്നു നമുക്കു പാഠങ്ങൾ ഉൾക്കൊള്ളാൻ സാധിക്കും. തെറ്റിദ്ധാരണ, ആരോപണങ്ങൾ, അവഗണന തുടങ്ങിയവയുടെ മുമ്പിൽ യേശു കൈക്കൊണ്ട മനോഭാവം സ്വീകരിക്കുമ്പോൾ നമ്മിൽ നുറുക്കത്തിന്റെ ഒരു പ്രവൃത്തി നടക്കുമെന്നു വിവരിക്കുന്ന അജ്ഞാതകർതൃകമായ ഒരു പ്രാചീന കുറിപ്പ് ഇതു സംബന്ധിച്ചു നമുക്കു കൂടുതൽ വെളിച്ചം തരും:

''ദൈവഹിതം ചെയ്യാനുള്ള പ്രയാണത്തിൽ എന്റെ ക്രിസ്തീയസഹോദരന്മാർപോലും എന്നെ മനസ്സിലാക്കാതിരിക്കുമ്പോൾ "അവന്റെ സഹോദരന്മാരും അവനിൽ വിശ്വസിച്ചില്ല" (യോഹ.7:5) എന്ന വാക്യം ഞാൻ ഓർക്കും. അപ്പോൾ തെറ്റിദ്ധാരണയെ സ്വീകരിച്ച് ഞാൻ അനുസരണത്തോടെ തല കുനിക്കും. ഇതാണ് നുറുക്കം.

എന്റെ വാക്കുകളെ മനഃപൂർവ്വം തെറ്റായി ചിത്രീകരിക്കുമ്പോൾ തെറ്റായ ആരോപണങ്ങളുടെ മുമ്പിൽ യേശു വായ് തുറക്കാതിരുന്നത്, ഞാൻ ഓർക്കും. അതുകൊണ്ട് സ്വയം ന്യായീകരിക്കാതെ ആരോപണങ്ങൾക്കു മുമ്പിൽ ഞാൻ തലകുനിക്കും-ഇതാണു നുറുക്കം.

മറ്റൊരാൾ സ്വീകാര്യനാകുകയും എന്നെ ബോധപൂർവ്വം മാറ്റി നിർത്തുകയും ചെയ്യുമ്പോൾ, അവർ അന്നു നിലവിളിച്ചതു ഞാൻ ഓർക്കും "ഇവനെ നീക്കിക്കളക, ബറബ്ബാസിനെ വിട്ടുതരിക" (ലൂക്കോ. 23:17). അപ്പോൾ ഞാൻ തലകുനിച്ച് ആ തിരസ്കാരം സ്വീകരിക്കും-ഇതാണു നുറുക്കം.

എന്റെ പദ്ധതികളെ അവഗണിക്കുകയും വർഷങ്ങളായുള്ള എന്റെ പ്രയത്നത്തെ മറ്റു ചിലരുടെ ഉൽക്കർഷേച്ഛയുടെ സാഫല്യത്തിനുവേണ്ടി തള്ളിക്കളയുകയും ചെയ്യുമ്പോൾ, തന്നെ ക്രൂശിപ്പാൻ കൊണ്ടുപോകാൻ യേശു അവരെ അനുവദിച്ചതു ഞാൻ ഓർക്കും (മത്താ.27:31). പരാജയത്തിന്റെ ആ സ്ഥാനം അവിടുന്നു സ്വയം സ്വീകരിക്കുകയായിരുന്നല്ലോ. അതു കൊണ്ട് തലകുനിച്ച് ആ അനീതിയെ ആരോടും പകയില്ലാതെ ഞാൻ അംഗീകരിക്കും-ഇതാണു നുറുക്കം.

ദൈവമുൻപാകെ നീതിയായിരിപ്പാനായി മറ്റുള്ളവരോട് തെറ്റു സമ്മതിച്ച് നിരപ്പുപ്രാപിക്കുക എന്ന താഴ്മയുടെ വഴി തെരഞ്ഞെടുക്കേണ്ടിവരുമ്പോൾ യേശു തന്നെത്താൻ ഒഴിച്ച് മരണത്തോളം ക്രൂശിലെ മരണത്തോളം സ്വയം താഴ്ത്തിയത് ഞാൻ ഓർക്കും (ഫിലി. 2:8). അപ്പോൾ തുറന്നു കാട്ടപ്പെടുന്നതിന്റെ അപമാനം ഞാൻ



**(ശേഷം പേജ് 42 ൽ)**

# ‘നുറുക്ക’ത്തിന്റെ പ്രാധാന്യം



**നമ്മുടെ ജീവിതത്തിൽ ദൈവം ചെയ്യുന്ന പ്രവൃത്തികളുടെ ആത്യന്തികലക്ഷ്യം എന്താണ്? ഈ മൺപാത്രത്തെ തകർക്കുക, നമ്മുടെ വെൺകൽഭരണി ഉടയ്ക്കുക, നമ്മുടെ പുറന്തോടിനെ നുറുക്കുക. തനിക്കുള്ളവരിലൂടെ ഒരു വഴികണ്ടെത്തി ലോകത്തെ അനുഗ്രഹിക്കാനാണു ദൈവം ആഗ്രഹിക്കുന്നത്. നുറുങ്ങപ്പെടാത്ത ഒരുവന് മറ്റുള്ളവർക്ക് ഒരു അനുഗ്രഹമാകാൻ കഴിയുകയില്ല.**

വാച്ച്മാൻ നീ

**ദൈ**വത്തെ ആത്മാർത്ഥമായി സേവിക്കുവാൻ ഇറങ്ങിപ്പുറപ്പെടുന്ന ആരും അതിനുള്ള ഏറ്റവും വലിയ തടസ്സം മറ്റുള്ളവരല്ല താൻ തന്നെയാണെന്ന് ഉടനെയോ പിന്നീടോ കണ്ടെത്തും. തന്റെ ‘ആന്തരിക മനുഷ്യ’നും ‘ബാഹ്യമനുഷ്യ’നും തമ്മിൽ യോജിപ്പിലല്ലെന്നും അവർ വിപരീതദിശകളിലേക്കാണു പോകുന്നതെന്നും അവനു മനസ്സിലാകും. തന്റെ ‘ബാഹ്യമനുഷ്യ’ന് ആത്മാവിന്റെ നിയന്ത്രണത്തിനു കീഴ്പ്പെടാൻ താത്പര്യ

മില്ല. അതിന്റെ ഫലമായി ദൈവത്തിന്റെ ഉന്നതമായ കല്പനകൾ അനുസരിക്കുവാൻ തനിക്കു കഴിയുന്നില്ലെന്ന് അവൻ വേഗം തിരിച്ചറിയും. ഏറ്റവും വലിയ പ്രശ്നം തന്റെ 'ബാഹ്യമനുഷ്യ'നിലാണു കിടക്കുന്നതെന്നും തന്റെ ആത്മാവിനെ ഉപയോഗപ്പെടുത്തുന്നതിൽ നിന്നു അതാണു തന്നെ തടയുന്നതെന്നും അവൻ വളരെ വേഗം കണ്ടെത്തുന്നു.

പല ദൈവദാസന്മാർക്കും പ്രാഥമികമായ പ്രവർത്തനങ്ങൾ പോലും ചെയ്യാൻ കഴിയുന്നില്ല. തങ്ങളുടെ ആത്മാവിനെ പ്രവർത്തിപ്പിച്ച് ദൈവവചനം മനസ്സിലാക്കുക, മറ്റൊരാളുടെ ആത്മികനിലയെ തിരിച്ചറിയുക, ദൈവികസന്ദേശം അഭിഷേകത്തോടെ സംസാരിക്കുക, ദൈവികവെളിപ്പാടുകൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങളാണു സാധാരണനിലയിൽ അവർ ചെയ്യേണ്ടത്. പക്ഷേ അവരുടെ 'ബാഹ്യമനുഷ്യ' ന് അതിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയാത്തതു മൂലം അവരുടെ ആത്മാവിനു ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ല. അടിസ്ഥാനപരമായി അതിനുള്ള കാരണം അവരുടെ 'ബാഹ്യമനുഷ്യ'നെ ഒരിക്കലും വേണ്ടവിധം കൈകാര്യം ചെയ്തിട്ടില്ല എന്നതാണ്. ഇക്കാരണംകൊണ്ടുതന്നെ ഇവരുടെ ഉത്സാഹവും ഉണർവ്വും പ്രാർത്ഥനയും പ്രവർത്തനങ്ങളുമെല്ലാം ഒരുതരം സമയംപാഴാക്കലാണ്. വാസ്തവത്തിൽ അടിസ്ഥാനപരമായ ഒരേയൊരു ഇടപാടാണ് മനുഷ്യരെ ദൈവത്തിന്റെ മുൻപാകെ പ്രയോജനമുള്ളവരാക്കുന്നത്. അത് 'നുറുക്ക'മാണ്.

**'ആന്തരികമനുഷ്യ'നും 'ബാഹ്യമനുഷ്യ'നും**

ബൈബിൾ മനുഷ്യനെ രണ്ടു മനുഷ്യരായി തരംതിരിക്കുന്നതു ശ്രദ്ധിക്കുക:

"ആന്തരികമനുഷ്യനെക്കൊണ്ട് ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു" (ഇംഗ്ലീഷ് റോമർ 7:22). നമ്മുടെ ആന്തരികമനുഷ്യൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നവനാണ്. "…..അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെമനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും" (എഫേസ്യർ 3:16). പൗലൊസ് വീണ്ടും പറയുന്നു "ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചു പോകുന്നു എങ്കിലും ഞങ്ങളുടെ അകമേയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു" (2കൊരിന്ത്യർ 4:16)

നമ്മുടെ ആത്മാവിനെയാണ് 'ആന്തരികമനുഷ്യൻ' എന്നുവിളിക്കുന്നത്. അവിടെയാണ് ദൈവം നമ്മിലേക്കു വരുമ്പോൾ തന്റെ ആത്മാവിനാൽ ജീവനും ശക്തിയുമായി ഇറങ്ങിവന്നു വസിക്കുന്നത്. ഈ 'ആന്തരികമനുഷ്യ'നു പുറത്താണു ദേഹി. നമ്മുടെ ചിന്തകൾ, വികാരങ്ങൾ, ഇച്ഛ എന്നിവയെല്ലാം ഇവിടെയാണു പ്രവർത്തിക്കുന്നത്. അതിനും പുറത്ത്, ഏറ്റവും പുറമേയുള്ള മനുഷ്യനാണു നമ്മുടെ ഭൗതികശരീരം. ചുരുക്കത്തിൽ ആന്തരികമനുഷ്യനെ ആത്മാവെന്നും ബാഹ്യമനുഷ്യനെ ദേഹി

**തന്റെ ആന്തരികമനുഷ്യൻ മോചിപ്പിക്കപ്പെട്ട ഒരുവനുമാത്രമേ ദൈവത്തിനുവേണ്ടി ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയൂ. ബാഹ്യമനുഷ്യൻ തകർക്കപ്പെട്ട് അവനിലൂടെ ആന്തരികമനുഷ്യനു പുറത്തുവരുവാൻ കഴിയുന്നില്ല എന്നിടത്താണ് ഒരു ദൈവഭൃത്യന്റെ അടിസ്ഥാനപരമായ പ്രശ്നം കിടക്കുന്നത്. അതുകൊണ്ട് നമ്മുടെ ശുശ്രൂഷയുടെ ആദ്യത്തെ ബുദ്ധിമുട്ട് മറ്റുള്ളവരിലല്ല നമ്മിൽത്തന്നെയാണെന്ന് നാം ദൈവമുൻപാകെ അംഗീകരിക്കണം.**





യെന്നും ഏറ്റവും പുറത്തുള്ള മനുഷ്യനെ ദേഹമെന്നും വിളിക്കാം. നമ്മുടെ ആന്തരികമനുഷ്യൻ നമ്മുടെ ആത്മാവാണ്. അവിടെ വീണ്ടുംജനനത്തിൽ നമ്മുടെ ആത്മാവുമായി ദൈവത്തിന്റെ ആത്മാവ് ചേരുകയും അങ്ങനെ ദൈവം അവിടെ വസിക്കുകയും ചെയ്യുന്നു. നാം വസ്ത്രം ധരിക്കുന്നതുപോലെ നമ്മുടെ ആന്തരികമനുഷ്യൻ ബാഹ്യമനുഷ്യനെ 'ധരിക്കുന്നു' അതായത് ആത്മാവു ദേഹിയെ ധരിക്കുന്നു. അതുപോലെതന്നെ ആത്മാവും ദേഹിയും ജഡത്തെ 'ധരിക്കുന്നു'. മനുഷ്യർ പൊതുവേ ബാഹ്യമനുഷ്യനേയും ഏറ്റവും പുറത്തുള്ള മനുഷ്യനേയും മാത്രമേ തിരിച്ചറിയുന്നുള്ളൂ. അവർ തങ്ങളുടെ ആത്മാവിനെ മനസ്സിലാക്കുകയോ തിരിച്ചറിയുകയോ ചെയ്യാറില്ല.

തന്റെ ആന്തരികമനുഷ്യൻ മോചിപ്പിക്കപ്പെട്ട ഒരുവനുമാത്രമേ ദൈവത്തിനുവേണ്ടി ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയൂ. ബാഹ്യമനുഷ്യൻ തകർക്കപ്പെട്ട് അവനിലൂടെ ആന്തരികമനുഷ്യനു പുറത്തുവരുവാൻ കഴിയുന്നില്ല എന്നിടത്താണ് ഒരു ദൈവഭൃത്യന്റെ അടിസ്ഥാനപരമായ പ്രശ്നം കിടക്കുന്നത്. അതുകൊണ്ട് നമ്മുടെ ശുശ്രൂഷയുടെ ആദ്യത്തെ ബുദ്ധിമുട്ട് മറ്റുള്ളവരിലല്ല നമ്മിൽത്തന്നെയാണെന്ന് നാം ദൈവമുൻപാകെ അംഗീകരിക്കണം. നമ്മുടെ ആത്മാവ് ബാഹ്യമായ ഒരാവരണത്താൽ പൊതിയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അതിന് എളുപ്പത്തിൽ പുറത്തേക്കുവരുവാൻ കഴിയുന്നില്ല. നമ്മുടെ പുറത്തെ മനുഷ്യന്റെ തകർച്ചയിലൂടെ നമ്മുടെ അകത്തെ മനുഷ്യനെ പുറത്തേക്കു കൊണ്ടുവരുന്നതെങ്ങനെയെന്നു നാം പഠിച്ചിട്ടില്ലെങ്കിൽ നമുക്കു ശുശ്രൂഷിപ്പാൻ കഴിയുകയില്ല. നമ്മുടെ പുറത്തെ മനുഷ്യനെപ്പോലെ നമ്മെ തടയുന്ന മറ്റൊന്നില്ല. നമ്മുടെ ബാഹ്യമനുഷ്യൻ കർത്താവിനാൽ തകർക്കപ്പെട്ട് ആ തകർച്ചയിലൂടെ നമ്മുടെ ആന്തരികമനുഷ്യൻ പുറത്തേക്കു വരുന്നുവോ എന്നതിനെ ആശ്രയിച്ചു മാത്രമേ നമ്മുടെ ശുശ്രൂഷ ഫലപ്രദമാണോ അല്ലയോ എന്നു മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. ഇതാണ് അടിസ്ഥാനപരമായ പ്രശ്നം. നമ്മുടെ ആന്തരികമനുഷ്യനു പുറത്തേക്ക് ഒരു വഴി ഒരുക്കുവാനായി നമ്മുടെ ബാഹ്യമനുഷ്യനെ തകർക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. ആന്തരികമനുഷ്യൻ വിമോചിപ്പിക്കപ്പെടുമ്പോൾ ക്രിസ്ത്യാനികളും അവിശ്വാസികളും ഒരുപോലെ അനുഗ്രഹിക്കപ്പെടും.

**നുറുക്കത്തിന് അതിന്റേതായ മാർഗ്ഗമുണ്ട്.**

"കോതമ്പുമണി നിലത്തു വീണു ചാകുന്നില്ലെങ്കിൽ തനിയേ ഇരിക്കുന്നു. ചത്തുവെങ്കിലോ വളരെ വിളവുണ്ടാകുന്നു" എന്നു കർത്താവായ യേശു യോഹന്നാൻ 12 ൽ പറയുന്നു. കോതമ്പുമണിക്കുള്ളിലാണു ജീവൻ. പക്ഷേ പുറത്ത് ഒരു പുറന്തോടുണ്ട്, വളരെ കട്ടിയുള്ള ഒരു പുറന്തോട്. ഈ പുറന്തോട് പൊട്ടിയില്ലെങ്കിൽ കോതമ്പുമണിക്ക് വളരുവാൻ കഴിയുകയില്ല".

**കർത്താവിന്റെ ജീവൻ ഉള്ളിലുള്ള ജനത്തെ രണ്ടായിതിരിക്കാം.
ഒരു കൂട്ടരിൽ ഉള്ളിലുള്ള ജീവൻ പുറത്തുവരാനാകാതെ, തടവിലായി, പരിമിതപ്പെട്ടുകഴിയുന്നു.
മറ്റേക്കൂട്ടരിലാകട്ടെ കർത്താവ് ഒരു വഴിതുറക്കുകയും അവരിൽ നിന്നു ജീവൻ പുറത്തുവരികയും ചെയ്യുന്നു. ചുരുക്കത്തിൽ എങ്ങനെ ജീവൻ ലഭിക്കുമെന്നതല്ല, എങ്ങനെ ജീവനെ പുറത്തുവരാൻ അനുവദിക്കും എന്നതാണ് പ്രസക്തമായ ചോദ്യം.**

കോതമ്പുമണി നിലത്തുവീണു ചാകുന്നില്ലെങ്കിൽ....” എന്താണ് ഈ ചാകുക എന്നു പറയുന്നത്? അന്തരീക്ഷ ഊഷ്മാവ്, താപനില എന്നിവയെല്ലാം മണ്ണുമായി ചേർന്നു പ്രവർത്തിച്ച് ഇതിന്റെ ഫലമായെല്ലാം കോതമ്പുമണിയുടെ ആ പുറന്തോട് പൊട്ടിത്തകരുന്നതിനെയാണ് ‘ചാകുക’ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരിക്കൽ ഈ പുറന്തോട് പൊട്ടിത്തകർന്നാൽ പിന്നെ കോതമ്പു വളരുവാൻ തുടങ്ങും. അപ്പോൾ പ്രസക്തമായ ചോദ്യം അകമേ ഒരു ജീവനുണ്ടോ എന്നുള്ളതല്ല, മറിച്ച് പുറന്തോട് പൊട്ടിത്തകർന്നിട്ടുണ്ടോ എന്നതാണ്.

തിരുവെഴുത്ത് ഇങ്ങനെ തുടരുന്നു:“തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ നഷ്ടപ്പെടുത്തും. ഈ ലോകത്തിൽ തന്റെ ജീവനെ വെറുക്കുന്നവൻ നിത്യജീവനായി അതിനെ സൂക്ഷിക്കും”. പുറന്തോടെന്നു പറയുന്നതു നമ്മുടെ സ്വന്തജീവൻ (നമ്മുടെ ദേഹീജീവൻ) ആണെന്നാണ് കർത്താവ് ഇവിടെ വ്യക്തമാക്കുന്നത്. എന്നാൽ അവിടുന്നു നമുക്കു തന്ന ഉള്ളിലെ ജീവൻ എന്നു പറയുന്നത് നിത്യജീവനാണ്. ആന്തരികമായ ഈ ജീവൻ പുറത്തുവരാൻ അനുവദിക്കുമ്പോൾ ബാഹ്യജീവൻ നഷ്ടമാകുമെന്നതു വ്യക്തമാണല്ലോ. എന്നാൽ പുറത്തേത് തകരാതെ നിന്നാൽ ഉള്ളിലേതിന് ഒരിക്കലും വെളിയിൽ വരാൻ കഴിയുകയില്ല.

കർത്താവിന്റെ ജീവൻ ഉള്ളിലുള്ള ജനത്തെ രണ്ടുകൂട്ടരായിത്തിരിക്കാം. ഒരു കൂട്ടരിൽ ഉള്ളിലുള്ള ജീവൻ പുറത്തുവരാനാകാതെ, തടവിലായി, പരിമിതപ്പെട്ടുകഴിയുന്നു. മറ്റേക്കൂട്ടരിലാകട്ടെ കർത്താവ് ഒരു വഴിതുറക്കുകയും അവരിൽ നിന്നു ജീവൻ പുറത്തുവരികയും ചെയ്യുന്നു.

ചുരുക്കത്തിൽ എങ്ങനെ ജീവൻ ലഭിക്കുമെന്നതല്ല, എങ്ങനെ ജീവനെ പുറത്തുവരാൻ അനുവദിക്കും എന്നതാണ് പ്രസക്തമായ ചോദ്യം. നമ്മെ കർത്താവു തകർക്കേണ്ടതുണ്ടെന്നു നാം പറയുമ്പോൾ അത് ഒരു സംസാരരീതിയോ, ഒരു ഉപദേശമോ അല്ല. നാം കർത്താവിനാൽ നുറുക്കപ്പെടണം എന്നതു പരമപ്രധാനമാണ്. കർത്താവിന്റെ ജീവനു ഭൂമിയെ മുഴുവൻ മൂടുവാൻ കഴിയും എന്നതു വാസ്തവമാണ്. എന്നാൽ ആ ജീവനെ നമുക്ക് ഉള്ളിൽ തടവിൽ സൂക്ഷിക്കാനും കഴിയും. കർത്താവിനുസഭയെ അനുഗ്രഹിക്കാൻ കഴിയുകയില്ലെന്നല്ല. എന്നാൽ കർത്താവിന്റെ ജീവന് പുറത്തേക്ക് ഒഴുകാൻ കഴിയാതെ നമ്മിൽ തന്നെ പരിമിതപ്പെടുത്താനും സാധ്യമാണ്. പുറത്തേ മനുഷ്യൻ നുറുക്കപ്പെടാതെയിരുന്നാൽ നമുക്ക് അവിടുത്തെ സഭയ്ക്ക് ഒരനുഗ്രഹമായിരിക്കുവാൻ കഴിയുകയില്ല. നമ്മിലൂടെ തന്റെ വചനത്തെ ദൈവം അനുഗ്രഹിക്കമെന്നു നമുക്കു പ്രതീക്ഷിക്കാനുമാവുകയില്ല.

**കർത്താവിന്റെ ജീവനു ഭൂമിയെ മുഴുവൻ മൂടുവാൻ കഴിയും എന്നതു വാസ്തവമാണ്. എന്നാൽ ആ ജീവനെ നമുക്ക് ഉള്ളിൽ തടവിൽ സൂക്ഷിക്കാനും കഴിയും. കർത്താവിനുസഭയെ അനുഗ്രഹിക്കാൻ കഴിയുകയില്ലെന്നല്ല. എന്നാൽ കർത്താവിന്റെ ജീവന് പുറത്തേക്ക് ഒഴുകാൻ കഴിയാതെ നമ്മിൽ തന്നെ അതിനെ പരിമിതപ്പെടുത്താനും സാധ്യമാണ്. പുറത്തെ മനുഷ്യൻ നുറുങ്ങപ്പെടാതെയിരുന്നാൽ നമുക്ക് അവിടുത്തെ സഭയ്ക്ക് ഒരനുഗ്രഹമായിരിക്കുവാൻ കഴിയുകയില്ല.**

### വെൺകൽഭരണി നുറുക്കപ്പെടണം

‘നിർമലമായ സ്വച്ഛജടമാംസി തൈല’ത്തെക്കുറിച്ചു ബൈബിളിൽ പറയുന്നുണ്ട്. അത് ശരിക്കും ആത്മീയമായ കാര്യത്തെ സൂചിപ്പിക്കുന്നതാണെന്നു കാണിക്കാനാണ് ‘നിർമലമായ’ എന്ന വിശേഷണം തന്റെ വചനത്തിൽ ദൈവം ആ പരിമളതൈലത്തിനു നൽകിയിരിക്കുന്നത്. എന്നാൽ അതിരിക്കുന്ന ആ വെൺകൽഭരണി പൊട്ടിച്ചാൽ മാത്രമേ ആ സുഗന്ധതൈലത്തിനു പുറത്തേക്കൊഴുകാൻ കഴിയുകയുള്ളൂ. വിചിത്രമെന്നു പറയട്ടെ, ഇന്നു പലരും ഭരണിയെ ആ സ്വച്ഛജടാമാംസി തൈലത്തെക്കാൾ വിലയുള്ളതായി കാണുന്നതുകൊണ്ടാകണം അതിനെ കരുതലോടെ സൂക്ഷിക്കുന്നത്. ആന്തരികമനുഷ്യനെക്കാൾ വിലയുള്ളതാണു ബാഹ്യമനുഷ്യനെന്നു പലരും കരുതുന്നു. സഭയിലെ പ്രശ്നം ഇതാണ്. ഒരാൾ താൻ പ്രധാനപ്പെട്ട ആളാണെന്നു കരുതി തന്റെ സാമർത്ഥ്യത്തെ വിലയേറിയതായിക്കാണുന്നു. മറ്റുള്ളവർ തങ്ങളെത്തന്നെ വലുതായി കാണുന്നു. മറ്റുള്ളവരേക്കാൾ തങ്ങൾ ഭേദമാണെന്ന തോന്നൽ. തങ്ങളുടെ വാഗ്മിത്വം മറ്റുള്ളവരെ കവച്ചു വയ്ക്കുന്നതാണെന്ന ചിന്ത. തങ്ങളുടെ പെട്ടെന്നു പ്രതികരിക്കാനുള്ള കഴിവും വിവേചനശക്തിയും ഏറ്റവും ഉന്നതമാണെന്ന തോന്നൽ... അങ്ങനെയങ്ങനെ. എന്നാൽ ഒന്നോർക്കുക. നമ്മൾ വെൺകൽഭരണിയെ വിലമതിക്കുന്നവരോ പുരാതന പാത്രങ്ങൾ ശേഖരിക്കുന്നവരോ അല്ല. സ്വച്ഛജടാമാംസിതൈലത്തിന്റെ പരിമളം ആസ്വദിക്കുക മാത്രമാണു നമ്മുടെ ലക്ഷ്യം. പുറമേയുള്ളതു നുറുക്കപ്പെട്ടില്ലെങ്കിൽ ഉള്ളിലുള്ളതിനു പുറത്തുവരാൻ കഴിയുകയില്ല. അങ്ങനെയെങ്കിൽ വ്യക്തിപരമായി നമുക്കു പുറത്തേക്ക് ഒരൊഴുക്കില്ല. സഭയ്ക്കുപോലും പുറത്തേക്ക് ഒരു ജീവനുള്ള വഴി ലഭിച്ചെന്നു വരികയില്ല. എങ്കിൽ നാം എന്തിനാണു നമ്മെത്തന്നെ വിലയേറിയവരായി ഉയർത്തിപ്പിടിക്കുന്നത്? പരിമളംപുറത്തേക്കു വിടാത്ത പുറന്തോടിനെ സംരക്ഷിക്കുന്നതെന്തിനാണ്?

**കർത്താവ് നുറുക്കാനായി കരം ഉയർത്തുന്നതിനു മുൻപുതന്നെ പലരും ചഞ്ചലചിത്തരാകും. ദൈവം നമ്മുടെ നേരേ അയയ്ക്കുന്ന എല്ലാ അനുഭവങ്ങളും ക്ലേശങ്ങളും പരീക്ഷകളും നമ്മുടെ പരമോന്നതനന്മയ്ക്കുവേണ്ടിയാണെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദൈവം കൂടുതൽ മെച്ചപ്പെട്ട കാര്യങ്ങൾ നമുക്കുതരുമെന്നു പ്രതീക്ഷിക്കരുത്. കാരണം ഇപ്പോൾ തന്നിരിക്കുന്നതാണ് നമുക്ക് ഏറ്റവും ഉത്തമം.**

പരിശുദ്ധാത്മാവ് അതിന്റെ പ്രവൃത്തി അവസാനിപ്പിച്ചിട്ടില്ല. ഒരു സംഭവത്തിനുശേഷം മറ്റൊന്ന്. ഒരു കാര്യത്തിനുശേഷം മറ്റൊരു കാര്യം- ഇതെല്ലാമാണു നമ്മുടെ നേരേ വരുന്നത്. എന്നാൽ പരിശുദ്ധാത്മാവ് നമ്മിൽ നടത്തുന്ന ഒരോ ശിക്ഷണപ്രവൃത്തിയുടേയും പിന്നിൽ ഒരേയൊരു ലക്ഷ്യമാണുള്ളത്:നമ്മുടെ ബാഹ്യമനുഷ്യനെ നുറുക്കി അങ്ങനെ നമ്മുടെ ആന്തരികമനുഷ്യനു പറത്തുവരുവാൻ സാഹചര്യം ഒരുക്കുക. എന്നാൽ ഇവിടെയാണു നമ്മുടെ പ്രയാസങ്ങൾ: നമ്മൾ നിസ്സാരകാര്യങ്ങളെ മുറുകെപ്പിടിക്കുന്നു. കൊച്ചുനഷ്ടങ്ങളുടെ മുൻപിൽ മുറുമുറുക്കുന്നു. നമ്മെ ഉപയോഗിക്കാനായി സത്യത്തിൽ ദൈവം ഒരു വഴിയൊരുക്കുകയാണ്. എന്നാൽ അവിടുത്തെ കരങ്ങൾ നമ്മെ സ്പർശിക്കുമ്പോൾ നാം അസന്തുഷ്ടരാകുന്നു. ദൈവത്തോടു വഴക്കടിക്കുകയും നിഷേധമനോഭാവം പുലർത്തുകയും ചെയ്യുന്ന തലം വരേയും നാം പോയേക്കാം. രക്ഷിക്കപ്പെട്ട സമയം മുതൽ പല രീതിയിൽ പലവട്ടം കർത്താവു നമ്മോട് ഇടപെട്ടിട്ടുണ്ട്. എല്ലാറ്റിനും ഒരേയൊരു ലക്ഷ്യം

*(ശേഷം പേജ് 13 ൽ)*

## മൂകസന്ദേശം-4

# കസ്തൂരിക്കാളകളുടെ ദൈവം

സന്ദീപ് പുന്നൻ



**ചെന്നായ്ക്കളോ മറ്റു ശത്രുക്കളോ ആക്രമിക്കുമ്പോൾ മുതിർന്നകസ്തൂരിക്കാളകൾ ഒരു സംരക്ഷണവലയം തീർക്കുകയും കുട്ടികൾ ആ വലയത്തിനുള്ളിൽ അഭയം തേടുകയും ചെയ്യുന്നു.**

പ്രാർത്ഥനയുടെ രഹസ്യത്തെക്കുറിച്ച് ഞാൻ പലപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട്. എങ്ങനെ പ്രാർത്ഥിക്കണം, എന്തു പ്രാർത്ഥിക്കണം, എപ്പോഴൊക്കെ പ്രാർത്ഥിക്കണം തുടങ്ങി പ്രാർത്ഥന എന്ന ആശയത്തെപ്പറ്റിപ്പോലും ഞാൻ ആശ്ചര്യപ്പെടാറുണ്ട്.പ്രാർത്ഥനയുടെ മർമ്മത്തെപ്പറ്റി ചിന്തിച്ച് ഞാൻ വളരെയധികം സമയം ചെലവഴിച്ചിട്ടുണ്ട് (തിരിഞ്ഞുനോക്കുമ്പോൾ അത്രയും സമയം പ്രാർത്ഥിക്കാനായി ചെലവഴിക്കുകയായിരുന്നു നല്ലതെന്ന് തോന്നുന്നു!) ഇങ്ങനെയൊക്കെ ആണെങ്കിലും പ്രാർത്ഥന ഇപ്പോഴും എനിക്ക് ഒരു നിഗൂഢവിഷയമായിത്തുടരുന്നു. വളരെ കാര്യങ്ങൾ ചിന്തിച്ചതിന്റെ ഫലമായി പ്രാർത്ഥനയുടെ പ്രാധാന്യം എനിക്ക് ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു സമവാക്യം കൊണ്ടോ ഒരു കൂട്ടം ആത്മീയനിയമങ്ങൾകൊണ്ടോ വിശദീകരിക്കാൻ കഴിയുന്ന ഒരു ശാസ്ത്രശാഖയല്ല പ്രാർത്ഥന എന്നതിൽ ഞാൻ സന്തുഷ്ടനാണ്.

ദൈവത്തിനുവേണ്ടിയുള്ള ഒരുമതപരമായ ചടങ്ങ് എന്നതിനേക്കാൾ ദൈവവുമായുള്ള ഒരു ആത്മബന്ധമായി എന്റെ ക്രിസ്തീയതയെ കാണാൻ കഴിഞ്ഞപ്പോൾ പ്രാർത്ഥന ഒരു രഹസ്യമായിരിക്കുന്നതിന്റെ കാരണം



വ്യക്തമായി. എല്ലാ ആത്മബന്ധങ്ങളിലും ഗാഢമായ സൗഹൃദത്തിലും അദൃശ്യമെങ്കിലും ശക്തമായ ഒരു കണ്ണി ഉള്ളതുപോലെ, പ്രാർത്ഥന ദൈവിക സംസർഗത്തിന്റെ അദൃശ്യകണ്ണിയത്രേ. ക്രിസ്തുവുമായുള്ള എന്റെ ആഴമായ കൂട്ടായ്മയുടെയും സ്നേഹബന്ധത്തിന്റെയും പ്രേരകശക്തിയാണ് പ്രാർത്ഥന. പ്രാർത്ഥന എത്ര നിർണ്ണായകമാണെന്ന് നമുക്കറിയാം. യേശു പ്രാർത്ഥനയിൽ ദീർഘസമയം- ചിലപ്പോൾ മുഴുരാത്രികൾ – ചെലവഴിച്ചതായി നാം വായിക്കുന്നു. ദൈവഭക്തരുടെ സുദീർഘമായ പ്രാർത്ഥനാജീവിതത്തെപ്പറ്റി നാം വായിച്ചോ നേരിട്ടോ അറിഞ്ഞിട്ടുണ്ട്. എങ്കിലും നമ്മിൽ മിക്കവരും സമ്മതിക്കുന്ന ഒന്നുണ്ട് – പ്രാർത്ഥനയ്ക്കായി സമയം എടുക്കുന്നത് ക്ലേശകരമായ ഒരു കാര്യമാണ്. നാം പ്രാർത്ഥിക്കാൻ ഒരുമ്പെടുമ്പോൾ എന്താണ് പ്രാർത്ഥിക്കേണ്ടത് എന്നറിയാതെ വിഷമിക്കുക, തികഞ്ഞ വിരസത അനുഭവപ്പെടുക, ഉറക്കം ബുദ്ധിമുട്ടിക്കുക തുടങ്ങിയവ അനുഭവപ്പെട്ടിട്ടില്ലേ? കൂടുതൽ സമയം, കൂടെക്കൂടെ പ്രാർത്ഥിക്കണം എന്ന് നമുക്ക് താത്പര്യം ഉണ്ടെങ്കിലും പ്രാർത്ഥന സ്വാഭാവികമായി വരുന്ന കാര്യമല്ല എന്നാണ് നമ്മുടെ കണ്ടെത്തൽ.

വർഷങ്ങളുടെ പരിശ്രമത്തിനുശേഷവും പ്രാർത്ഥന ഇന്നും എനിക്ക് സ്നേഹത്തിന്റെ ‘അദ്ധ്വാനം’തന്നെയാണ്. മിക്കപ്പോഴും എന്റെ പ്രാർത്ഥനാജീവിതം ഒരിത്തിരി ആത്മപ്രചോദനവും ബാക്കി മുഴുവൻ വിയർപ്പൊഴുക്കലുമത്രേ! അതിനാൽ കൂടുതൽ സ്വാഭാവികമായി പ്രാർത്ഥിക്കാൻ കഴിയേണ്ടതിന് പുതിയ ആത്മീയപ്രചോദനങ്ങൾക്കായി ഞാൻ ദൈവത്തോട് ചോദിക്കാറുണ്ട്. ഇംഗ്ലീഷ് ‘മെസ്സേജ്’ ബൈബിളിൽ മുപ്പത്തിനാലാം സങ്കീർത്തനം ഏഴാം വാക്യം വായിച്ചപ്പോൾ ഇത്തരത്തിൽ ഒരു പുത്തൻ ഉത്സാഹം എനിക്ക് കിട്ടി. ആ വാക്യത്തിന്റെ പരാവർത്തനം ഇങ്ങനെയാണ്: “നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ ദൂതൻ നമുക്ക്ചുറ്റും ഒരു സംരക്ഷണവലയം തീർക്കുന്നു”. ഈ വാക്യം വായിച്ചപ്പോൾ തന്റെ ഭക്തന്മാരുടെ പ്രാർത്ഥനാജീവിതം പച്ചപിടിച്ചു വളരാൻ ദൈവം ചെയ്യുന്ന പ്രവൃത്തിയുടെ ഒരു മനോഹരചിത്രം എനിക്ക് ലഭിച്ചു. നാഷനൽ ജ്യോഗ്രഫിക് മാസികയിൽ ഞാൻ വായിച്ച ‘കസ്തൂരിക്കാള’കളെക്കുറിച്ചുള്ള ലേഖനം ദൈവത്തിന്റെ സംരക്ഷണവലയത്തെക്കുറിച്ചുള്ള മനോഹരമായ ഒരു ഭാവനാചിത്രം എനിക്ക് നൽകി.

കസ്തൂരിക്കാളകൾ പൊതുവേ കാളകളുടെ വലിപ്പം ഉള്ളവയെങ്കിലും ചെമ്മരിയാടുകളോട് കൂടുതൽ സാമ്യമുള്ളവയാണ്. പ്രായപൂർത്തിയായ ഒരു കസ്തൂരിക്കാളയ്ക്ക് ആറടിപൊക്കവും 450 കിലോഗ്രാം ഭാരവും ഉണ്ടായിരിക്കും. തണുത്തുറഞ്ഞ ഉത്തരധ്രുവ പ്രദേശങ്ങളിൽ മാത്രം കാണപ്പെടുന്ന ഇവ ശത്രുക്കൾക്കെതിരേ സ്വയരക്ഷ നേടുന്നവിധമാണ് എന്നെ അധികം ആകർഷിച്ചത് . ചെന്നായ്ക്കളോ മറ്റു ശത്രുക്കളോ ആക്രമിക്കുമ്പോൾ മുതിർന്ന കസ്തൂരിക്കാളകൾ ഒരു സംരക്ഷണവലയം തീർക്കുകയും കുട്ടികൾ ആ വലയത്തിനുള്ളിൽ അഭയം തേടുകയും ചെയ്യുന്നു. മുതിർന്ന മൃഗങ്ങൾ ശത്രുവിനെ അഭിമുഖീകരിച്ച് നിൽക്കുകയും അടുത്തുവന്നാൽ കൊമ്പുകൾ കൊണ്ട് ചെറുത്തുനിന്ന് കുട്ടികളെ സംരക്ഷിക്കുകയും ചെയ്യും ലേശം പോലും ഭയമില്ലാതെ തോളോടുതോൾ ചേർന്നുനിന്ന് ശത്രുവിനെ തുറിച്ചുനോക്കുന്ന വലിപ്പമുള്ള ഈ മൃഗങ്ങളെ ഞാൻ മനോമുകുരത്തിൽ കാണുമ്പോഴൊക്കെയും ലേശം ഭയം തോന്നാറുണ്ട്!

യഹോവയുടെ ദൂതൻ ഭക്തന്മാർ പ്രാർത്ഥിക്കുമ്പോൾ അവർക്കുചുറ്റും ഒരു സംരക്ഷണവലയം തീർക്കുന്നു

എന്നുവായിക്കുമ്പോൾ കസ്തൂരിക്കാളകൾ അവരുടെ കുട്ടികൾക്കായി സംരക്ഷണവലയം തീർക്കുന്ന ചിത്രമാണ് ഞാൻ ഭാവനയിൽക്കാണുക. ഞാൻ പ്രാർത്ഥനയ്ക്കായി മുഴങ്കാലിൽനിൽക്കുമ്പോൾ കർത്താവിന്റെ ദൂതൻ ഇതേപ്രവൃത്തി ചെയ്യുന്നു. കസ്തൂരിക്കാളക്കിടാങ്ങളെപ്പോലെ എനിക്ക് സ്വന്തശക്തിയാൽ സാത്താനും അവന്റെ സൈന്യത്തിനും നേരേ നിൽപ്പാൻ കെൽപ്പില്ല എങ്കിലും ഭയപ്പെടേണ്ട ആവശ്യമില്ല. മനുഷ്യന്റെ സൃഷ്ടിക്കു മുമ്പേ പിശാച് ഉണ്ടായിരുന്നതിനാൽ ആദമിന്റെയും ഹവ്വയുടേയും കാലം മുതൽ മനുഷ്യവർഗ്ഗത്തെ നോട്ടമിട്ടിരിക്കുന്ന അവന്റെ തന്ത്രം നമ്മുടെ പ്രാർത്ഥനയോടുള്ള ബന്ധത്തിലാണ് കൂടുതൽ പ്രകടമാകുന്നത്. പ്രാർത്ഥനയിലൂടെ ദൈവവുമായി ഗാഢമായ ആത്മബന്ധം ഉണ്ടാകും എന്ന് പിശാചിനറിയാം . യേശുവുമായുള്ള സ്നേഹബന്ധം ശക്തിപ്പെടുന്ന പ്രാർത്ഥനാവേളകളെ ആക്രമിക്കാൻ പിശാച് ലക്ഷ്യം വയ്ക്കുന്നു

എന്നാൽ ഞാൻ പ്രാർത്ഥനയിൽ ദൈവത്തോട് സംസാരിക്കുവാൻ ഒരുങ്ങുമ്പോൾ ദൈവം തന്നോടൊപ്പമുള്ള എന്റെ വിലയേറിയ ഈ സമയം സംരക്ഷിക്കാൻ തന്റെ ദൂതനെ അയക്കുന്നു. പ്രാർത്ഥനയ്ക്കായി മുഴങ്കാൽ മടക്കുമ്പോൾ ദൂതന്മാരുടെ സാമീപ്യം ഉണ്ടെന്ന കാര്യം ഞാൻ മുമ്പേ അറിഞ്ഞിരുന്നില്ല. ഞാൻ പ്രാർത്ഥിക്കുമ്പോൾ ദൈവം ശ്രദ്ധിക്കുന്നതു തന്നെ വലിയകാര്യം. എന്നാൽ ദൈവം കേവലം എന്റെ വാക്കുകൾക്ക് ചെവിതരിക മാത്രമല്ല എന്റെ ചുറ്റും തന്റെ ദൂതൻമാരെ അയച്ച് ഒരു സംരക്ഷണവലയം തീർക്കുകകൂടി ചെയ്യുന്നു. മുതിർന്ന കസ്തൂരിക്കാളകൾ ചെറിയവയെ ശത്രുക്കളിൽനിന്ന് സംരക്ഷിക്കുന്നതുപോലെ യഹോവയുടെ ദൂതൻ ശത്രുവായ പിശാച് എന്നെ വിഴുങ്ങി

**യഹോവയുടെ ദൂതൻ ഭക്തന്മാർ പ്രാർത്ഥിക്കുമ്പോൾ അവർക്കു ചുറ്റും ഒരു സംരക്ഷണവലയം തീർക്കുന്നു എന്ന് വായിക്കുമ്പോൾ കസ്തൂരിക്കാളകൾ അവരുടെ കുട്ടികൾക്കായി സംരക്ഷണവലയം തീർക്കുന്ന ചിത്രമാണ് ഞാൻ ഭാവനയിൽ കാണുക. ഞാൻ പ്രാർത്ഥനയ്ക്കായി മുഴങ്കാലിൽനിൽക്കുമ്പോൾ കർത്താവിന്റെ ദൂതൻ ഇതേ പ്രവൃത്തി ചെയ്യുന്നു.**

ക്കളയാതെ എനിക്കുവേണ്ടി നിലകൊള്ളുന്നു.

ഞാൻ ദൈവത്തോടുകൂടി പ്രാർത്ഥനയിൽ ചെലവഴിക്കുന്ന സമയം ദൈവത്തിന് ഏറ്റവും വിലപ്പെട്ടതാണ്.

ഞാൻ എന്റെ ഭാവനയിൽ കാണുന്ന ഈ ചിത്രം വ്യക്തമാക്കുന്നതിൽ വിജയിച്ചോ എന്നറിഞ്ഞുകൂടാ. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം പ്രാർത്ഥിക്കാൻ വലിയ ഉത്സാഹം തരുന്ന ഒരു ചിത്രമാണിത്. നമുക്ക് ഈ ചിത്രം മറക്കാതിരിക്കാം . കസ്തൂരിക്കാളകൾ കുട്ടികളെ സംരക്ഷിക്കുന്നതുപോലെ യഹോവയുടെ ദൂതൻ പ്രാർത്ഥനാവേളകളിൽ നമ്മെ സംരക്ഷിക്കുന്നു എന്ന തിരിച്ചറിവോടെ നമുക്ക് പ്രാർത്ഥിക്കാം. ഈ ചിന്ത നമ്മെ കൂടുതൽ പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കട്ടെ. പ്രാർത്ഥന നമ്മെ മാത്രം ബാധിക്കുന്ന കാര്യമല്ല; ദൈവത്തിനും നമ്മുടെ പ്രാർത്ഥന വിലപ്പെട്ടതാണ്. തന്റെ ഭക്തന്മാരുടെ പ്രാർത്ഥനാവേളകൾക്കായി ദൈവം കാത്തിരിക്കുന്നു എന്നതാണ് സത്യം.

നമ്മുടെ ദൈവം എത്ര അത്ഭുതവാൻ! കസ്തൂരിക്കാളകളുടെ സ്രഷ്ടാവിനോടാണ് നാം പ്രാർത്ഥനയിൽ സംസാരിക്കുന്നത്!!





# നുറുക്കത്തിന്റെ പ്രാധാന്യം *പേജ് 9 ൽ നിന്ന്*

മാത്രം: നമ്മുടെ ബാഹ്യമനുഷ്യനെ നുറുക്കുക. നമ്മൾ ഇതേപ്പറ്റി ബോധവാന്മാരായാലും ഇല്ലെങ്കിലും ദൈവത്തിന് ഒരു ഉദ്ദേശ്യമേയുള്ളൂ-നമ്മുടെ പുറത്തേ മനുഷ്യനെ തകർക്കുക.

നിക്ഷേപം മൺപാത്രത്തിലാണ്. പക്ഷേ മൺപാത്രം നുറുക്കപ്പെട്ടില്ലെങ്കിൽ അതിനുള്ളിലെ നിക്ഷേപം ആർക്കുകാണ്മാൻ കഴിയും? നമ്മുടെ ജീവിതത്തിൽ ദൈവം ചെയ്യുന്ന പ്രവൃത്തികളുടെ ആത്യന്തികലക്ഷ്യം എന്താണ്? ഈ മൺപാത്രത്തെ തകർക്കുക, നമ്മുടെ വെൺകൽഭരണി ഉടയ്ക്കുക, നമ്മുടെ പുറന്തോടിനെ നുറുക്കുക. തനിക്കുള്ളവരിലൂടെ ഒരു വഴി കണ്ടെത്തി ലോകത്തെ അനുഗ്രഹിക്കാനാണു ദൈവം ആഗ്രഹിക്കുന്നത്. നുറുക്കമാണ് അനുഗ്രഹത്തിലേക്കുള്ള പാത. പരിമളത്തിലേക്കുള്ള വഴി. ഫലപ്രാപ്തിയിലേക്കുള്ള മാർഗ്ഗം. അതേസമയം അതു രക്തം തുള്ളിതുള്ളിയായി വീണു കിടക്കുന്ന ഒരു പാതയുമാണ്. അതേ പല മുറിവുകളിൽ നിന്നുള്ള രക്തമാണത്. തന്റെ ശുശ്രൂഷയ്ക്കായി നാം നമ്മെത്തന്നെ സമർപ്പിച്ചുകഴിയുമ്പോൾ പിന്നെ നമുക്കു നമ്മോടു ദാക്ഷിണ്യം കാണിക്കാൻ കഴിയുകയില്ല. നമ്മെ ഒഴിവാക്കാനും നമുക്കാവില്ല. പുറത്തേക്കുള്ള പ്രവൃത്തിക്കായി കർത്താവിന് ഒരു വഴി കണ്ടെത്താനായി നമ്മുടെ ബാഹ്യമനുഷ്യനെ പൂർണമായി തകർക്കാൻ നാം കർത്താവിനെ അനുവദിക്കണം.

കർത്താവിനു നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ആഗ്രഹമെന്താണെന്ന് നാം ഓരോരുത്തരും കണ്ടെത്തണം. എന്നാൽ തങ്ങളുടെ ജീവിതം സംബന്ധിച്ച കർത്താവിന്റെ മനസ്സും താത്പര്യവും പലർക്കും അറിഞ്ഞുകൂടാ എന്നത് വളരെ ദുഃഖകരമായ കാര്യമാണ്. തങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം പ്രത്യേകലക്ഷ്യത്തോടെയും അർത്ഥത്തോടെയു മാണെന്നു മനസ്സിലാകത്തക്കവണ്ണം കർത്താവ് അവരുടെ കണ്ണുതുറക്കേണ്ടത് എത്രയോ ആവശ്യമാണ്! ദൈവം ഒരു കൊച്ചുകാര്യംപോലും വെറുതേ ചെയ്യുന്നില്ല. അവിടുത്തെ ഉദ്ദേശ്യം വ്യക്തമായി മനസ്സിലാകണമെങ്കിൽ ദൈവം ഒരേയൊരു കാര്യമാണ് ഉന്നംവച്ചിരിക്കുന്നതെന്നു തിരിച്ചറിയണം. ബാഹ്യമനുഷ്യന്റെ തകർച്ച അല്ലെങ്കിൽ നുറുക്കമാണത്.

എന്നാൽ കർത്താവ് നുറുക്കാനായി കരം ഉയർത്തുന്നതിനു മുൻപുതന്നെ പലരും ചഞ്ചലചിത്തരാകും. ദൈവം നമ്മുടെ നേരേ അയയ്ക്കുന്ന എല്ലാ അനുഭവങ്ങളും ക്ലേശങ്ങളും പരീക്ഷകളും നമ്മുടെ പരമോന്നതനന്മയ്ക്കുവേണ്ടിയാണെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദൈവം കൂടുതൽ മെച്ചപ്പെട്ട കാര്യങ്ങൾ നമുക്കുതരുമെന്നു പ്രതീക്ഷിക്കരുത്. കാരണം, ഇപ്പോൾ തന്നിരിക്കുന്നതാണ് നമുക്ക് ഏറ്റവും ഉത്തമം. ഒരുവൻ ദൈവത്തോട് "ദൈവമേ, ഏറ്റവും നല്ലതു ഞാൻ തന്നെ തെരഞ്ഞെടുക്കട്ടെ' എന്നപേക്ഷിച്ചാൽ ദൈവം അവനോട് ഇങ്ങനെ പറയുമെന്നാണു ഞാൻ വിശ്വസിക്കുന്നത്: "ഞാൻ നിനക്കു തന്നതാണ് സർവോത്തമം. നിന്റെ ദൈനംദിനപരീക്ഷകൾ നിന്റെ ഏറ്റവും നല്ല പ്രയോജനത്തിനു വേണ്ടിയാണ്". അതുകൊണ്ട് ദൈവത്തിന്റെ എല്ലാ ഇടപാടുകളുടേയും പിന്നിലുള്ള ആഗ്രഹം നമ്മുടെ ബാഹ്യമനുഷ്യനെ തകർക്കുക എന്നതാണ്. ഒരിക്കൽ ഇതു സംഭവിച്ചാൽ, ആത്മാവിനുപുറത്തേക്കു വരാൻ കഴിഞ്ഞാൽ, നാം ആത്മാവിനെ പ്രയോജനകരമായി പ്രവർത്തിപ്പിക്കുവാൻ തുടങ്ങും. (തുടരും).

# മൊറേവിയൻ മിഷനറിമാർ

"അവൻ നമുക്കുവേണ്ടി സ്വജീവൻ അർപ്പിച്ചിരിക്കുന്നതിനാൽ സ്നേഹം എന്തെന്നു നാം മനസ്സിലാക്കുന്നു. നാമും സഹോദരൻമാർക്കുവേണ്ടി ജീവൻ അർപ്പിക്കേണ്ടതാണ് " (1യോഹന്നാൻ 3;16).

ഒരു നൂറ്റാണ്ടുകാലത്തെ രഹസ്യവാസത്തിനു ശേഷം 1722-ൽ മൊറേവിയൻ മലമ്പ്രദേശത്ത് പാർത്തിരുന്ന പ്രോട്ടസ്റ്റന്റ് വിശ്വാസികൾക്ക് സ്വാതന്ത്ര്യം കിട്ടി. ജർമ്മനിയിലെ പ്രഭുവായിരുന്ന സിൻസെൻഡോർഫിന്റെ അധീനതയിലുണ്ടായിരുന്ന ഭൂമി അവർക്ക് ഭവനങ്ങൾ പണിയാനും കൃഷി ചെയ്യാനുമായി നല്കപ്പെട്ടു. സ്വാതന്ത്ര്യത്തിന്റെ സന്തോഷം ഉള്ളിൽ നിറഞ്ഞുനിന്ന അവരുടെ ക്രിസ്തീയ കൂട്ടായ്മയിൽ ആദ്യം കടന്നുവന്ന ചിന്ത അവരെപ്പോലെ സ്വാതന്ത്ര്യം ഇല്ലാത്ത മറ്റുള്ളവരെ എങ്ങനെ സഹായിക്കാം എന്നതായിരുന്നു. അതിനുമുമ്പ് മിഷനറി വേല പ്രോട്ടസ്റ്റന്റുകാർക്ക് അന്യമായിരുന്നു. നിർഭാഗ്യവാൻമാരായ അവരുടെ സഹോദരങ്ങളുടെ അടുത്തേക്ക് സുവിശേഷസന്ദേശവുമായി കടന്നുപോകുന്ന കാര്യം അവരെ ആവേശംകൊള്ളിച്ചു. 1728-ൽ കുറേ ചെറുപ്പക്കാർ മിഷനറി വേലയ്ക്കായി സ്വയം സമർപ്പിക്കയും വൈദ്യശാസ്ത്രം , ഭൂമിശാസ്ത്രം, വിദേശഭാഷകൾ എന്നിവയുടെ പഠനത്തിലൂടെ ഈ ദൗത്യത്തിനായി തയ്യാറെടുക്കുകയും ചെയ്തു.

**അടിമകളുടെ ലോകത്തേക്ക് രണ്ട് മിഷനറിമാർ**


1731-ൽ വിർജിൻ ദ്വീപസമൂഹത്തിൽ അടിമയായിരുന്ന ഒരു കറുത്ത വർഗ്ഗക്കാരൻ രക്ഷപെട്ട് മൊറേവിയൻ സമൂഹത്തിലെത്തി. ദ്വീപസമൂഹത്തിൽ ശേഷിച്ച അടിമകൾക്ക് എങ്ങനെയെങ്കിലും സഹായം എത്തിക്കണം എന്ന ഏക ആഗ്രഹം മാത്രമേ അയാൾക്ക് ഉണ്ടായിരുന്നുള്ളൂ. പുറംലോകത്തുള്ളവരെ സംബന്ധിച്ചിടത്തോളം അടിമത്തം എന്നുകേട്ടാൽ എന്താണ് ചിന്തയിൽ വരുന്നത്? അനേകവിധം അടിമത്തം അക്കാലത്ത് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിലനിന്നിരുന്നു. അമേരിക്കൻ കോളനികളിൽ വേലചെയ്യാൻ കഴിയാത്ത വേലക്കാർക്കു പകരം അടിമകളെ വിലയ്ക്കു വാങ്ങിയിരുന്നു. പണിയെടുക്കുന്ന മനുഷ്യരായി അവർക്ക് പരിഗണന കിട്ടിയിരുന്നു. ഇംഗ്ലണ്ടിൽ അടിമകളെ ഇറക്കുമതി ചെയ്യുന്നതിന് ഭീമമായ സാമ്പത്തികബാദ്ധ്യത ഉണ്ടായപ്പോൾ അടിമകളെ ഇറക്കുമതി ചെയ്യുന്നതിന് നിയന്ത്രണങ്ങൾ കൊണ്ടുവന്നു. വെസ്ററ് ഇൻഡീസിലെ തോട്ടം ഉടമകൾ പണിയെടുക്കുന്ന അടിമകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഏറ്റവും നല്ല മാർഗ്ഗം സന്താനവർദ്ധനവാണെന്ന് മനസ്സിലാക്കി അതിന് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കി. എന്നാൽ വിർജിൻ ദ്വീപുകളിൽ അടിമകളുടെ ജീവിതസാഹചര്യങ്ങൾ തികച്ചും പരിതാപകരമായിരുന്നു. അവിടെനിന്നും രക്ഷപെട്ട കറുത്ത വർഗ്ഗക്കാരൻ മൊറേവിയൻ വിശ്വാസികളോട് അടിമകൾക്ക് ഏതെങ്കിലും വിധത്തിൽ ആശ്വാസം നൽകാൻ കേണു പറഞ്ഞു.





ജോൺ ലിയൊണാർഡ് ഡോബർ, ഡേവിഡ് നിച്ച്മാൻ എന്നീപേരുകൾ മിക്കവർക്കും അജ്ഞാതമാണ്. ജോൺ മൺപാത്രങ്ങൾ നിർമ്മിക്കുന്ന കുശവനായിരുന്നെങ്കിൽ ഡേവിഡ് മരപ്പണിക്കാരനായിരുന്നു. തികച്ചും സാധാരണ തൊഴിലുകൾ ചെയ്തിരുന്നവരെങ്കിലും ഇവർ അസാധാരണമനുഷ്യരായിരുന്നു. ജർമനിയിലെ ഹേൺഹട്ട് എന്ന സ്ഥലത്ത് പാർത്തിരുന്ന ജോണും ഡേവിഡും അവരുടെ കുടുംബങ്ങളുടേയും തൊഴിലുകളുടെയും സുരക്ഷിതത്വം ഉപേക്ഷിച്ച് 1732 ൽ ആദ്യത്തെ മൊറേവിയൻ മിഷനറിമാരായി. 'ക്രിസ്തുവിനായി സ്വയം വിറ്റവർ' എന്ന വിശേഷണം അന്വർത്ഥമാക്കിക്കൊണ്ട് "കടന്നുവന്ന് ഞങ്ങളുമായി സുവിശേഷം പങ്കുവയ്ക്കൂ" എന്ന ആഹ്വാനം ഉൾക്കൊണ്ട് ഇവർ തങ്ങളെത്തന്നെ അടിമകളായി വിറ്റു കളഞ്ഞു. അവർ കർത്താവിനായി വെസ്റ്റ് ഇൻഡീസിലെ അടിമകളെ നേടുവാൻ സ്വയം അടിമകളായിത്തീരുകയായിരുന്നു. തങ്ങൾക്കുവേണ്ടിയും മുഴുലോകത്തിനായും സ്വന്തജീവൻ നൽകിയ ദൈവത്തിന്റെ കുഞ്ഞാടിനെ അനുഗമിക്കുക എന്നതായിരുന്നു അവരുടെ ജീവിതലക്ഷ്യം. "നമ്മുടെ കുഞ്ഞാട് ജയാളിയാകയാൽ അവനെ അനുഗമിക്കാം" ഇതായിരുന്നു അവരുടെ മിഷനറി മുദ്രാവാക്യം.

കപ്പലിൽ അവർ യാത്രപുറപ്പെടും മുമ്പ് അവരിൽ ഒരാളുടെ ഭാര്യയും കുഞ്ഞുങ്ങളും കരയിൽ നിന്നുകൊണ്ട് 'പോകരുതേ' എന്ന് കരഞ്ഞുകൊണ്ട് പറയുന്നുണ്ടായിരുന്നു. സ്വന്തം കുടുംബത്തിന്റെ സ്നേഹസമ്മർദ്ദത്തെക്കാൾ



**സിൻസെൻഡോർഫ്: മൊറേവിയൻ മുന്നേറ്റത്തിന്റെ ജനയിതാവ്**

ശക്തമായിരുന്നു വെസ്റ്റ് ഇൻഡീസിലെ അടിമകൾക്കുവേണ്ടിയുള്ള ദൈവവിളിയുടെ ശക്തി. കപ്പൽ തുറമുഖത്തുനിന്ന് മെല്ലെമെല്ലെ നീങ്ങിയപ്പോൾ ഈ ധീരരായ മിഷനറിമാരുടെ കണ്ഠങ്ങളിൽ നിന്നുയർന്ന ഹൃദയഭേദകമായ നിലവിളി ഇതായിരുന്നു: "അറുക്കപ്പെട്ട കുഞ്ഞാടിന് തന്റെ കഷ്ടതയുടെ പ്രതിഫലം ലഭിക്കട്ടെ" മൊറേവിയൻ മിഷനറിമുന്നേറ്റത്തിന്റെ ശക്തിയോടെ മുഴങ്ങിയ ഹൃദയത്തുടിപ്പായി മാറി ഈ വാക്കുകൾ! രക്ഷകന്റെ മഹാത്യാഗവുമായി തുലനം ചെയ്യുമ്പോൾ അവരുടെ ത്യാഗം നിസ്സാരമായി അവർ കണ്ടു. അവർ മുഴുജീവിതം കൊണ്ടും ഹൃദയംകൊണ്ടും യേശുവിനെ സ്നേഹിച്ചു. അവരെ വിളിച്ച ദൈവം തന്നേ ഈ മഹാദൗത്യത്തിനുവേണ്ട ധൈര്യവും, കൃപയും, അഭിഷേകവും നൽകും എന്ന ഉറപ്പോടെ പൂർണഅനുസരണത്തിൽ നടക്കാൻ അവർ ആഗ്രഹിച്ചു. ഫിലിപ്പിയർ 4:13 ൽ പറയുംപോലെ "എന്നെ ശക്തനാക്കുന്ന ക്രിസ്തുമുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" എന്ന സത്യം അവർ മാതൃകയാക്കുകയും സ്വജീവിതത്തിൽ അനുഭവിക്കയും ചെയ്തു. ഈ രണ്ടുപേർ പൊള്ളയായ വാക്കുക

ളിലൂടെയല്ല, ക്രിസ്തീയസന്ദേശം ജീവിതത്തിൽ പകർത്തിക്കൊണ്ടാണ് മഹത്തായ ഒരു മിഷനറിമുന്നേറ്റത്തിന് അടിത്തറയിട്ടത്. ആകയാൽ നിങ്ങൾ 'പുറപ്പെട്ടുപോകുക' എന്ന കർത്താവിന്റെ കൽപ്പന അവർ ജീവിച്ചുകാണിക്കയായിരുന്നു. ജോൺ ലിയൊനാർഡ് ഡോബറും ഡേവിഡ് നിച്ച്മാനും അവരുടെ തലമുറയെ മാത്രമല്ല ഭാവിതലമുറകളേയും കുഞ്ഞാടിനുവേണ്ടി ജീവൻ വച്ചു കൊടുക്കാൻ വെല്ലുവിളിച്ചവരാണ്.

ഈ മനോഭാവത്തോടെ അടിമകളുടെ നാട്ടിൽ എത്തിയ ഇവർക്ക് സ്വയം അടിമകളാകേണ്ടിവന്നില്ല എന്നതാണ് ചരിത്രം. ദ്വീപസമൂഹത്തിന്റെ ഗവർണ്ണർ, ഒരു വെള്ളക്കാരൻ അടിമപ്പണി ചെയ്യുന്നത് ഒരിക്കലും അനുവദിക്കാൻ തയ്യാറല്ലായിരുന്നു. 1732 ഡിസംബർ മാസത്തിൽ സെന്റ് തോമസ് ദ്വീപിൽ എത്തിയ അവർ തുടക്കത്തിൽ സ്വന്തം കൈകൊണ്ട് വേല ചെയ്തു ജീവിക്കാൻ ശ്രമിച്ചു. അവർ നേരത്തെ ചെയ്തിരുന്ന മരപ്പണിയും മൺപാത്രനിർമ്മാണവും പരീക്ഷിച്ചു നോക്കി. ഡോബർക്ക് പാത്രനിർമ്മാണത്തിന് നല്ല കളിമൺ അവിടെ ലഭ്യമല്ലാത്തതിനാൽ ഗവർണ്ണറുടെ വീട്ടിൽ ആദ്യം ഒരു പരിചാരകനായും പിന്നീട് കാവൽക്കാരനായും ജോലി ചെയ്യേണ്ടിവന്നു. അടിമകളുമായി കൂടുതൽ അടുത്ത് ഇടപെടാൻ ഇത് അവസരമൊരുക്കി.

1734 ആയപ്പോഴേക്കും 18 മിഷനറിമാർകൂടി അടുത്തുള്ള ദ്വീപുകളിൽ കൂടി മിഷനറിവേല വ്യാപിപ്പിക്കാനായി എത്തിച്ചേർന്നു. മിഷനറിമാരിൽ പലരും പ്രതികൂലമായ കാലാവസ്ഥയിൽ രോഗബാധിതരായി മരണമടഞ്ഞു. കരീബിയൻ മിഷനറിവേലയ്ക്കായി പോയ യൂറോപ്യൻ മിഷനറിമാർ എപ്പോഴും രണ്ടുവസ്തുക്കൾ കൂടെ കൊണ്ടുപോയിരുന്നു. ഒന്ന് വിശുദ്ധബൈബിളും മറ്റേത് അവരുടെ കല്ലറകളിൽ സ്ഥാപിക്കാനുള്ള ശിലാഫലകവും. ആ ദ്വീപുകളിൽ വരും തലമുറകളോട് സംസാരിക്കാൻ മറ്റ് ശിലാലിഖിതങ്ങൾ ഒന്നും ഉണ്ടാകയില്ലെന്നും, അവരിൽ മിക്കവരും സ്വദേശത്തേക്ക് മടങ്ങിവരില്ലെന്നും അവർക്ക് ഉറപ്പായിരുന്നു! എങ്കിലും കൂട്ടത്തോടെ അവർ മിഷനറിവേലയ്ക്കായി പുറപ്പെട്ടുപോയി, ദൈവവേലയ്ക്കായി പൂർണ്ണസമർപ്പിതരായി.

ഡോബർ പിൽക്കാലത്ത് മെറേവിയൻ സഭയുടെ ഭരണസാരഥിയായി യൂറോപ്പിലേക്ക് മടങ്ങിപ്പോയി. നിച്ച്മാൻ ജർമനിയിലെ സ്വന്തം കുടുംബത്തിന്റെ അടുക്കലേക്ക് മടങ്ങുകയും ആത്മീയനേതൃത്വത്തിലേക്ക് ഉയർത്തപ്പെടുകയും ചെയ്തു. അമേരിക്കയിലെ ജോർജിയാ സംസ്ഥാനത്ത് മൊറേവിയൻ മിഷനറിമാരുടെ ഒരു കോളനി സ്ഥാപിക്കാൻ നേതൃത്വം കൊടുത്തത് നിച്ച്മാനായിരുന്നു. 1736 ഫെബ്രുവരി അഞ്ചാംതീയതി നിച്ച്മാന്റെ നേതൃത്വത്തിൽ മൊറേവിയൻ മിഷനറിമാർ അമേരിക്കൻ ഭൂഖണ്ഡത്തിലേക്ക് യാത്ര ചെയ്യുമ്പോൾ അവരുടെ കപ്പൽ ഒരു കൊടുങ്കാറ്റിൽ അകപ്പെടുകയു

**കപ്പൽ തുറമുഖത്തുനിന്ന് മെല്ലെ മെല്ലെ നീങ്ങിയപ്പോൾ ഈ ധീരരായ മിഷനറിമാരുടെ കണ്ഠങ്ങളിൽ നിന്നുയർന്ന ഹൃദയഭേദകമായ നിലവിളി ഇതായിരുന്നു: "അറുക്കപ്പെട്ട കുഞ്ഞാടിന് തന്റെ കഷ്ടതയുടെ പ്രതിഫലം ലഭിക്കട്ടെ" മൊറേവിയൻ മിഷനറിമുന്നേറ്റത്തിന്റെ ശക്തിയോടെ മുഴങ്ങിയ ഹൃദയത്തുടിപ്പായി മാറി ഈ വാക്കുകൾ! രക്ഷകന്റെ മഹാത്യാഗവുമായി തുലനം ചെയ്യുമ്പോൾ അവരുടെ ത്യാഗം നിസ്സാരമായി അവർ കണ്ടു. അവർ മുഴുജീവിതം കൊണ്ടും ഹൃദയംകൊണ്ടും യേശുവിനെ സ്നേഹിച്ചു.**



ചിന്തയ്ക്ക്

# ദൈവശബ്ദം തിരിച്ചറിയുന്നതെങ്ങനെ?

**എ.ഡബ്ലിയു.ടോസർ**

ഒരു പ്രാർത്ഥന:"കർത്താവേ, ശ്രദ്ധിച്ചു കേൾക്കാൻ എന്നെ പഠിപ്പിക്കണമേ. ശബ്ദമുഖരിതമായ ഈ കാലഘട്ടത്തിൽ എന്റെ ചെവികളിൽ വന്നു പതിക്കുന്ന ആയിരക്കണക്കിന് പരുഷമായ ശബ്ദങ്ങളാൽ ഞാൻ ക്ഷീണിച്ചിരിക്കുന്നു. 'കർത്താവേ, സംസാരിക്കേണമേ! അടിയൻ ശ്രദ്ധിക്കുന്നു, എന്ന് പറഞ്ഞ ബാലനായ ശമൂവേലിന്റെ ആത്മാവിനെ എനിക്കു തരേണമേ. എന്റെ ഹൃദയത്തിൽ അവിടുന്ന് സംസാരിക്കുന്നത് ഞാൻ കേൾക്കട്ടെ. അവിടുത്തെ വാക്കുകളുടെ ശബ്ദം എനിക്ക് കൂടുതൽ പരിചിതമാകട്ടെ. ലോകത്തിലെ ശബ്ദങ്ങൾ എല്ലാം നിലയ്ക്കുമ്പോൾ അവിടുത്തെ അരുളപ്പാടുകളുടെ സംഗീതം മാത്രം ഞാൻ കേൾക്കട്ടെ. ആമേൻ".

ആദിയിൽ വചനം ഉണ്ടായിരുന്നു.
വചനം ദൈവത്തോടുകൂടിയായിരുന്നു.
വചനം ദൈവമായിരുന്നു. (യോഹ.1:1)

ഈ വേദഭാഗം വായിക്കുന്ന, ക്രിസ്തീയസത്യങ്ങളേക്കുറിച്ച് അജ്ഞനായ, ഒരാൾപോലും ദൈവം അവിടുത്തെ ചിന്തകൾ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു എന്ന സത്യം യോഹന്നാൻ വായനക്കാർക്ക് നൽകാനാഗ്രഹിക്കുന്നത് ശ്രദ്ധിക്കും. ചിന്തകൾ പ്രകടിപ്പിക്കാനുള്ള ഒരു മാദ്ധ്യമമാണല്ലോ വാക്കുകൾ അഥവാ വചനം? നിത്യനായ പുത്രനേക്കുറിച്ച് 'വചനം' എന്ന പദം ഉപയോഗിച്ചിരിക്കുന്നതിൽ നിന്നും സ്വയംവെളിപ്പെടുത്താൻ ആഗ്രഹിക്കുന്ന, തന്റെ സൃഷ്ടികളോട് സംസാരിക്കാൻ ആഗ്രഹിക്കു →

ണ്ടായി. കപ്പൽയാത്രക്കാരുടെ ഇടയിൽ വലിയ പരിഭ്രാന്തിയുണ്ടായി എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നാൽ മൊറേവിയൻ മിഷനറിമാരുടെ ആ ചെറിയ സംഘം തികച്ചും ശാന്തരായി കാണപ്പെട്ടു. അവർ ക്രിസ്തീയഗീതങ്ങൾ പാടിക്കൊണ്ട് തികഞ്ഞ സ്വസ്ഥതയിലായിരുന്നു. യാത്രക്കാരിൽ ഒരുവന് ഇത് ആശ്ചര്യകരമായിത്തോന്നി. ആംഗ്ലിക്കൻ സഭയുടെ ഒരു പട്ടക്കാരനായിരുന്ന ആ ചെറുപ്പക്കാരൻ കടൽക്ഷോഭം അടങ്ങുംവരെ അവരോടൊപ്പം കൂടുകയും പിന്നീട് ഇംഗ്ലണ്ടിൽ അവരൊടൊപ്പം ദൈവവചനം പഠിക്കയും ചെയ്തു. മെഥൊഡിസ്റ്റ് സഭയുടെ സ്ഥാപകനായി പിൽക്കാലത്ത് പ്രസിദ്ധനായിത്തീർന്ന ജോൺ വെസ്ലിയായിരുന്നു ഈ യാത്രക്കാരൻ! ഡോബറുടേയും നിച്ച്മാന്റേയും അദ്ധ്വാനം ഫലവത്തായി. അവർ വെസ്റ്റ് ഇൻഡീസിൽ മിഷനറിവേല ചെയ്ത ഭൂപ്രദേശം ഇന്ന് പൂർവ്വ വെസ്റ്റ് ഇൻഡീസ് പ്രദേശമായി അറിയപ്പെടുന്നു. അവിടെ ഇന്നും ശക്തമായ നിലയിൽ ക്രിസ്തീയ സാക്ഷ്യം വഹിച്ചുകൊണ്ട് 52 മൊറേവിയൻ സഭകൾ നിലകൊള്ളുന്നു. "അറുക്കപ്പെട്ട കുഞ്ഞാടിന് അവിടുത്തെ കഷ്ടപ്പാടിന്റെ പ്രതിഫലം" ലഭിക്കുക തന്നെ ചെയ്തു! ●

ന്ന, ദൈവത്തെയാണ് നാം കാണുന്നത്. ദൈവം സംസാരിക്കുന്നു എന്ന ആശയമാണ് ബൈബിളിന്റെ കേന്ദ്രബിന്ദു. സംസാരിച്ചു കഴിഞ്ഞ ഒരു ദൈവമല്ല സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു ദൈവം. ലോകത്തെ തന്റെ വചനങ്ങളാൽ നിറയ്ക്കുന്ന, തുടർമാനമായി സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു ദൈവം!

നാം അഭിമുഖീകരിക്കേണ്ട ഏറ്റവും പ്രധാനമായ യാഥാർത്ഥ്യങ്ങളിൽ ഒന്ന് ലോകത്തിലെ ദൈവശബ്ദമാണ്. ഏറ്റവും ലളിതമായ പ്രപഞ്ചോത്പത്തിയെപ്പറ്റിയുള്ള സിദ്ധാന്തം "അവിടുന്ന് അരുൾ ചെയ്തു, അങ്ങനെസംഭവിച്ചു" എന്നതാണ്. പ്രപഞ്ചോത്പ്പത്തിക്കു കാരണമായ ഈ ദൈവവചനത്തെ എഴുതപ്പെട്ട ദൈവവചന (ബൈബിൾ) മായി പരിമിതപ്പെടുത്താനാവില്ല. എല്ലാറ്റിന്റേയും മൂലഘടനയിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന ദൈവഹിതത്തിന്റെ പ്രകാശനമാണ് ഈ വചനം. ലോകത്തെ ചലനാത്മകമാക്കുന്ന ദൈവശ്വാസമത്രേ ഇത്. പ്രകൃതിയിലെ ഏറ്റവും വലിയ ശക്തി ദൈവശബ്ദമത്രേ. ശക്തിമത്തായ വചനം പുറപ്പെടുകയാൽ മാത്രമാണ് പ്രകൃതി ഊർജ്ജഭരിതമായിരിക്കുന്നത്.

ബൈബിൾ എഴുതപ്പെട്ട ദൈവവചനമാണ്. എഴുതപ്പെട്ട വചനമാകയാൽ മഷി, കടലാസ് തുടങ്ങിയ വസ്തുക്കളാൽ ഈ വചനം പരിമിതപ്പെട്ടിരിക്കുന്നു. എന്നാൽ സർവ്വശക്തനായ ദൈവത്തെപ്പോലെ ദൈവശബ്ദവും സജീവവും സ്വതന്ത്രവും ആണ്. യേശു പറഞ്ഞു "ഞാൻ നിങ്ങളോട് സംസാരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു."

ഉച്ചരിക്കപ്പെടുന്ന വാക്കുകളിലാണ് ജീവൻ. പ്രപഞ്ചത്തിലെ ദൈവവചനവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാലാണ് ബൈബിളിലെ ദൈവവചനങ്ങൾക്ക് ശക്തി ഉള്ളത്. എഴുതപ്പെട്ട ദൈവവചനത്തെ അത്യന്തം ശക്തിയുള്ളതാക്കുന്നത് ഇപ്പോൾ സംസാരിക്കുന്ന ആ ശബ്ദമാണ്. അല്ലെങ്കിൽ ഒരു പുസ്തകത്തിന്റെ താളുകളിൽ ആ വചനങ്ങൾ ബന്ധിതമായി നിദ്രയിലായിരിക്കയേ ഉള്ളൂ.

ഒരു മരപ്പണിക്കാരനെപ്പോലെ പ്രപഞ്ചത്തിലെ വസ്തുക്കളെ രൂപപ്പെടുത്തിയെടുക്കുന്ന ഒരു ദൈവത്തെ നാം സൃഷ്ടിയോടുള്ള ബന്ധത്തിൽ കണ്ടുകൂടാ. മറിച്ച് ബൈബിൾ പറയുന്നത് "യഹോവയുടെ വചനങ്ങളാൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അവയിലുള്ളതൊക്കെയും ഉളവായി" എന്നത്രേ. അവൻ സംസാരിച്ചു; അങ്ങനെ സംഭവിച്ചു. അവൻ കല്പിച്ചു, അവയെല്ലാം ഉളവായി. ലോകം ദൈവവചനത്താൽ ഉളവായി എന്ന് നാം വിശ്വാസത്താൽ അറിയുന്നു. ഇവിടെ എഴുതപ്പെട്ട ദൈവവചനമല്ല മറിച്ച് ദൈവം അരുൾ ചെയ്ത ശക്തിയുള്ളവചനങ്ങളെയാണ് സൂചിപ്പിക്കുന്നത്. ബൈബിൾ എഴുതപ്പെടുന്നതിനും മുമ്പുള്ള അനാദിയായ ദൈവശബ്ദമാണത്. സൃഷ്ടിയുടെ ആരംഭം മുതൽ ഉള്ള, നിലയ്ക്കാത്തതും പ്രപഞ്ചത്തിന്റെ അറ്റത്തോളം മുഴങ്ങിക്കേൾക്കുന്നതുമായ ദിവ്യശബ്ദമാണത്.

ദൈവശബ്ദം ജീവനും ചൈതന്യവും ഉള്ളതത്രേ. ആദിയിൽ ശൂന്യതയിൽ ദൈവം സംസാരിച്ചു, സൃഷ്ടി നടന്നു. ഈ വചനങ്ങൾ കേട്ട് ക്രമരഹിതമായത് ക്രമത്തിലായി, ഇരുട്ട് വെളിച്ചമായി. ദൈവം അരുൾ ചെയ്തു; അങ്ങനെ സംഭവിച്ചു. കാര്യകാരണബന്ധം ഇവിടെ നാം ദർശിക്കുന്നു.

'വർത്തമാനകാലത്തിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു ദൈവം' - എല്ലാ തിരുവചനസത്യങ്ങളുടേയും





പിന്നിലുള്ള അടിസ്ഥാനസത്യം ഇതാണ്. ഈ സത്യം ഉൾക്കൊള്ളാതെ ഒരു ദിവ്യവെളിപ്പാടും നമുക്ക് ലഭ്യമല്ല. പരസഹായം കൂടാതെ ഒരു വിദൂരഗ്രഹത്തിൽ ഇരുന്ന് മനുഷ്യന് വായിക്കാനായി ദൈവം ഒരു പുസ്തകം എഴുതി ദൂതന്റെ കൈവശം കൊടുത്തയയ്ക്കയല്ല ചെയ്തത്. ദൈവം ഈ പുസ്തകത്തിലൂടെ സംസാരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. തുടർമാനമായി ഈ വചനങ്ങളിലൂടെ നൂറ്റാണ്ടുകളായി ദൈവം തന്റെ വാക്കുകളുടെ ശക്തി വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കളിമണ്ണിൽ ദൈവശ്വാസം വീണപ്പോൾ അതൊരു മനുഷ്യനായി. മനുഷ്യനിൽ ദൈവശ്വാസം വീണ്ടും ഊതുമ്പോൾ അവൻ മണ്ണായിത്തീരുന്നു. മനുഷ്യന്റെ വീഴ്ചയിൽ 'മനുഷ്യപുത്രന്മാരേ തിരികെ വരുവിൻ' എന്ന് ദൈവം സംസാരിച്ചപ്പോൾ മനുഷ്യന്റെ മരണം നിർണ്ണയിക്കപ്പെടുകയായിരുന്നു. ഓരോ മനുഷ്യർക്കായി വീണ്ടും വീണ്ടും ദൈവം സംസാരിക്കേണ്ട ആവശ്യമില്ലാത്ത നിലയിൽ ഈ വചനം അത്യന്തം ശക്തമായിരുന്നു. ജനനം മുതൽ ശവക്കുഴിവരെയുള്ള മനുഷ്യരാശിയുടെ ഭൂമുഖത്തെ ദു:ഖകരമായ വിലാപയാത്ര ദൈവം വീഴ്ചയിൽ അരുൾ ചെയ്ത വചനത്തിന്റെ ശക്തിയാണ് വിളിച്ചറിയിക്കുന്നത്.

' ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരുന്നു' എന്ന യോഹന്നാന്റെ സുവിശേഷത്തിലെ അഗാധമായ വചനത്തെ നാം വേണ്ടവണ്ണം ശ്രദ്ധിച്ചിട്ടില്ല. ' ലോകത്തിലേക്ക് വരുന്ന ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യ വെളിച്ചം' എന്ന് വായിച്ചാലും അത് സത്യമാണ്. ദൈവവചനം ആത്മാവിന്റെ വെളിച്ചമായി ഏതു മനുഷ്യനേയും സ്വാധീനിക്കുന്നു. എല്ലാ ഹൃദയങ്ങളിലും ഈ വെളിച്ചം

**'വർത്തമാനകാലത്തിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന ഒരു ദൈവം' - എല്ലാ തിരുവചനസത്യങ്ങളുടേയും പിന്നിലുള്ള അടിസ്ഥാന സത്യം ഇതാണ്. ഈ സത്യം ഉൾക്കൊള്ളാതെ ഒരു ദിവ്യവെളിപ്പാടും നമുക്ക് ലഭ്യമല്ല. പരസഹായം കൂടാതെ ഒരു വിദൂരഗ്രഹത്തിൽ ഇരുന്ന് മനുഷ്യന് വായിക്കാനായി ദൈവം ഒരു പുസ്തകം എഴുതി ദൂതന്റെ കൈവശം കൊടുത്തയയ്ക്കയല്ല ചെയ്തത്. ദൈവം ഈ പുസ്തകത്തിലൂടെ സംസാരിക്കുകയും ജീവിക്കുകയും ചെയ്യുന്നു.**

പ്രകാശിക്കയും വചനം മുഴുങ്ങിക്കേൾക്കയും ചെയ്യുന്നു എന്ന സത്യം നമുക്ക് അവഗണിക്കാനാവില്ല. ബൈബിളിനെക്കുറിച്ച് കേട്ടുകേൾവി ഇല്ലാത്തവർക്കുപോലും ഒഴികഴിവില്ലാത്തവണ്ണം വ്യക്തതയോടെ ഈ വെളിച്ചവും വചനവും ലഭിക്കുന്നുണ്ട്. അവരുടെ മനസ്സാക്ഷികൂടെ സാക്ഷ്യം പറകയും കുറ്റം വിധിക്കയും ചെയ്കയാൽ ദൈവപ്രമാണങ്ങൾ ഹൃദയങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നതായി തെളിയുന്നു. ദൈവത്തിന്റെ അദൃശ്യസാന്നിദ്ധ്യവും ദിവ്യശക്തിയും ലോകാരംഭം മുതൽ സൃഷ്ടിയിലൂടെ മനുഷ്യന് തെളിവായിവരുന്നു. അതുകൊണ്ടു തന്നെ ഒരു മനുഷ്യനും ഒഴികഴിവില്ലാതെ പോകുന്നു.

സാർവത്രികമായ ദൈവശബ്ദത്തെ പുരാതനഎബ്രായർ 'ജ്ഞാനം' എന്ന് വിളിച്ചിരുന്നു. ഈ ദിവ്യജ്ഞാനം ഭൂമിയുടെ എല്ലാ കോണുകളിലേക്കും മുഴങ്ങിച്ചെല്ലുകയും മനുഷ്യപുത്രന്മാരിൽ നിന്നും എന്തെങ്കിലും പ്രതികരണം ഉണ്ടോ എന്ന് അന്വേഷിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. സദൃശവാക്യങ്ങൾ എട്ടാം അദ്ധ്യായം തുടങ്ങുന്നതുതന്നേ

ജ്ഞാനത്തിന്റെ ഈ വിളിയോടെയാണ്. ഉയർന്ന സ്ഥലങ്ങളിലും വീഥികളുടെ അരികിലും നിന്നുകൊണ്ട് വിളിക്കുന്ന ഒരു സുന്ദരിയായ സ്ത്രീയോടാണ് ജ്ഞാനത്തെ തുലനം ചെയ്തിരിക്കുന്നത്. ആരും കേൾക്കത്തക്കവണ്ണം ഇവൾ ഉറച്ച ശബ്ദത്തിൽ വിളിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധിഹീനരും ഭോഷന്മാരും തന്റെ ശബ്ദത്തിന് ചെവി കൊടുക്കാൻ അവൾ ആഹ്വാനം ചെയ്യുന്നു. ആത്മിക്കമായ ഒരു പ്രതികരണത്തിനായിട്ടാണ് മനുഷ്യപുത്രന്മാരെ അവൾ വിളിക്കുന്നതെങ്കിലും പ്രതികരണം നിരാശാജനകമായിരുന്നു. ജ്ഞാനത്തിന് ചെവികൊടുക്കുന്നതാണ് നമ്മുടെ നിത്യനന്മയ്ക്ക് ആവശ്യമെങ്കിലും നാം ചെവികളെ അടച്ചിരിക്കുന്നു എന്നതാണ് ഏറ്റവും വലിയ ദുരന്തം.

ഈ സാർവലൗകികമായ ദൈവശബ്ദം എക്കാലവും മുഴങ്ങിക്കൊണ്ടിരിക്കുന്നു. മനുഷ്യന് അവന്റെ ഭയങ്ങളുടെ കാരണം അജ്ഞാതമായിരിക്കുമ്പോഴും മനസ്സാക്ഷിയെ അസ്വസ്ഥമാക്കുന്നത് ഈ ശബ്ദമാണ്. മനുഷ്യഹൃദയങ്ങളിൽ മൂടൽമഞ്ഞുപോലെ അരിച്ചിറങ്ങുന്ന ഈ ശബ്ദമല്ലേ മനുഷ്യന്റെ അസ്വസ്ഥമായ മനസ്സാക്ഷിയുടെയും ചരിത്രാതീതകാലംമുതൽ മനുഷ്യൻ ഏറ്റുപറയുന്ന അമർത്ത്യതയ്ക്കായുള്ള വാഞ്ഛയുടെയും അടിസ്ഥാനകാരണം? സംസാരിക്കുന്ന ഈ ദൈവത്തെ അഭിമുഖീകരിക്കാൻ നാം ഭയപ്പെടേണ്ടതില്ല. ആ ശബ്ദം ഒരു യാഥാർത്ഥ്യമാണ്. മനുഷ്യർ എങ്ങനെ ഈ ശബ്ദത്തോടുപ്രതികരിച്ചു എന്നത് മനുഷ്യചരിത്രം പഠിക്കുന്ന ആർക്കും വ്യക്തമാണ്.

ദൈവം സ്വർഗ്ഗത്തിൽ നിന്ന് യേശുവിനോട് സംസാരിച്ചപ്പോൾ സ്വാർത്ഥതത്പരരായ മനുഷ്യർക്ക് ആ ശബ്ദം ഇടിമുഴക്കംപോലെയുള്ള ഒരു സ്വാഭാവിക പ്രതിഭാസമായിട്ടേ കേൾപ്പാൻ കഴിഞ്ഞുള്ളു. പ്രകൃതിനിയമങ്ങൾകൊണ്ട് ദൈവശബ്ദത്തെ വിശദീകരിക്കാനുള്ള ഈ പ്രവണതയാണ് ആധുനികശാസ്ത്രത്തിന്റെ അടിത്തറ. മനുഷ്യമനസ്സിന് അത്യത്ഭുതകരവും ഗ്രഹിക്കാൻ കഴിയാത്തവണ്ണം ഉന്നതവുമായ എന്തോ ഒന്ന് ഈ പ്രപഞ്ചത്തിലുണ്ട്. വിശ്വസിക്കുന്ന ഒരു മനുഷ്യൻ എല്ലാം ഗ്രഹിക്കുന്നു എന്ന് അവകാശപ്പെടുന്നില്ല. അവൻ അത്ഭുതാദരങ്ങളോടെ മുഴങ്കാലുകളിൽ ദൈവത്തെ ആരാധിക്കുന്നവനാണ്. ലോകത്തിലെ മറ്റ് മനുഷ്യരും കുനിയുന്നവരാണ്. ആരാധിക്കാനല്ലെന്നു മാത്രം. അവർ ഓരോ വസ്തുതയുടേയും കാര്യകാരണങ്ങൾ പരിശോധിക്കാനുള്ള ഉദ്യമത്തിലാണ്. ഒരു മതേതരകാലഘട്ടത്തിൽ ജീവിക്കുന്ന നമ്മുടെ ചിന്താഗതി ആരാധകന്റേതല്ല മറിച്ച് ശാസ്ത്രജ്ഞന്റെയാണ്. ആരാധനാമനോഭാവത്തേക്കാൾ കാര്യങ്ങൾ വിശദീകരിക്കാനാണ് നമുക്ക് താൽപര്യം. 'ഇടിമുഴങ്ങി' എന്ന് പറഞ്ഞ് നാം നമ്മുടെ വഴിക്കുപോകുമ്പോഴും പ്രപഞ്ചത്തിലുള്ള ആ ദൈവശബ്ദം മുഴങ്ങുകയും മനുഷ്യഹൃദയങ്ങളെ ശോധന ചെയ്യുകയുമാണ്. ലോകത്തിന്റെ ജീവനും ക്രമമായ

> **ശ്രദ്ധിക്കുന്ന ഒരുവന് സ്വർഗ്ഗീയ ശബ്ദം കേൾക്കാൻ കഴിയും. ശ്രദ്ധിച്ചു കേൾക്കാനുള്ള ഒരു പ്രബോധനം ഇന്ന് അധികം പേർക്കും സ്വീകാര്യമായിരിക്കില്ല. ശബ്ദകോലാഹലവും പ്രവർത്തനവും, ആൾക്കൂട്ടവും ഒക്കെയാണ് ദൈവപ്രീതിയുടെ അടയാളമായി മതഭക്തരായവർ കരുതുന്നത്. ആത്മീയപോരാട്ടത്തിന്റെ കൊടുങ്കാറ്റിൽ ഉലയുന്ന ജനത്തിന് സ്വസ്ഥമായിരുന്ന് (മിണ്ടാതിരുന്ന്) ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾക എന്നുള്ള ദൈവവചനം ഇന്നും പ്രസക്തമാണ്.**



ഗതിക്കും കാരണമായ ഈ ശബ്ദം ശ്രദ്ധിക്കാൻ കഴിയാതെ മനുഷ്യൻ വലിയ തിരക്കിലകപ്പെട്ടിരിക്കുന്നു!

വിശദീകരിക്കാൻ കഴിയാത്ത ചില അനുഭവങ്ങൾ നമുക്കെല്ലാം ഉണ്ടായിട്ടുണ്ട്. പൊടുന്നനവേ ഉണ്ടാകുന്ന ഏകാന്തതാബോധം, അല്ലെങ്കിൽ പ്രപഞ്ചത്തിന്റെ അപാരതയിലുള്ള അത്ഭുതാദരവ്, ഇതൊക്കെയാവാം. അല്ല, നാം മറ്റൊരു ലോകത്തിന്റെ പൗരന്മാരാണെന്നും നമ്മുടെ വേരുകൾ ദൈവികമാണെന്നും ആന്തരികമായ ഉറപ്പു നൽകുന്ന നൈമിഷികമായ ഒരു ഉജ്ജ്വല പ്രകാശമാകാം. ഇത്തരം അനുഭവങ്ങൾ ഇതുവരെ ജീവിതത്തിൽ സൂക്ഷിച്ചിരുന്ന വിശ്വാസങ്ങൾക്കും അഭിപ്രായങ്ങൾക്കും നേരേ വിരുദ്ധമായിരിക്കും മിക്കപ്പോഴും. ആ അനുഭവങ്ങൾ ദൈവസാന്നിദ്ധ്യത്തിൽ നിന്ന് ഉളവാകുന്നവയാണെന്നുള്ള വസ്തുതയിൽ നാം എത്തിച്ചേരും. മറ്റ് വിശദീകരണങ്ങളൊന്നും തന്നെ തൃപ്തികരമാകയില്ല.

ദൈവശബ്ദം എപ്പോഴും സ്നേഹമസൃണമായ ഒന്നാണ്. ഈ ശബ്ദത്തെ എതിർക്കുവാൻ തീരുമാനിച്ചിരിക്കുന്ന ഒരുവനല്ലാതെ ആ ശബ്ദം ശ്രദ്ധിക്കാൻ ഭയപ്പെടേണ്ടതില്ല. യേശുവിന്റെ ക്രൂശിൽ ചൊരിഞ്ഞ രക്തം മനുഷ്യരാശിയെ മാത്രമല്ല സകലസൃഷ്ടിയേയും ഉദ്ദേശിച്ചുള്ളതാണ്. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ എല്ലാറ്റിനെയും തന്നോടു നിരപ്പിക്കാനാണ് ദൈവം തന്റെ പുത്രന്റെ ക്രൂശിലെ രക്തം നൽകിയത്. ആകാശവും ഭൂമിയും മുൾപ്പടർപ്പിൽ വസിച്ചവന്റെ നന്മകൊണ്ട് നിറഞ്ഞിരിക്കുന്നു. യേശുവിന്റെ തികവുള്ള പ്രായശ്ചിത്തരക്തം, ശ്രദ്ധിക്കുന്ന ഒരാൾക്ക് അത് സ്വർഗ്ഗത്തെ ഏറ്റവും സമീപസ്ഥമാക്കുന്നു.

ശ്രദ്ധിക്കുന്ന ഒരുവന് സ്വർഗ്ഗീയശബ്ദം കേൾക്കാൻ കഴിയും. ശ്രദ്ധിച്ചു കേൾക്കാനുള്ള ഒരു പ്രബോധനം ഇന്ന് അധികംപേർക്കും സ്വീകാര്യമായിരിക്കില്ല. ശബ്ദകോലാഹലവും പ്രവർത്തനവും, ആൾക്കൂട്ടവും ഒക്കെയാണ് ദൈവപ്രീതിയുടെ അടയാളമായി മതഭക്തരായവർ കരുതുന്നത്. ആത്മീയപോരാട്ടത്തിന്റെ കൊടുങ്കാറ്റിൽ ഉലയുന്ന ജനത്തിന് സ്വസ്ഥമായിരുന്ന് (മിണ്ടാതിരുന്ന്) ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾക എന്നുള്ള ദൈവവചനം ഇന്നും പ്രസക്തമാണ്. നമ്മുടെ ബലവും സുരക്ഷിതത്വവും ശബ്ദകോലാഹലങ്ങളിലല്ല, നിശ്ശബ്ദതയിലാണെന്നാണ് ദൈവം പറയുന്നത്.

ദൈവത്തെ കാത്തിരിക്കാൻ നാം നിശ്ശബ്ദരാകേണ്ടിയിരിക്കുന്നു. തുറന്ന ബൈബിളുമായി നാം തനിയേ ആയിരിക്കേണ്ട ആവശ്യമുണ്ട്. നാം താത്പര്യപ്പെടുന്നപക്ഷം അപ്പോൾ നമുക്ക് ദൈവത്തോട് അടുത്തുചെന്ന് അവിടുന്ന് നമ്മുടെ ഹൃദയങ്ങളോട് സംസാരിക്കുന്നതുകേൾക്കാം. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം താഴെപ്പറയുന്ന പടികൾ ദൈവശബ്ദം കേൾക്കുന്നതിൽ ഉണ്ടായിരിക്കും. ഒന്നാമത് ഏദൻതോട്ടത്തിൽ നടന്ന ദൈവത്തിന്റെ കാലൊച്ചപോലെ ഒരു ശബ്ദം. രണ്ടാമത് കുറേക്കൂടി ഗ്രഹിക്കാവുന്ന ഒരു ശബ്ദം എന്നാൽ ആ ശബ്ദം പൂർണ്ണമായും വ്യക്തമല്ലതാനും. അടുത്ത പടിയായി ദൈവാത്മാവ് തിരുവെഴുത്തുകളെ പ്രകാശിപ്പിക്കുന്ന ആനന്ദകരമായ നിമിഷം. ആത്മസ്നേഹിതന്റെ ശബ്ദംപോലെ ഊഷ്മളതയുള്ള വ്യക്തമായ ഒരു വചനമായി ആ ശബ്ദം അവർ കേൾക്കാൻ തുടങ്ങുന്നു. തുടർന്ന് ജീവനും വെളിച്ചവും കടന്നുവരുന്നു. രക്ഷകനും കർത്താവും എല്ലാമായി യേശുക്രിസ്തുവിനെ മുറുകെപ്പിടിക്കാനും ദർശിക്കാനുമുള്ള

*(ശേഷം പേജ് 32 ൽ)*

വചനം

# ആരോടും ഒന്നും കടമ്പെട്ടിരിക്കരുത്

## സാക് പുന്നൻ

**ദൈ**വം ആർക്കും ഒരിക്കലും കടക്കാരനല്ല. പുതിയ ഉടമ്പടിയിൽ നമ്മെ വിളിച്ചിരിക്കുന്നത് ദൈവസ്വഭാവത്തിൽ പങ്കാളികളാകാനാണ്. അതുകൊണ്ട് 'ആരോടും ഒന്നും കടമ്പെട്ടിരിക്കരുതെ'ന്ന് കല്പ്പിച്ചിരിക്കുന്നു. (റോമർ 13:8)

കടം വാങ്ങുന്നതു ന്യായപ്രമാണത്തിൽ ഒരു ശാപത്തിന്റെ ഭാഗമായാണ് പറഞ്ഞിരിക്കുന്നത്-കല്പന ലംഘിച്ചാൽ ദൈവം യിസ്രായേലിനു വരുത്തുമെന്നു പറഞ്ഞ ശാപം (ആവർത്തനം 28:43-48), ദൈവകല്പന പ്രമാണിക്കാത്തപക്ഷം യിസ്രായേൽ 'എല്ലാ ഞെരുക്കവും' അനുഭവിക്കേണ്ടിവരുമെന്നു 48-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നു.

കല്പനകൾ അനുസരിച്ചു നടന്നാൽ ദൈവം യിസ്രായേലിനു നൽകുന്ന അനുഗ്രഹങ്ങളിലൊന്ന് 'നീ അനേകർക്കു വായ്പ കൊടുക്കും, എന്നാൽ നീ വായ്പ വാങ്ങുകയില്ല' എന്നാണ് (ആവർത്തനം 28:12, 15:6). മറ്റുള്ളവരെ അനുഗ്രഹിപ്പാൻ തക്കവണ്ണം സമൃദ്ധിയായി ഉണ്ടായിരിക്കുക എന്നത് ദൈവം തന്റെ ജനത്തെ അനുഗ്രഹിക്കുന്ന മാർഗ്ഗങ്ങളിലൊന്നാണ്.

അതുകൊണ്ട് തുടർച്ചയായി സാമ്പത്തികഞെരുക്കത്തിലാണെങ്കിൽ എവിടെയാണു തകരാറെന്നു നിങ്ങൾ സ്വയം ശോധനനടത്തേണ്ടതാണ്. വിശ്വാസം പരിശോധിക്കാൻ ദൈവം ഇടയ്ക്കിടെ സാമ്പത്തിക ക്ലേശം വരുവാൻ അനുവദിക്കും. എന്നാൽ എന്നും ബുദ്ധിമുട്ടിലും കടത്തിലും ആയിരിക്കുക എന്നതു തന്റെ മക്കളെക്കുറിച്ചുള്ള ദൈവഹിതമല്ല.

കടം വാങ്ങുന്നവർ കടം കൊടുക്കുന്നവന്റെ ദാസനാണെന്നു ബൈബിൾ പറയുന്നു. (സദൃശ.22:7). 'കടം വാങ്ങുക' എന്നതിന്റെ എബ്രായ പദത്തിനു 'ബന്ധിതനാകുക' എന്ന അർത്ഥസൂചന കൂടിയുണ്ട്. കടം വാങ്ങുമ്പോൾ നിങ്ങൾ കടം തന്ന ആളിനോട് ഒരു ചങ്ങലയാൽ ബന്ധിക്കപ്പെടുകയാണ്. അയാൾക്കു നിങ്ങളുടെ മേൽ അധികാരം ഉണ്ടായിരിക്കുകയും ചെയ്യും.

തന്റെ മക്കളുടെ മേൽ മറ്റുള്ളവർക്ക് ഇത്തരം അധികാരം ഉണ്ടായിരിക്കുക എന്നത് ഒരിക്കലും ദൈവത്തിന്റെ ഇഷ്ടമല്ല. ക്രിസ്തുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങപ്പെട്ടിരിക്കയാൽ നമ്മൾ മനുഷ്യർക്കു ദാസന്മാരായിരിക്കരുതെന്നു കല്പിക്കപ്പെട്ടിട്ടുണ്ടല്ലോ (1 കൊരി 7:23).

നമുക്കു വേണ്ടി ശാപമായിത്തീർന്നുകൊണ്ട് യേശു നമ്മെ ന്യായ







**കടം വാങ്ങുന്നവർ കടം കൊടുക്കുന്നവന്റെ ദാസനാണെന്നു ബൈബിൾ പറയുന്നു. 'കടം വാങ്ങുക' എന്നതിന്റെ എബ്രായ പദത്തിനു 'ബന്ധിതനാകുക' എന്ന അർത്ഥസൂചന കൂടിയുണ്ട്. കടം വാങ്ങുമ്പോൾ നിങ്ങൾ കടം തന്ന ആളിനോട് ഒരു ചങ്ങലയാൽ ബന്ധിക്കപ്പെടുകയാണ്.**

പ്രമാണത്തിന്റെ ശാപത്തിൽനിന്നു വിടുവിക്കാനാണു വന്നത് (ഗലാ.3:13). ബദ്ധന്മാർക്കു വിമോചനം നൽകാനുമാണ് അവിടുന്നു വന്നത് (ലൂക്കോസ് 4:18).

അതുകൊണ്ട് കടത്തിന്റെ ശാപത്താൽ ബന്ധിതനാണെങ്കിൽ നിങ്ങൾ ആത്മീയപരിശോധന നടത്തേണ്ട ചില മേഖലകൾ ഇതാ:

**1. തെറ്റായ മുൻഗണനകൾ**

മുമ്പേ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിച്ചാൽ ജീവിതത്തിനു വേണ്ട ഭൗതികവസ്തുക്കളും നൽകപ്പെടുമെന്ന് യേശു പറഞ്ഞു (മത്തായി 6:33). എല്ലാ രാജ്യത്തും എല്ലാ കാലത്തും നിലനിൽക്കുന്നതാണ് ഈ വാഗ്ദാനം. ഈ വാഗ്ദാനത്തിലെ തന്റെ ഭാഗം ദൈവം എപ്പോഴും നിറവേറ്റും. അതുകൊണ്ട് സാമ്പത്തിക രംഗത്തും നിരന്തരം ഇല്ലായ്മവന്നാൽ വീഴ്ച മനുഷ്യന്റെ ഭാഗത്താണെന്നു വ്യക്തം.

ദാവീദ് തന്റെ ജീവിതത്തിലൊരിക്കലും നീതിമാൻ തുണയില്ലാതിരിക്കുന്നതും അവന്റെ സന്തതി അപ്പം ഇരക്കുന്നതും (കടം വാങ്ങുന്നതും ഒരു തരം ഇരക്കൽ തന്നെയാണ്) കണ്ടിട്ടില്ലെന്നാണു പറയുന്നത്. മറിച്ച് നീതിമാൻ മറ്റുള്ളവർക്കു വായ്പ കൊടുക്കുകയും എല്ലാവർക്കും ഒരനുഗ്രഹമായിരിക്കുകയും ചെയ്യും (സങ്കീ.37:25,26).

ജീവിതത്തിന്റെ എല്ലാ മേഖലകളിലും മുമ്പെ ദൈവത്തിന്റെ രാജ്യവും നീതിയുമാണോ നമ്മുടെ അന്വേഷണം?

ദൈവത്തിന്റെ വേലയും ദൈവത്തിന്റെ താൽപര്യങ്ങളുമാണോ നമ്മുടേയും താൽപര്യങ്ങൾ? അങ്ങനെയല്ലെങ്കിൽ നമ്മുടെ മുൻഗണനകൾ ശരിയല്ല. ഒരുപക്ഷേ നമ്മുടെ സാമ്പത്തികപ്രശ്നത്തിന്റെ കാരണങ്ങളിലൊന്ന്

ഇതായിരിക്കാം.

പണപരമായ കാര്യങ്ങളിൽ നീതിമാന്മാരായിട്ടുള്ളവർ തങ്ങൾ ഒരിക്കൽ മറ്റുള്ളവരിൽനിന്നു തെറ്റായി എടുത്തിട്ടുള്ളവ തിരിച്ചു നൽകും. പല വിശ്വാസികളും ഇത്തരം കാര്യങ്ങൾ ഇനിയും പരിഹരിച്ചിട്ടില്ല. അതുകൊണ്ട് ജീവിതത്തിൽ ദൈവികാനുഗ്രഹം അവർക്കു നഷ്ടപ്പെടുന്നു.

മുൻകാലജീവിതത്തിലെ പണപരമായ വഞ്ചനകൾക്കു പരിഹാരമുണ്ടാക്കുമെന്ന് യേശു തന്റെ വീട്ടിൽ വന്നപ്പോൾ തന്നെ സക്കായി തീരുമാനിക്കുന്നതു നാം കാണുന്നു (ലൂക്കോസ് 19:1-10). ധനവാനായിട്ടും അവൻ സൂചിക്കുഴയിലൂടെ കടന്നു. താൻ തെറ്റായി എടുത്തിട്ടുള്ളതെല്ലാം അവൻ പലിശ സഹിതം മടക്കി നൽകി. പലിശ നഷ്ടപ്പെട്ടു പോകരുതെന്നു കരുതി താൻ എടുത്തിട്ടുള്ളതിന്റെ നാലു മടങ്ങാണ് അവൻ തിരിച്ചു നൽകിയത്. താൻ വഞ്ചിച്ചിട്ടുള്ളവരിൽ ചിലർ മരിച്ചുപോകുകയോ മറ്റു വല്ല സ്ഥലത്തും പോകയോ ചെയ്തിട്ടുണ്ടാകാം. അവരുടെ വിവരങ്ങൾ ഇപ്പോൾ തനിക്കറിയില്ല എന്നതുകൊണ്ട് സക്കായി സൗകര്യപൂർവ്വം എല്ലാം വിസ്മരിച്ചു സ്വസ്ഥമായി ഇരുന്നു എന്നു കരുതാമോ? ഇല്ല. ആ പണവും സൂക്ഷിക്കാൻ തനിക്ക് അവകാശമില്ലെന്നു സക്കായിക്ക് അറിയാമായിരുന്നു. അതുകൊണ്ട് അതും ദരിദ്രർക്കു കൊടുക്കാൻ അവൻ തീരുമാനിച്ചു. തന്റെ സമ്പാദ്യത്തിന്റെ പകുതിയോളം വരുമായിരുന്നു അത്. എങ്കിലും ഈ മേഖലയിൽ സമൂലമായ വ്യതിയാനത്തിനു വിധേയനായ വ്യക്തിയായിരുന്നു അവൻ. അതുകൊണ്ടു തന്നെ ഇന്ന് ഈ വീടിനു രക്ഷ (പണസ്നേഹത്തിൽ നിന്നുള്ള രക്ഷ) വന്നതായി യേശു പ്രസ്താവിച്ചു (ലൂക്കോസ് 19:9). നമ്മെക്കുറിച്ച് യേശുവിന് ഇതുപോലെ പറയാൻ കഴിയുമോ?

**തീർത്തും സത്യസന്ധമായ മാർഗ്ഗങ്ങളിലൂടെയാണോ പണം സമ്പാദിക്കുന്നതെന്നു നാം നമ്മോടു തന്നെ ചോദിക്കേണ്ടിയിരിക്കുന്നു. അന്യായമായി നേടിയ ധനത്തെ ദൈവം ഒരിക്കലും അനുഗ്രഹിക്കുകയില്ല. മറിച്ച് 'അന്യായമായി സമ്പാദിച്ച ധനം വീട്ടിലെല്ലാവർക്കും ദുഃഖം കൊണ്ടുവരുന്നു'(സദൃശവാക്യം 15:27 ലിവിംഗ്). സത്യസന്ധമായി നേടിയതാണെങ്കിൽ ദൈവത്തിനു കേവലം അഞ്ചപ്പവും രണ്ടു മീനും വർദ്ധിപ്പിച്ച് അയ്യായിരം പേരെ പോഷിപ്പിക്കുവാൻ കഴിയും**

തീർത്തും സത്യസന്ധമായ മാർഗ്ഗങ്ങളിലൂടെയാണോ പണം സമ്പാദിക്കുന്നതെന്നു നാം നമ്മോടു തന്നെ ചോദിക്കേണ്ടിയിരിക്കുന്നു. അന്യായമായി നേടിയ ധനത്തെ ദൈവം ഒരിക്കലും അനുഗ്രഹിക്കുകയില്ല. മറിച്ച് 'അന്യായമായി സമ്പാദിച്ച ധനം വീട്ടിലെല്ലാവർക്കും ദുഃഖം കൊണ്ടുവരുന്നു'(സദൃശവാക്യം 15:27 ലിവിംഗ്). സത്യസന്ധമായി നേടിയതാണെങ്കിൽ ദൈവത്തിനു കേവലം അഞ്ചപ്പവും രണ്ടു മീനും വർദ്ധിപ്പിച്ച് അയ്യായിരം പേരെ പോഷിപ്പിക്കുവാൻ കഴിയും (സദൃശവാക്യം 13:11).

നമ്മുടേതല്ലാത്ത, സത്യസന്ധമായി നേടിയിട്ടില്ലാത്ത, ഒരു പൈസ പോലും നമ്മുടെ പക്കലോ ബാങ്ക് അക്കൗണ്ടിലോ ഉണ്ടാകരുത്. നികുതികാര്യങ്ങളിൽ ഗവൺമെന്റിനെ വഞ്ചിച്ചോ, കബളിപ്പിച്ചോ നേടുന്ന പണമെല്ലാം അന്യായമായ, മലിനമായ പണമാണ്. ക്രമേണ നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും അതു ശാപം കൊണ്ടുവരും.

**2) വാങ്ങുക, കൊടുക്കാതിരിക്കുക**

ദൈവത്തിൽനിന്നു ലഭിക്കുമ്പോൾ കിട്ടിയതെല്ലാം സ്വന്തം കാര്യത്തിനു വേണ്ടി പിടിച്ചുവച്ചാൽ നാം ആത്മീയമായി മരിക്കും. എല്ലാം തട്ടിയെടുക്കുന്ന, കിട്ടിയതെല്ലാം തനി





ക്കായി തന്നെ മുറുകെപ്പിടിക്കുന്ന, ആദാമ്യതലമുറയുടെ ശരിയായ പ്രതീകമാണു ചുരുട്ടിയ മുഷ്ടി. യേശുക്രിസ്തുവിനാകട്ടെ കാൽവറി കുരിശിൽ നിവിർത്തപ്പെട്ട കരങ്ങളായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ട് നാമും അങ്ങനെ ആയിരിക്കണം.

യിസ്രായേൽ മക്കളോട് ദശാംശം നൽകാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം 'ജീവിതത്തിൽ എല്ലാ കാര്യത്തിലും ദൈവത്തെ ഒന്നാമതായിക്കാണുവാൻ അവരെ പഠിപ്പിക്കുക' എന്നതായിരുന്നു (ആവർത്തനം 14:23 ലിവിംഗ്). പുതിയ ഉടമ്പടിയിൽ ദശാംശം നൽകാൻ കൽപനയില്ല. മറിച്ച് നൂറു ശതമാനവും (കേവലം 10 ശതമാനം അല്ല) ഉപേക്ഷിച്ചാൽ മാത്രമേ തന്റെ ശിഷ്യനായിരിപ്പാൻ കഴിയൂ എന്നാണ് യേശു പറഞ്ഞത് (ലൂക്കോസ് 14:33). നമ്മുടെ പണത്തിന്റെ ഒരു ഭാഗവും നമ്മുടേതല്ല. അതെല്ലാം ദൈവത്തിന്റേതാണ്. ഇതിന്റെ അർത്ഥം നമ്മുടെ പണം മുഴുവൻ ദൈവവേലയ്ക്കു കൊടുക്കണം എന്നല്ല. എന്നാൽ എല്ലാം ദൈവത്തിന്റേതാണെന്നു നാം അംഗീകരിക്കണം. നാം നമുക്കുവേണ്ടി ചെലവഴിക്കുന്നതും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുന്നതായിരിക്കണം (1 കൊരിന്ത്യർ 10:31).

എന്നാൽ ദൈവത്തിനും ദൈവവേലയ്ക്കും നാം പ്രത്യേകം കൊടുക്കേണ്ടതുണ്ട്. അതെത്രയായിരിക്കണം? സന്തോഷത്തോടെ കൊടുക്കാൻ കഴിയുന്ന അത്രയും (2 കൊരിന്ത്യർ 9:7). പുതിയ ഉടമ്പടിയിൽ കൊടുക്കുന്നതിന്റെ ഗുണത്തിലാണ് ഊന്നൽ. (പഴയ ഉടമ്പടിയിൽ കൊടുക്കുന്നതിന്റെ എണ്ണത്തിലായിരുന്നല്ലോ ഊന്നൽ).

പക്ഷേ അതേ ഭാഗത്തുതന്നെ നാം വിതയ്ക്കുന്നതിനനുസരിച്ചു കൊയ്യുമെന്നും പറഞ്ഞിരിക്കുന്നു (2 കൊരിന്ത്യർ 9:6). ദൈവത്തിനു കൊടുക്കുന്നതു വിത്തു വിതയ്ക്കുന്നതുപോലെ

**ദൈവത്തിൽനിന്നു ലഭിക്കുമ്പോൾ കിട്ടിയതെല്ലാം സ്വന്തം കാര്യത്തിനു വേണ്ടി പിടിച്ചുവച്ചാൽ നാം ആത്മീയമായി മരിക്കും. എല്ലാം തട്ടിയെടുക്കുന്ന, കിട്ടിയതെല്ലാം തനിക്കായി തന്നെ മുറുകെ പിടിക്കുന്ന, ആദാമ്യതലമുറയുടെ ശരിയായ പ്രതീകമാണു ചുരുട്ടിയ മുഷ്ടി. യേശുക്രിസ്തുവിനാകട്ടെ കാൽവറി കുരിശിൽ നിവർത്തപ്പെട്ട കരങ്ങളായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ട് നാമും അങ്ങനെ ആയിരിക്കണം.**

യാണ്. കുറച്ചു വിതച്ചാൽ കൊയ്യുന്നതും കുറവായിരിക്കും. പല വിശ്വാസികളും തുടർച്ചയായി സാമ്പത്തിക ബുദ്ധിമുട്ടിലായിരിക്കുന്നതിന്റെ കാരണം ഇതാകാം. അവർ ദൈവവിഷയമായി 'സമ്പന്നർ' ആയിരിക്കുന്നില്ല (ലൂക്കോസ് 12:21). ദൈവകാര്യത്തിൽ സമ്പന്നൻ ആയിരിക്കുന്ന ഒരുവനോട് അവന്റെ ആവശ്യത്തിന്റെ സമയത്തു ദൈവം കടക്കാരനായിരിക്കുമോ? ഒരിക്കലുമില്ല.

'വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം' എന്ന് യേശു പറഞ്ഞു (അപ്പോ. പ്രവൃത്തി 20:35). മറ്റുള്ളവരിൽ നിന്ന് സമ്മാനങ്ങൾ ലഭിക്കാൻ നാം ആഗ്രഹിക്കുന്നുവോ? എങ്കിൽ നമ്മൾ ഇപ്പോഴും ആദമിന്റെ മറ്റു മക്കളെപ്പോലെ തന്നെയാണ്. ശരിയായ ദൈവമനുഷ്യരുടെ ഒരു ലക്ഷണം അവർ വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഇഷ്ടപ്പെടും എന്നാണ്. 'നീതിമാൻ കൊടുക്കുവാൻ ഇഷ്ടപ്പെടുന്നു' (സദൃശവാക്യം 21:26-ലിവിംഗ്).

'കോഴ വെറുക്കുന്നവനോ ജീവിച്ചിരിക്കും' (സദൃശവാക്യം 15:27) എന്നു ബൈബിൾ പറയുന്നു. സമ്മാനം വാങ്ങുന്നതു വെറുക്കുവാനും പകരം കൊടു

ക്കുന്നത് ഇഷ്ടപ്പെടുവാനും നമ്മുടെ മനസ്സ് പുതുക്കപ്പെടേണ്ടതുണ്ട്.

സഹവിശ്വാസികളുടെ ആവശ്യത്തിൽ അവരെ സഹായിപ്പാൻ മനസ്സില്ലാത്തതാകാം നമ്മുടെ സാമ്പത്തികബുദ്ധിമുട്ടിന്റെ മറ്റൊരു കാരണം. 'എളിയവന്റെ നിലവിളിക്കു ചെവി പൊത്തിക്കളയുന്നവൻ താനും വിളിച്ചപേക്ഷിക്കും; ഉത്തരം ലഭിക്കയില്ല' (സദൃശവാക്യം 21:13). അതേ സമയം 'എളിയവനെ സഹായിക്കുമ്പോൾ നിങ്ങൾ സത്യത്തിൽ ദൈവത്തിനാണു കടം കൊടുക്കുന്നത്-നിങ്ങളുടെ വായ്പയ്ക്കു അവൻ നല്ല പലിശ തന്നെ തരും' (സദൃശവാക്യം 19: 17 ലിവിംഗ്). തീർച്ചയായും ഇതു വിവേകത്തോടെ വേണം ചെയ്യാൻ. ഇക്കാര്യത്തിൽ വേണ്ട വിവേകം ഇല്ലെങ്കിൽ നിങ്ങൾക്കു വിശ്വാസമുള്ള സഭയിലെ മൂപ്പന്മാരെ പണം ഏല്പിക്കുക. അവർ അർഹരായവർക്കു അതു വിതരണം ചെയ്തുകൊള്ളും. ആദ്യകാലസഭയിലെ രീതി ഇതായിരുന്നല്ലോ (അപ്പോ. പ്രവൃത്തി 4:34, 35).

'കൊടുപ്പിൻ; എന്നാൽ നിങ്ങൾക്കു കിട്ടും....നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നുകിട്ടും' (ലൂക്കോസ് 6:38). നമുക്കു ധാരാളമായുണ്ടോ അതോ ആവശ്യത്തിന് ഇല്ലയോ എന്നു നിർണ്ണയിക്കുന്ന ദൈവികനിയമം ഇതാണ്. മറ്റുള്ളവർക്ക് നാം ഔദാര്യമായി കൊടുത്താൽ ദൈവവും ഔദാര്യമായിത്തരും. ലുബ്ധു കാട്ടിയാൽ ദൈവവും അപ്രകാരം പെരുമാറും.

പല വിശ്വാസികളുടേയും ബുദ്ധിമുട്ടിന് ഒരു കാരണം പണസ്നേഹമാണ്. എല്ലാവരും പണത്തെ സ്നേഹിക്കുന്നു. നാം വീണ്ടും ജനിക്കുമ്പോൾ പണസ്നേഹം പൊടുന്നനെ അപ്രത്യക്ഷമാകുകയില്ല. എന്നാൽ നാം നമ്മെത്തന്നെ വിധിക്കുന്നതിൽ വിശ്വസ്തരായിരുന്നാൽ അതു ക്രമേണയും ഒടുവിൽ പൂർണ്ണമായും നമ്മുടെ ജീവിതത്തിൽനിന്ന് അപ്രത്യക്ഷമാകും.

**3) പാഴ്ച്ചെലവുകൾ**

സാമ്പത്തികകാര്യങ്ങളിൽ നീതിമാന്മാരിയിരിക്കുക എന്നതു ലക്ഷ്യത്തിലേയ്ക്കുള്ള ആദ്യപടിയാണ്. നാം തുടർന്നു പഠിക്കേണ്ടത് വിശ്വസ്തരായിരിക്കാനാണ്. പണം ദുരുപയോഗപ്പെടുത്തുന്നു എന്നതാണ് പലരും കടത്തിലാകുന്നതിന്റെ കാരണം. തങ്ങളുടെ മാസവരുമാനത്തിന് ഒപ്പിച്ചു ചെലവു നിയന്ത്രിക്കാൻ അവർ പഠിച്ചിട്ടില്ല. ഉറുമ്പിൽനിന്നു ബുദ്ധിപഠിച്ച് മാസന്തോറും അൽപാൽപം മിച്ചം വയ്ക്കാൻ അവർക്കു കഴിയുന്നില്ല (സദൃശവാക്യം 6:6-11). അതുകൊണ്ട് ഒരത്യാവശ്യം വരുമ്പോൾ അവർക്കു കടം വാങ്ങുകയോ ഇരക്കുകയോ ചെയ്യേണ്ടിവരുന്നു.

ഒരുവൻ പ്രതിമാസം എത്ര മിച്ചം വയ്ക്കണം? അത് ആശ്രയിച്ചിരിക്കുന്നത് അവന്റെ വ്യക്തിപരമായ വിശ്വാസത്തെയാണ്-ദൈവം അവനു പങ്കിട്ടു കൊടുത്ത വിശ്വാസത്തിന്റെ അളവിനെ (റോമർ 12:8). കഴിഞ്ഞ നൂറ്റാണ്ടിൽ ബ്രിസ്റ്റോളിൽ ജീവിച്ചിരുന്ന ജോർജ്ജ് മുള്ളറിനെപ്പോലെ ചിലർക്ക് തങ്ങളുടെ പണം മുഴുവൻ ദൈവവേലയ്ക്കു കൊടുത്ത് ഒട്ടും സമ്പാദിക്കാതിരിക്കാൻ തക്ക വിശ്വാസമുണ്ടായിരുന്നു. ആവശ്യങ്ങളുടെ സമയത്ത് ദൈവം അവരെ ലജ്ജിപ്പിക്കാതെ അത്ഭുതകരമായി വഴിനടത്തി. അത്രയും വിശ്വാസം ഇല്ലെങ്കിൽ (നമ്മിൽ ബഹുഭൂരിപക്ഷത്തിനും അത്രയും ഇല്ല) നാം വിനയത്തോടെ അതു സമ്മതിക്കുകയും അല്പാല്പം മിച്ചം വയ്ക്കുകയും ചെയ്യുക. അങ്ങനെയെങ്കിൽ ആവശ്യസമയത്തു മറ്റു സഹോദരന്മാരോ സഹോദരിമാരോ സഹായിപ്പാൻ വരും എന്ന പ്രതീക്ഷയിൽ കഴിയേണ്ടി വരികയില്ലല്ലോ.

യേശു പോലും അഞ്ചപ്പവും രണ്ടുമീനും അത്രയും വർദ്ധിപ്പിച്ചു





നൽകിയ ശേഷം ഒട്ടും പാഴാകാതെ ശേഷിച്ച കഷണം ശേഖരിക്കാൻ ശിഷ്യന്മാരോടു പറഞ്ഞു (യോഹ.6:12). പാഴാക്കിക്കളയുന്നതു കർത്താവ് ഇഷ്ടപ്പെടുന്നില്ല. പലരും വീട്ടുചെലവുകളുടെ കാര്യത്തിൽ പാഴ്ചെലവുകാരാണ്. ഇക്കാര്യത്തിൽ തോൽവി ഉള്ളവർ തങ്ങളുടെ പ്രതിമാസവരവുചെലവു സംബന്ധിച്ചു കണക്കു സൂക്ഷിച്ച് എവിടെയാണ് അമിതവ്യയം വരുന്നതെന്നു കണ്ടെത്തി നിയന്ത്രിക്കണം. ഇക്കാര്യം ഗൗരവമായി എടുക്കുന്നില്ലെങ്കിൽ നാം എന്നും കടക്കാരായിരിക്കും.

വിശ്വാസികളിൽ പർക്കും അനാവശ്യച്ചെലവ് ഉണ്ടാകുന്നതു മനുഷ്യരുടെ മാനം തേടുന്നതിനോടുള്ള ബന്ധത്തിലാണ്. വിവാഹകാര്യങ്ങളിൽ ഇതു പ്രത്യേകിച്ചും ശരിയാണ്. ഒരു ഗംഭീര വിവാഹം നടത്തി പലരും കടക്കാരായി മാറുന്നു. ഇതു വിഡ്ഢിത്തമാണ്. ഇതുപോലെ മറ്റു ചിലർ മനുഷ്യമാനത്തിനു വേണ്ടി മാത്രം വീട്ടിലേക്കു വിലപിടിച്ച സാധനങ്ങൾ വാങ്ങിക്കുകയും ഗംഭീര സദ്യകൾ ഒരുക്കുകയും ചെയ്യുന്നു. ഇതെല്ലാം മടയത്തരമാണ്. ദൈവമുമ്പാകെ സ്വതന്ത്രരായി ജീവിക്കാൻ നാം മനുഷ്യരുടെ മാനം തേടുന്ന മനോഭാവത്തിനു മരിക്കേണ്ടിയിരിക്കുന്നു. അപ്പോൾ നമ്മുടെ കടത്തിൽനിന്നു സ്വാതന്ത്ര്യം നേടുവാനും കഴിയും.

നാം പണത്തിന്റെ കാര്യത്തിൽ വിശ്വസ്തരല്ലെങ്കിൽ ദൈവരാജ്യത്തിന്റെ യഥാർത്ഥസമ്പത്ത് നമ്മെ ഏൽപിക്കുകയില്ലെന്ന് യേശു പറഞ്ഞു (ലൂക്കോസ് 16:11). മിക്ക പ്രസംഗകരും ഇന്നു നടത്തുന്ന ശുഷ്കമായ പ്രസംഗങ്ങൾ ശ്രദ്ധിച്ചാൽ ദൈവവചനത്തിലെ യഥാർത്ഥവെളിപ്പാട് അവർക്കില്ലെന്നു വ്യക്തമാകും. ഇതിനു കാരണം അവർ സാമ്പത്തികകാര്യങ്ങളിൽ വിശ്വസ്തരല്ല എന്നതാണ്. ദൈവം നമുക്കും തന്റെ വചനത്തിൽനിന്ന് വെളിപ്പാടുകൾ തരുന്നില്ലെങ്കിൽ പണപരമായ

**പല വിശ്വാസികളുടേയും ബുദ്ധിമുട്ടിന് ഒരു കാരണം പണസ്നേഹമാണ്. എല്ലാവരും പണത്തെ സ്നേഹിക്കുന്നു. നാം വീണ്ടും ജനിക്കുമ്പോൾ പണസ്നേഹം പൊടുന്നനെ അപ്രത്യക്ഷമാകുകയില്ല. എന്നാൽ നാം നമ്മെത്തന്നെ വിധിക്കുന്നതിൽ വിശ്വസ്തരായിരുന്നാൽ അതു ക്രമേണയും ഒടുവിൽ പൂർണ്ണമായും നമ്മുടെ ജീവിതത്തിൽനിന്ന് അപ്രത്യക്ഷമാകും.**

കാര്യങ്ങളിൽ നാം വിശ്വസ്തരാണോ എന്നു പരിശോധിക്കുന്നതു നല്ലതാണ്. ഒരുപക്ഷേ നാം പണത്തിന്റെ കാര്യത്തിൽ അനീതിയുള്ളവരായിരിക്കുകയില്ല എന്നാൽ നാം പാഴ്ച്ചെലവുകാരായിരിക്കും.

**4) മറ്റുള്ളവരെ വിധിക്കുക**

നാം വിതയ്ക്കുന്നതു കൊയ്യും. നാം വിമർശിക്കുന്നവരും മറ്റുള്ളവരെ വിധിക്കുന്നവരുമാണെങ്കിൽ നാം സാമ്പത്തിക ക്ലേശത്തിലാകുന്നെങ്കിൽ അത്ഭുതപ്പെടരുത്.

ദൈവത്തിന്റെ ഏതെങ്കിലും അഭിഷിക്തനായ ദാസനെ നാം വിമർശിക്കുകയോ വിധിക്കുകയോ ചെയ്യുന്നുണ്ടോ? ഇത് അപകടകരമായ ഒരു കാര്യമാണ്. 'എന്റെ അഭിഷിക്തന്മാരെ തൊടരുത്. എന്റെ പ്രവാചകന്മാർക്ക് ഒരു ദോഷവും ചെയ്യരുത്' (സങ്കീ.105:15) എന്നു ദൈവം പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. തന്റെ ദാസന്മാരെ വിമർശിക്കുകയും വിധിക്കുകയും ചെയ്യുന്നവരോടു ദൈവം കർക്കശമായി ഇടപെടും. മുൻകാലങ്ങളിൽ (ഒരുപക്ഷേ അതു വളരെ മുൻപാകാം) നാം ദൈവദാസന്മാർക്കെതിരെ സംസാരിക്കുകയും അവരുടെ പ്രവൃ

ത്തികളെ (അതു വിലയിരുത്തേണ്ടതു നമ്മളാണെന്ന ഭാവത്തിൽ) വിധിക്കുകയും ചെയ്തിട്ടുണ്ടോ? എങ്കിൽ ആ കാര്യത്തിൽ നാം അനുതപിക്കുകയും പാപങ്ങളെ ഏറ്റുപറയുകയും ചെയ്തിട്ടില്ല എന്നതാകാം നമ്മുടെ ഇപ്പോഴത്തെ സാമ്പത്തികക്ലേശത്തിനു കാരണം. ഓരോരുത്തരും ഇക്കാര്യത്തിൽ സ്വയ പരിശോധന നടത്തേണ്ടിയിരിക്കുന്നു.

ദൈവമക്കളുടെ ഇടയിലുള്ള പല രോഗങ്ങളുടെ കാരണവും ഇതാണ്. നമ്മുടെ അശ്രദ്ധമായ വാക്കുകളെക്കുറിച്ചു സാമ്പത്തിക ക്ലേശങ്ങളിലൂടെയും രോഗങ്ങളിലൂടെയും ദൈവം നമ്മോടു സംസാരിക്കുകയാണ്. ദൈവത്തിന്റെ അഭിഷിക്തന്മാരെക്കുറിച്ചു വീട്ടിൽവച്ചു ശ്രദ്ധയില്ലാതെ പറഞ്ഞ വാക്കുകൾ ഇപ്പോൾ അമ്പുകൾ പോലെ തിരിച്ചു വന്നു നമ്മെ മുറിവേൽപിക്കുന്നു. നമ്മെത്തന്നെ നിശിതമായി വിധിക്കുകയും താഴ്ത്തുകയും ബന്ധപ്പെട്ടവരോടു ക്ഷമ ചോദിക്കുകയും ചെയ്യുക എന്നല്ലാതെ ഇതിനൊരു പോംവഴിയില്ല.

അമിതച്ചെലവുകാരാണെന്നു നമുക്കു തോന്നിയ ചില സഹവിശ്വാസികൾക്കു നേരേയായിരിക്കാം ഒരു പക്ഷേ നമ്മുടെ വിമർശനത്തിന്റെ വാൾമുനനീണ്ടുചെന്നിട്ടുള്ളത്. അങ്ങനെ നാം പരകാര്യത്തിൽ ഇടപെടുന്നവരായി. മറ്റുള്ളവരുടെ കാര്യത്തിൽ തലയിടുന്നതു അവസാനിപ്പിക്കുക എന്നതു പഠിപ്പിക്കാനായി ഇപ്പോൾ ദൈവം നമ്മെ സാമ്പത്തിക ബുദ്ധിമുട്ടുകൾകൊണ്ടു ന്യായം വിധിക്കുകയാവാം. മറ്റുള്ളവരെ വിധിച്ച കാര്യങ്ങളെക്കുറിച്ച് അവർക്കെതിരേ മീറ്റിംഗുകളിൽ എഴുന്നേറ്റുനിന്ന് ഒളിയമ്പുകൾ പ്രയോഗിക്കത്തക്കവിധം ഒരുവനു ജഡികനായി മാറാൻ കഴിയും. പക്ഷേ ദൈവം ആ വാക്കുകൾ ശ്രദ്ധിക്കുന്നു. ജഡത്തിൽ ഇപ്രകാരം വിതച്ചതിനാൽ വർഷങ്ങൾക്കുശേഷം നാശം കൊയ്യാൻ ഇടയായേക്കാം. നമുക്കു നമ്മെത്തന്നെ സൂക്ഷിക്കാം.

**5) അവിശ്വാസം**

**ദൈവം ഒരിക്കലും തന്റെ വിശ്വസ്ത മക്കളെ കൈവിടുകയില്ല. ഏലിയാവിനെ എന്നപോലെ ആവശ്യമെങ്കിൽ കാക്കയെക്കൊണ്ടും അവരെ പോഷിപ്പിക്കും. ദൈവത്തിനു നമുക്കു തരാൻ പ്രസാദം തോന്നിയതെന്തോ അതിൽ തൃപ്തിപ്പെടുക. നമ്മേക്കാൾ ഏറെയുള്ള മറ്റു വിശ്വാസികളുമായി നമ്മെ താരതമ്യം ചെയ്യാനുള്ള മൗഢ്യം ഉപേക്ഷിക്കുക. നമ്മെ ഒരുനാളും കൈവിടുകയും ഉപേക്ഷിക്കുകയും ഇല്ലെന്നു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു**

അവസാനമായി അവിശ്വാസമാകാം കടത്തിലാകാനുള്ള കാരണം.

ലോകത്തിലെ ഒരു നിരീശ്വരൻ സാമ്പത്തികക്ലേശത്തിലാകുമ്പോൾ സഹായത്തിനായി മറ്റു മനുഷ്യരുടെ അടുക്കലേക്ക് ഓടുന്നു. കാരണം അവൻ ദൈവം ഉണ്ടെന്നു വിശ്വസിക്കുന്നില്ല. എന്നാൽ നമ്മെ സംബന്ധിച്ചോ? നാം ആവശ്യത്തിലാകുമ്പോൾ എന്താണു ചെയ്യുന്നത്? ദൈവത്തിനു സാമ്പത്തിക ആവശ്യങ്ങളുടെ മുമ്പിൽ നമ്മെ പരിശോധിക്കാൻ കഴിയും. അപ്പോസ്തലന്മാരും മിക്കപ്പോഴും സാമ്പത്തികആവശ്യങ്ങളിലായിട്ടുണ്ട് (1 കൊരിന്ത്യർ 4:11 നോക്കുക). പക്ഷേ അവർ ഒരിക്കലും ഇരക്കാനോ കടം വാങ്ങാനോ പോയില്ല. ദൈവം ആവശ്യങ്ങളിൽ കരുതുമെന്ന് അവർ വിശ്വസിച്ചു. ദൈവം അപ്രകാരം ചെയ്തു.

ദൈവം ഒരിക്കലും തന്റെ വിശ്വസ്തമക്കളെ കൈവിടുകയില്ല. ഏലിയാവിനെ എന്നപോലെ ആവശ്യമെങ്കിൽ കാക്കയെക്കൊണ്ടും അവരെ പോഷിപ്പിക്കും. നാം നമ്മുടെ പണപരമായ ആവശ്യങ്ങളെ പ്രാർത്ഥനയിൽ വിശ്വാസത്തോടെ ദൈവമുമ്പാകെ കൊണ്ടുവന്നിട്ടുണ്ടോ? അതോ നമ്മൾ നിരീശ്വരരെപ്പോലെയാണോ പെരുമാറി





യത്? (യെശയ്യാവ് 30:7-21, 121-ാം സങ്കീർത്തനം എന്നീ ഭാഗങ്ങൾ ഇതിനോടുള്ള ബന്ധത്തിൽ വായിക്കുക).

ദൈവത്തിനു നമുക്കു തരാൻ പ്രസാദം തോന്നിയതെന്തോ അതിൽ തൃപ്തിപ്പെടുക. നമ്മേക്കാൾ ഏറെയുള്ള മറ്റു വിശ്വാസികളുമായി നമ്മെ താരതമ്യം ചെയ്യാനുള്ള മൗഢ്യം ഉപേക്ഷിക്കുക. നമ്മെ ഒരുനാളും കൈവിടുകയും ഉപേക്ഷിക്കുകയും ഇല്ലെന്നു ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു (എബ്രാ. 13:5).

ഇപ്പോൾ കടക്കാരായിരിക്കുന്ന എല്ലാവരും മുകളിൽപ്പറഞ്ഞ മേഖലകളിൽ തങ്ങളെത്തന്നെ പരിശോധിക്കുകയും കാര്യങ്ങളെ ക്രമപ്പെടുത്തുകയും ചെയ്യണം. കടത്തിലായിരിക്കുന്ന നിങ്ങൾ ഒരു ക്രിസ്തീയനേതാവോ മൂപ്പനോ ആണെങ്കിൽ മറ്റുള്ളവരെക്കാൾ പത്തു മടങ്ങു തന്നത്താൻ വിധിക്കാൻ ബാധ്യസ്ഥനാണ്. കടക്കാരനായിരിക്കുന്ന ഒരാൾക്കും ദൈവജനത്തിന്റെ മൂപ്പനായിരിക്കാൻ അവകാശമില്ല.

ഇനി നാം എന്താണു ചെയ്യേണ്ടത്?

നാം വളരെ മൗലികമായ നിലപാടുകൾ എടുക്കേണ്ടിയിരിക്കുന്നു. കടത്തിലായിരിക്കുക എന്നതു റോമർ 13:8 എന്ന ദൈവവചനത്തിന്റെ ലംഘനമാണെന്നും അതു പാപമാണെന്നും നാം വ്യക്തമായിക്കാണണം. കടത്തിൽ ജീവിക്കുക എന്നതു പാപത്തിൽ ജീവിക്കുക എന്നതാണ്. പാപത്തെ ഒഴിവാക്കാൻ വേണ്ടിവന്നാൽ വലങ്കൈ വെട്ടിക്കളയുകയും വലത്തെ കണ്ണ് ചൂഴ്ന്നു കളയുകയും ചെയ്യുന്നതാണ് മൗലികമായ പെരുമാറ്റം. അതുകൊണ്ട് കടം വീട്ടുവാൻ നാം അടിയന്തര നടപടികൾ എടുക്കേണ്ടിയിരിക്കുന്നു.

ആദ്യമായി നമ്മുടെ ബാങ്ക് അക്കൗണ്ടിൽ നിന്നു പണം മുഴുവൻ (കഷ്ടിച്ചു പ്രതിമാസച്ചെലവുകൾക്കുള്ള പണം അവശേഷിപ്പിച്ച് ബാക്കി മുഴുവൻ) പിൻവലിച്ച് കടം വീട്ടാൻ തുടങ്ങുക. പിന്നെ വീട്ടിൽ സ്വർണ്ണമോ വെള്ളിയോ എന്തെങ്കിലും ഉണ്ടെങ്കിൽ അതു മുഴുവൻ വിൽക്കുക. കടം ഉടനെ വീട്ടാൻ വേണ്ടി പ്രതിമാസച്ചെലവുകളിലും വെട്ടിക്കുറവു വരുത്തുക. മുഴുവൻ തുകയും സംഭരിച്ചിട്ട് കടം വീട്ടാമെന്ന് ഒരിക്കലും കരുതരുത്. മാസന്തോറും നമുക്ക് കഴിയുന്നത്ര തുക വീതം തിരിച്ചു കൊടുത്തു കൊണ്ടിരിക്കുക. ഇക്കാര്യത്തിൽ അടിസ്ഥാനപരമായ നിലപാടുകൾ നാം എടുക്കുന്നുവെന്നു കാണുമ്പോൾ ദൈവം നമ്മെ സഹായിക്കും. കടം വീട്ടുന്നതിൽ വലിയ ശുഷ്കാന്തി കാണിക്കാത്തവരാണു പലരും. ദൈവം അങ്ങനെയുള്ളവരെ സഹായിക്കുകയില്ല. തന്നെ അനുസരിക്കുന്നതിൽ മുഴുഹൃദയവും വച്ചിരിക്കുന്നവരെയാണ് അവിടുന്ന് സഹായിക്കുക (യിരെമ്യാവ് 29:11-13). കടം വീട്ടാൻ ഈ നടപടികളെടുക്കാൻ നമ്മൾ തയ്യാറാകുന്നില്ലെങ്കിൽ ഒരു കാര്യം വ്യക്തമാണ് - നമ്മൾ മൗലികതയുള്ള ക്രിസ്ത്യാനികളല്ല. യേശുവിന്റെ ശിഷ്യന്മാരുമല്ല. ജീവിതം മുഴുവൻ ജഡികരായ ക്രിസ്ത്യാനികളായി തുടർന്ന് അതിന്റെ പരിണതഫലം അനുഭവിക്കാൻ ദൈവം നമ്മെ വിടും.

തന്നെ മാനിക്കുന്നവരെയാണു ദൈവം മാനിക്കുന്നത്.

ഭൂതകാലത്തിലെ പരാജയങ്ങളുടെ പേരിൽ ആരെയെങ്കിലും കുറ്റം വിധിക്കുവാനല്ല ഈ ലേഖനം എഴുതിയിരിക്കുന്നത്. ഭാവികാലത്തിന്റെ വെളിച്ചത്തിലല്ലാതെ ഭൂതകാലത്തെക്കുറിച്ചു ദൈവം നമ്മോടു സംസാരിക്കുകയില്ല. കഴിഞ്ഞകാലതെറ്റുകൾക്കു ദൈവത്തിന്റെ പക്കൽ എപ്പോഴും ക്ഷമയുണ്ട്. പക്ഷേ ദൈവം ക്ഷമിക്കുന്നതു നാം ഭാവിയിൽ ദൈവത്തെ ഭയപ്പെടുവാൻ വേണ്ടിയാണ് (സങ്കീ.130:4).

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

സുവിശേഷം

# ജനനമോ അഭ്യസനമോ?

**ഒ**രു രാജാവിനു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. ഒരു ദിവസം അവർ രാജാവിനെ സമീപിച്ച് ഒരു സംശയം ചോദിച്ചു "നന്മനിറഞ്ഞ മാന്യനായ ഒരു മനുഷ്യൻ ജന്മനാ അങ്ങനെയാണോ? അതോ അഭ്യസനംകൊണ്ട് നല്ലവനായി മാറുന്നതാണോ?"

രാജാവ് ഒരു നിമിഷം ആലോചിച്ചിരുന്നു. പിന്നീട് അദ്ദേഹം പുത്രന്മാരോടു പറഞ്ഞു "മറുപടി നിങ്ങൾ തന്നെ പറയുക. അഭിപ്രായങ്ങൾ തുറന്നു പറഞ്ഞോളൂ."

മൂത്ത മകൻ പെട്ടെന്ന് ഉത്തരം നൽകി. "എന്റെ അഭിപ്രായത്തിൽ ഇത്തരം ഒരു മനുഷ്യൻ ജനനത്തിൽത്തന്നെ അങ്ങനെയാണ്".

"ഞാനതിനോട് യോജിക്കുന്നില്ല" രണ്ടാമൻ എടുത്തടിച്ചതുപോലെ പറഞ്ഞു "അങ്ങനെ ഒരു മനുഷ്യൻ അഭ്യസനത്തിലൂടെ രൂപപ്പെടുന്നതാണ്."

"ശരി" രാജാവ് തീർപ്പുകല്പിച്ചു "നിങ്ങൾക്കിരുവർക്കും ഒരാഴ്ചത്തെ സമയം തരുന്നു. നിങ്ങളുടെ അഭിപ്രായങ്ങൾ തെളിയിക്കാനുള്ള തെളിവുകൾ ഹാജരാക്കുക."

പുത്രന്മാർ ഇരുവരും വ്യത്യസ്ത ദിശകളിലേക്കു യാത്രയായി. തങ്ങളുടെ വാദഗതി തെളിയിക്കാൻ സഹായകരമായ ആളുകളെ കൃത്യസമയത്തിനകം ഹാജരാക്കണം-അതായിരുന്നു ഇരുവരുടേയും ഉദ്ദേശ്യം.

രണ്ടാമത്തെ മകൻ യാത്രാമദ്ധ്യേ ഒരു ഭക്ഷണശാലയിൽക്കയറി. ഒരു കാപ്പിക്ക് ഓർഡർ ചെയ്തു. കാപ്പിയുമായി വരുന്ന 'ആളെ' കണ്ടപ്പോൾ രാജകുമാരൻ അത്ഭുതപരതന്ത്രനായിപ്പോയി. പ്രത്യേകം പരിശീലനം സിദ്ധിച്ച ഒരു പൂച്ചയായിരുന്നു ഒരു ട്രേയിൽ കാപ്പിക്കപ്പുമായി വന്നത്! അതിനെ രണ്ടുപിൻകാലിൽ പൊങ്ങിനടക്കാൻ അഭ്യസിപ്പിച്ചിരുന്നു. മുൻകൈകൾക്കിടയിൽ ഒരു ട്രേയും പിടിച്ച് അതുമെല്ലെ വരുന്നതു കണ്ടാൽ ആരും അമ്പരന്നുപോകും. ഭക്ഷണശാലയിലെ മറ്റു വെയിറ്ററന്മാരുടെ യൂണിഫോം തുണികൊണ്ടുതന്നെ പൂച്ചയ്ക്കും കുപ്പായം തുന്നിയിരുന്നു. തലയിൽ ഒരു ചെറിയ തൊപ്പിയും ചരിച്ചുവച്ച് കാപ്പി ട്രേയുമായി പൂച്ച വരുന്നതുകണ്ടപ്പോൾ രാജകുമാരനു പെട്ടെന്നു തന്നെ തന്റെ അന്വേഷണത്തിനു ഉത്തരം ലഭിച്ചുവെന്നു ബോധ്യമായി. കേവലം ഒരു പൂച്ചയെ അഭ്യസനംകൊണ്ട് ഇത്രയും പരിശീലിപ്പിച്ചെടുക്കാമെങ്കിൽ ഏതു മനുഷ്യനെയും മാന്യനാക്കി പരിചയിപ്പിച്ചെടുക്കാമെന്നതിന് വേറെ തെളിവു വേണോ?

അന്വേഷണം നിർത്തി ചോദിച്ച പണം നൽകി പൂച്ചയെ വാങ്ങി രാജകുമാരൻ കൊട്ടാരത്തിലേക്കു തിരിച്ചു.

'നന്മനിറഞ്ഞ മാന്യനായ ഒരുവനെ





പരിശീലിപ്പിച്ചെടുക്കാനാവില്ല, അവൻ ജനിക്കുന്നതേ അങ്ങനെയാണ്' എന്നു വിശ്വസിച്ച മൂത്ത പുത്രനും ഒരു തെളിവ് കണ്ടെത്താനായി വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു. പക്ഷേ നിരാശയായിരുന്നു ഫലം. അനുയോജ്യമായ ഒരു തെളിവും കിട്ടാതെ അയാൾ വിഷണ്ണനായി ഒടുവിൽ കൊട്ടാരത്തിലേക്കു മടങ്ങി. ഇതിനിടെ രണ്ടാമത്തെ രാജകുമാരൻ 'തെളിവു'മായി തിരിച്ചെത്തിയ വിവരം കൊട്ടാരവൃത്തങ്ങളിൽ പരന്നു കഴിഞ്ഞിരുന്നു. ചിലർ 'അത്ഭുതപൂച്ച്'യെ നേരിൽക്കാണുകപോലും ചെയ്തു. അങ്ങനെ ഈ പൂച്ചയെക്കുറിച്ചുള്ള വിവരം മൂത്ത രാജകുമാരനും അറിയാനിടയായി. തന്റെ വാദഗതി തെളിയിക്കാൻ പഴുതു തേടി തലപുകച്ച അയാൾ പെട്ടെന്ന് എന്തോ സൂത്രം പിടികിട്ടിയ മട്ടിൽ പുഞ്ചിരിച്ചു.

സമയം കടന്നുപോയി. ഒടുവിൽ ആ നിർണ്ണായകമായ ദിവസം എത്തിച്ചേർന്നു. രാജസദസ്സ് സമ്മേളിച്ചു. രാജാവ് സിംഹാസനസ്ഥനായി. ആദ്യം രണ്ടാമത്തെ രാജകുമാരൻ തന്റെ പൂച്ചയെ രംഗത്തിറക്കി. അതിന്റെ വേഷവും രണ്ടുകാലിലുള്ള നടപ്പും എല്ലാവരേയും ആശ്ചര്യഭരിതരാക്കി. രാജകുമാരന്റെ നിർദ്ദേശാനുസരണം ഒരു ചെറിയ ട്രേയിൽ കാപ്പിയുമായി അതു രാജാവിന്റെ സമീപത്തേക്കു നീങ്ങി. എല്ലാവരും നിർന്നിമേഷരായി നോക്കിയിരിക്കെ പെട്ടെന്ന് മൂത്തപുത്രൻ തന്റെ കയ്യിലുണ്ടായിരുന്ന ഒരു വലിയ പെട്ടി തുറന്നു. പെട്ടിയിൽ നിന്ന് നൂറുകണക്കിന് എലികൾ സ്വതന്ത്രരായി തലങ്ങും വിലങ്ങും ഓടാൻ തുടങ്ങി.

ഒരു നിമിഷം.

പൂച്ച മറ്റെല്ലാം മറന്നു. കൈയിലുരുന്ന ട്രേയും കളഞ്ഞ് അത് കൂട്ടത്തിൽ ഒരെലിയുടെ പിന്നാലെ പാഞ്ഞു.

എല്ലാവരും ഒരു നിമിഷം

> **നാളുകൾക്കൊണ്ട് നിങ്ങൾക്ക് ഒരു പൂച്ചയെയോ മനുഷ്യനെയോ മാന്യതയും നന്മയും ഒരളവുവരെ അഭ്യസിപ്പിക്കാൻ കഴിയും. പക്ഷേ ഒരു അവസരം വരുമ്പോൾ തനിനിറം വ്യക്തമാകും. ബൈബിൾ പറയുന്നു-നമുക്കു തനിയെ നമ്മുടെ പാപസ്വഭാവം മാറ്റാൻ കഴിയുകയില്ല. ദൈവത്തിൽ നിന്നുള്ള ഒരു ജനനത്തിനു പകരമാകുന്നില്ല ഒരഭ്യസനവും. യേശു പറഞ്ഞു: "പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല"**

സ്തബ്ധരായിപ്പോയി. പിന്നീട് മൂത്ത പുത്രനെ അഭിനന്ദിച്ചുകൊണ്ട് രാജസദസ്സിൽ കരഘോഷം ഉയർന്നു.

സന്ദേശം എല്ലാവർക്കും വ്യക്തമായിരുന്നു. നാളുകൾക്കൊണ്ട് നിങ്ങൾക്ക് ഒരു പൂച്ചയെയോ മനുഷ്യനെയോ മാന്യതയും നന്മയും ഒരളവുവരെ അഭ്യസിപ്പിക്കാൻ കഴിയും. പക്ഷേ ഒരു അവസരം വരുമ്പോൾ തനിനിറം വ്യക്തമാകും.

ബൈബിൾ പറയുന്നു-നമുക്കു തനിയെ നമ്മുടെ പാപസ്വഭാവം മാറ്റാൻ കഴിയുകയില്ല. ദൈവത്തിൽ നിന്നുള്ള ഒരു ജനനത്തിനു പകരമാകുന്നില്ല ഒരഭ്യസനവും.

യേശു പറഞ്ഞു: "പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല...ജഡത്താൽ ജനിച്ചതു ജഡം ആകുന്നു. ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു".(യോഹ.3:3,6)

## ദൈവശബ്ദം തിരിച്ചറിയുന്നതെങ്ങനെ? പേജ് 21 ൽ നിന്ന്

പ്രാപ്തി കൈവരുന്നു. ദൈവം തന്റെ പ്രപഞ്ചത്തിൽ സ്പഷ്ടമായി സംസാരിക്കുന്നു എന്ന ബോദ്ധ്യം ഉണ്ടാകുംവരെ ബൈബിൾ നമുക്ക് ഒരു ജീവനുള്ള പുസ്തകമായിത്തീരുകയില്ല. നിർജീവമായ ഒരു ലോകത്തിൽ നിന്ന് ആധികാരികമായ ബൈബിളിലേക്ക് എടുത്തുചാടുക മിക്കവരെ സംബന്ധിച്ചും ബുദ്ധിമുട്ടുള്ള കാര്യമായിരിക്കും. ബൈബിൾ ദൈവവചനമായി സ്വീകരിക്കേണ്ടതാണെന്ന് അവർ അംഗീകരിക്കുന്നുണ്ടെങ്കിലും അതിന്റെ താളുകളിൽ എഴുതപ്പെട്ടിരിക്കുന്ന കാര്യങ്ങൾ യഥാർത്ഥത്തിൽ അവർക്കുവേണ്ടിയാണെന്ന് വിശ്വസിപ്പാൻ കഴിയുന്നില്ല. 'ഈ വചനങ്ങൾ എനിക്കുവേണ്ടിയുള്ളതാണെന്ന്' ഒരുവൻ പറയുമ്പോഴും ഹൃദയത്തിൽ അങ്ങനെ തോന്നണമെന്നില്ല. മറ്റെല്ലായിടത്തും നിശ്ശബ്ദനും ബൈബിളിൽ മാത്രം വാചാലനുമായ ഒരു ദൈവത്തെയാണ് അങ്ങനെയുള്ളവർ ഭാവനയിൽക്കാണുന്നത്.

നമ്മുടെ അവിശ്വാസത്തിന്റെ പ്രധാനകാരണം തിരുവെഴുത്തിലെ സത്യങ്ങളെക്കുറിച്ചുള്ള തെറ്റായ ധാരണകളാണ്. നിശ്ശബ്ദനായിരുന്ന ദൈവം ഒരു ഗ്രന്ഥത്തിലൂടെ പൊടുന്നനവേ സംസാരിക്കാൻ തുടങ്ങുകയും ഗ്രന്ഥം സമാപിക്കുമ്പോൾ വീണ്ടും നിശ്ശബ്ദനാകയും ചെയ്യുന്നതായാണ് പലരും ചിന്തിക്കുന്നത്. കുറെക്കാലത്തേക്ക് വാചാലനായിത്തീർന്ന ദൈവം അപ്പോൾ സംസാരിച്ച കാര്യങ്ങളുടെ രേഖയായി അവർ ബൈബിൾ വായിക്കുന്നു. ഇത്തരം അബദ്ധധാരണകൾ നമ്മിൽ എങ്ങനെ വിശ്വാസം ഉളവാക്കും? ദൈവം ഇപ്പോൾ നിശ്ശബ്ദനല്ല; ഒരു കാലത്തും നിശ്ശബ്ദനായിരുന്നില്ല. സംസാരിക്കുക എന്നത് ദൈവസ്വഭാവമാണ്. ഇതൊക്കെയാണ് സത്യം. ത്രിത്വത്തിലെ രണ്ടാമത്തെ വ്യക്തിയുടെ പേര് 'വചനം' എന്നാണ്. ദൈവത്തിന്റെ തുടർമാനമായുള്ള സംസാരത്തിന്റെ പരിണതഫലമാണ് ബൈബിൾ. നമുക്ക് പരിചിതമായ മനുഷ്യവാക്കുകളിൽ നൽകപ്പെട്ടിരിക്കുന്ന തെറ്റിപ്പോകാത്ത ദൈവികചിന്തകളുടെ വിളംബരമാണത്.

എന്നോ ഒരിക്കൽ ദൈവം സംസാരിച്ച വചനങ്ങളായിട്ടല്ല ഇപ്പോൾ സംസാരിക്കുന്ന ഒരു ഗ്രന്ഥമായി ബൈബിളിനെ നാം സമീപിക്കുമ്പോൾ മതപരമായ മൂടൽമഞ്ഞിൽനിന്നും ഉയർന്നുവരുന്ന ഒരു പുതിയ ലോകം നാം ദർശിക്കും. 'യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു' എന്നായിരുന്നു പ്രവാചകന്മാർ കൂടെക്കൂടെ പറഞ്ഞത്. വർത്തമാനകാലത്ത് സംസാരിച്ചുകൊണ്ടിരിക്കുന്ന ദൈവത്തെയാണ് അവർ പരിചയപ്പെടുത്തിയത്. ഒരിക്കൽ ഒരു സന്ദർഭത്തിൽ ദൈവം സംസാരിച്ചു എന്നു സൂചിപ്പിക്കാൻ ഭൂതകാലക്രിയ ഉപയോഗിക്കാമെങ്കിലും ദൈവം ഒരിക്കൽ അരുൾ ചെയ്ത വചനം തുടർമാനമായി സംസാരിച്ചുകൊണ്ടേയിരിക്കുന്നതാണ്. ഒരിക്കൽ ജനിച്ച ശിശുജീവിച്ചുകൊണ്ടിരിക്കുന്നതുപോലെ, ഒരിക്കൽ സൃഷ്ടിക്കപ്പെട്ട ലോകം നിലനിൽക്കുന്നതുപോലെ. ഇതൊക്കെ അപൂർണ്ണമായ ദൃഷ്ടാന്തങ്ങൾ മാത്രം. ശിശുക്കൾ മരിക്കയും ലോകം കത്തിനശിക്കയും ചെയ്യുമ്പോഴും ദൈവവചനം എന്നേക്കും നിലനിൽക്കുന്നു.

നിങ്ങൾ കർത്താവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്നു എങ്കിൽ നിങ്ങളോട് ദൈവം സംസാരിക്കും എന്ന വലിയ പ്രതീക്ഷയോടെ ഉടനടി തുറന്ന ബൈബിളിലേക്ക് വരിക. സൗകര്യം പോലെ നിങ്ങൾക്ക് കൈകാര്യം ചെയ്യാവുന്ന ഒരു വസ്തുവായി അതിനെ കരുതാതിരിക്കുക. അതൊരു വസ്തുവല്ല; മറിച്ച് ഒരു ശബ്ദമാണ്, ഒരു വചനമാണ്, ജീവനുള്ള ദൈവത്തിന്റെ വചനം തന്നെ. ●



ധ്യാനം

# ദൈവത്തിന് ആളുകളെ ആവശ്യമുണ്ട്

**ദൈ**വത്തിന് ഇന്ന് താഴെപ്പറയുന്ന യോഗ്യതകളുള്ള ആളുകളെ ആവശ്യമുണ്ട്.

ദിനംപ്രതി തന്റെ മുമ്പാകെ നിന്ന് തന്റെ ശബ്ദം കേൾക്കുന്നവർ.

ദൈവത്തെയല്ലാതെ മറ്റാരെയും മറ്റൊന്നിനെയും ആഗ്രഹിക്കാത്തവർ.

ദൈവത്തോടുള്ള ഉറ്റ സ്നേഹം നിമിത്തം തങ്ങളുടെ എല്ലാ വഴികളിലും സകലവിധ പാപത്തെയും വെറുക്കുന്നവർ: നീതിയെയും സത്യത്തെയും സ്നേഹിക്കുന്നവർ.

കോപത്തെയും പാപകരമായ ലൈംഗികചിന്തകളെയും ജയിച്ചവരും തങ്ങളുടെ ചിന്തയിലോ മനോഭാവത്തിലോ പാപം ചെയ്യാനിടയാകുന്നതിനെക്കാൾ മരണമാണ് കൂടുതൽ അഭികാമ്യമെന്ന് കരുതുന്നവരുമായ ആളുകൾ

ദിനംതോറും തങ്ങളുടെ ക്രൂശെടുത്തുകൊണ്ട് പൂർണ്ണതയിലേക്കു മുന്നേറുന്നവർ; ഭയത്തോടും വിറയലോടും കൂടി സ്വന്തരക്ഷയ്ക്കായി പ്രവർത്തിക്കുന്നവർ.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞവർ; എത്ര വലിയ പ്രകോപനമുണ്ടായാലും മറ്റൊരു വ്യക്തിയുടെ നേരേ സ്നേഹശൂന്യമായ ഒരു മനോഭാവം കൈക്കൊള്ളാത്തവിധം ദൈവസ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവർ

മനുഷ്യരുടെ പ്രശംസയോ ആത്മീയപുരോഗതിയോ ദൈവത്താൽ അംഗീകരിക്കപ്പെട്ട ശുശ്രൂഷയോ മറ്റെന്തു തന്നെയോ ലഭിച്ചാലും തങ്ങൾ എല്ലാവിശുദ്ധന്മാരിലും ഏറ്റവും ചെറിയവരാണെന്നുള്ള ബോധം കൈവിടാതെ താഴ്മയിൽത്തന്നെ അടിയുറച്ചു നില്ക്കുന്നവർ.

ദൈവവചനത്തിലൂടെ ദൈവസ്വഭാവത്തെക്കുറിച്ചും ഈ ലോകത്തിൽ ദൈവത്തിനു സാധിക്കുവാനുള്ള ലക്ഷ്യങ്ങളെക്കുറിച്ചും മനസ്സിലാക്കിയിട്ടുള്ളവർ; ഏറ്റവും ചെറിയ കല്പനകളിൽപ്പോലും അനുസരണക്കേടു കാണിക്കുകയോ അവ മറ്റുള്ളവരെ പഠിപ്പിക്കുന്നതിൽ ഉപേക്ഷ വിചാരിക്കുകയോ ചെയ്യാതെ ദൈവവചനത്തിന്റെ മുമ്പിൽ വിറയ്ക്കുന്നവർ.

ദൈവത്തിന്റെ മുഴുവൻ ആലോചനയും മറ്റുള്ളവരെ അറിയിക്കയും മതപരമായ വേശ്യാവൃത്തിയെയും ദൈവവചനവിരുദ്ധമായ മാനുഷികപാരമ്പര്യങ്ങളെയും വെളിച്ചത്തുകൊണ്ടുവരികയും ചെയ്യുന്നവർ.

ദൈവഭക്തിയുടെ മർമ്മത്തെപ്പറ്റി-ക്രിസ്തുജഡത്തിൽ വെളിപ്പെടുകയും തന്റെ ജഡത്തിലൂടെ ജീവനുള്ള പുതുവഴി തുറക്കുകയും ചെയ്തതിനെപ്പറ്റി-പരിശുദ്ധാത്മാവിലൂടെ വെളിപ്പാടു പ്രാപിച്ചവർ.

തീക്ഷ്ണതയോടും സ്ഥിരചിത്തതയോടും കൂടി അധ്വാനിക്കുന്നവർ; അതേ സമയം തന്നെ നർമ്മബോധവും ശാന്തതയും പൂണ്ട് കൊച്ചുകുട്ടികളോടൊത്ത് കളിക്കുവാനും പ്രകൃതിദത്തമായ ദൈവികദാനങ്ങൾ ആസ്വദിക്കു

വാനും കഴിവുള്ളവർ.

തന്നെത്താൻ പീഡിപ്പിക്കുന്ന ശരീരാഭ്യാസങ്ങളിലേർപ്പെടാതെ തന്നെ ആത്മശിക്ഷണത്തോടും ക്ലേശസഹിഷ്ണുതയോടും കൂടെ ജീവിക്കുന്നവർ

വിശേഷവസ്ത്രങ്ങളിലോ ഉല്ലാസയാത്രകളിലോ താൽപര്യമില്ലാത്തവർ: പാഴ്വേലകൾക്കായി തങ്ങളുടെ സമയമോ പ്രയോജനമില്ലാത്ത വസ്തുക്കൾക്കായി പണമോ ദുർവ്യയം ചെയ്യാത്തവർ.

വിശിഷ്ടഭോജ്യങ്ങളോടുള്ള കൊതി ഉപേക്ഷിച്ചവർ, സംഗീതം, വിനോദം എന്നിവപോലെ നിയമാനുസൃതങ്ങളായ കാര്യങ്ങൾക്കു തന്നെയും അടിമകളാകാത്തവർ.

മനുഷ്യരുടെ പരിഹാസം, ഉപദ്രവം, വ്യാജമായ കുറ്റാരോപണം, രോഗം, ദാരിദ്ര്യം, സ്വജനങ്ങളുടെ വൈരം, മതനേതാക്കളിൽനിന്നുള്ള പീഡനം എന്നീ കഷ്ടതകളുടെ തീച്ചൂളയിൽക്കൂടിക്കടന്നും ദൈവത്താൽ ആ വിധം ശോധന ചെയ്യപ്പെട്ടും കൊള്ളാവുന്നവരായിത്തെളിഞ്ഞവർ.

തങ്ങൾ തന്നെ പാപികളിൽ പ്രധാനികളെന്നറികയാൽ നികൃഷ്ടപാപികളോടും ഒന്നിനും കൊള്ളരുതാത്ത വിശ്വാസികളോടും സഹതാപം കാണിപ്പാൻ കഴിയുന്ന കരുണാപൂർണ്ണന്മാർ.

ഒന്നിനെക്കുറിച്ചും ഉൽക്കണ്ഠപ്പെടാതെയും സാത്താനെയോ ദുഷ്ടജനങ്ങളെയോ പ്രതികൂലസാഹചര്യങ്ങളെയോ മറ്റെന്തിനെയെങ്കിലുമോ ഭയപ്പെടാതെയും തങ്ങളുടെ സ്വർഗ്ഗസ്ഥപിതാവിന്റെ സ്നേഹം മൂലമുള്ള പൂർണ്ണ സുരക്ഷിതബോധത്തിൽ ഉറച്ചുനിൽക്കുന്നവർ.

എല്ലാ കാര്യങ്ങളിലും തങ്ങളുടെ പരമമായ നന്മയ്ക്കായി ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്ന വിശ്വാസം മൂലം ദൈവത്തിലുള്ള സ്വസ്ഥതയിൽ പ്രവേശിച്ചവർ: തന്മൂലം എല്ലാ മനുഷ്യർക്കും എല്ലാ വസ്തുക്കൾക്കും സാഹചര്യങ്ങൾക്കുമായി എല്ലായ്പ്പോഴും ദൈവത്തെ സ്തുതിക്കുന്നവർ.

ദൈവത്തിൽ മാത്രം സന്തുഷ്ടി കണ്ടെത്തുകയാൽ എല്ലാ അസന്തുഷ്ടിയെയും ജയിച്ച് സന്തോഷപരിപൂർണ്ണരായി ജീവിക്കുന്നവർ.

തങ്ങളിലോ തങ്ങളുടെ പ്രകൃതിസിദ്ധമായ കഴിവുകളിലോ ആശ്രയിക്കാതെ എല്ലാ സാഹചര്യങ്ങളിലും എല്ലാറ്റിനും മതിയായ ദൈവത്തിൽ പൂർണ്ണാശ്രയം വച്ചുകൊണ്ട് സജീവമായ വിശ്വാസം മുറുകെപ്പിടിക്കുന്നവർ.

സ്വന്തവിവേകത്തെയും യുക്തിബോധത്തെയും പിന്തുടരാതെ പരിശുദ്ധാത്മാവു കാണിച്ചുതരുന്ന വഴിയിലൂടെ മാത്രം സഞ്ചരിക്കുന്നവർ.

കർത്താവായ യേശുക്രിസ്തുവിനാൽ തന്നെ പരിശുദ്ധാത്മാവിലും തീയിലും സ്നാനമേറ്റവർ; പകരം വ്യാജമായ വികാരാവേശത്താലോ ദൈവശാസ്ത്രപരമായ വാദഗതികളാലോ കബളിപ്പിക്കപ്പെടാത്തവർ.

നിരന്തരമായ പരിശുദ്ധാത്മാഭിഷേകത്തിൽ ജീവിക്കുന്നവർ; ആ പരിശുദ്ധാത്മാവു നൽകുന്ന പ്രകൃതീതമായ കൃപാവരങ്ങളിൽ സമ്പന്നർ.

ക്രിസ്തുവിന്റെ ശരീരമായ സഭയെപ്പറ്റി ദൈവികവെളിപ്പാടു ലഭിക്കുകമൂലം ഏതെങ്കിലും മതസമൂഹത്തിന്റെയോ സഭാവിഭാഗമെന്നറിയപ്പെടുന്ന സംഘടനയുടേയോ ഭാഗമാകാതെ ആ യഥാർത്ഥസഭയെ പണിതുയർത്തുവാൻ വേണ്ടി തങ്ങളുടെ എല്ലാ കഴിവുകളും ഭൗതികസമ്പത്തുകളും ആത്മീയവരങ്ങളും വിനിയോഗിക്കുന്നവർ.

പരിശുദ്ധാത്മസഹായത്താൽ സ്വന്തനാവിനു കടിഞ്ഞാണിടുവാൻ ശീലിച്ചവർ; ഇപ്പോൾ അതേ നാവുതന്നെ ദൈവവചനം കൊണ്ട് ജ്വലിക്കുമാറ് രൂപാന്തരം പ്രാപിച്ചവർ.

തങ്ങൾക്കുള്ളതെല്ലാം വിട്ടുകളഞ്ഞവർ; പണത്തിന്റെയോ ഭൗതികവസ്തുക്കളുടെയോ ബന്ധത്തിൽനിന്നു സ്വതന്ത്രരായും ദാനങ്ങളാഗ്രഹിക്കാതെയും ജീവിക്കുന്നവർ.





തങ്ങളുടെ ഭൗതികമായ എല്ലാ ആവശ്യങ്ങൾക്കും വേണ്ടി ദൈവത്തിൽ മാത്രം ആശ്രയം വയ്ക്കുന്നവർ; ഒരിക്കലും തങ്ങളുട ഭൗതികാവശ്യങ്ങളെപ്പറ്റി മറ്റുള്ളവർക്കു സൂചന നൽകാത്തവർ; തങ്ങളുടെ സേവനത്തെപ്പറ്റി സംഭാഷണത്തിലോ കത്തുകളിലോ റിപ്പോർട്ടുകളിലോ സ്വയം പ്രശംസിക്കാത്തവർ.

ദുശ്ശാഠ്യക്കാരാകാതെ സൗമ്യപ്രകൃതികളായും തങ്ങളെക്കാൾ പ്രായവും അറിവുമുള്ള സഹോദരന്മാരുടെ നിയന്ത്രണത്തിനും തെറ്റുതിരുത്തലിനും വിധേയരായും ജീവിക്കുന്നവർ.

മറ്റുള്ളവരുടെമേൽ അധികാരം ചെലുത്തുവാനോ അവരെ ഉപദേശിക്കുവാനോ താൽപര്യമില്ലാതെയും (ഉപദേശം തേടുന്നവരെ ഉപദേശിപ്പാൻ സന്നദ്ധതയോടും) മൂപ്പന്മാരായോ നായകന്മാരായോ ഗണിക്കപ്പെടുവാൻ ആഗ്രഹിക്കാതെയും സാധാരണസഹോദരന്മാരായും എല്ലാവർക്കും ദാസന്മാരുമാരായും ജീവിക്കുവാൻ ഇച്ഛിക്കുന്നവർ.

മറ്റുള്ളവരോടു വിഷമം കൂടാതെ ഒത്തിണങ്ങിപ്പോകുന്നവർ; അസൗകര്യങ്ങളും നഷ്ടങ്ങളും സഹിച്ചുകൊണ്ടും മറ്റുള്ളവർക്കു നന്മ ചെയ്യുന്നവർ.

ലക്ഷപ്രഭുവെന്നോ യാചകനെന്നോ വെള്ളക്കാരനെന്നോ കറുത്തവനെന്നോ ബുദ്ധിജീവിയെന്നോ ബുദ്ധിഹീനനെന്നോ സംസ്ക്കാരസമ്പന്നനെന്നോ അപരിഷ്കൃതനെന്നോ ഭേദം കൂടാതെ എല്ലാ മനുഷ്യരോടും ഒരുപോലെ പെരുമാറുന്നവർ.

ഭാര്യ, മക്കൾ, ബന്ധുക്കൾ തുടങ്ങിയവരുടെയോ വിശ്വാസികളുടെയോ സ്വാധീനംമൂലം ക്രിസ്തുവിനോടുള്ള തങ്ങളുടെ ഭക്തിയിലും ദൈവകല്പനകളുടെ അനുസരണത്തിലും ഒരുപടി താണും തണുത്തും പോകാതെ ആദ്യസ്നേഹം നിലനിറുത്തുന്നവർ.

> **പാപവും വ്യഭിചാരവുമുള്ള ഒരു തലമുറയിൽ, ഒത്തുതീർപ്പിൽ ജീവിക്കുന്ന ക്രൈസ്തവലോകത്തിന്റെ മധ്യത്തിൽ, ദൈവത്തിനുവേണ്ടി മാത്രമുള്ള ഒരുവനായി ജീവിക്കുമെന്ന് പൂർണ്ണഹൃദയത്തോടെ തീരുമാനിക്കുക. ദൈവത്തിനു മുഖപക്ഷമില്ലാത്തതിനാൽ അതിനുവേണ്ടി തീക്ഷ്ണതയോടെ നിങ്ങൾ ആഗ്രഹിക്കുമെങ്കിൽ നിങ്ങൾക്കും അപ്രകാരം ഒരുവനാകുവാൻ സാധിക്കും.**

സാത്താൻ വാഗ്ദാനം ചെയ്യുന്ന ധനം, മാനം, മറ്റേതെങ്കിലും പ്രതിഫലം എന്നിവയാൽ സ്വാധീനിക്കപ്പെടാതെ, ഒരിക്കലും ഒത്തുതീർപ്പിനു സന്നദ്ധരാകാതെ, ഉറച്ചുനില്ക്കുന്നവർ.

മതാധ്യക്ഷന്മാരെയോ രാഷ്ട്രഭരണാധികാരികളെയോ ഭയപ്പെടാതെ നിർഭയം ക്രിസ്തുവിന്റെ സാക്ഷികളായി നിലകൊള്ളുന്നവർ.

ഭൂമിയിൽ ഏതെങ്കിലും മനുഷ്യവ്യക്തിയെ പ്രസാദിപ്പിക്കുവാനാഗ്രഹിക്കാതെ ദൈവത്തെ മാത്രം പ്രസാദിപ്പിക്കുന്നതിൽ ഏതൊരാളുടെ പിണക്കവും നേരിടുവാൻ ഒരുക്കമുള്ളവർ.

തങ്ങളുടെ മാനുഷികമായ ആവശ്യങ്ങളോ സ്വന്തം സുഖസൗകര്യങ്ങളോ ഗണിക്കാതെ ദൈവമഹത്വത്തിനും ദൈവഹിതത്തിനും ദൈവരാജ്യത്തിനും എപ്പോഴും മുൻഗണന നൽകുന്നവർ.

മറ്റുള്ളവരുടെയോ സ്വന്തം ബുദ്ധിയുടെയോ സമ്മർദ്ദങ്ങൾക്കു വഴങ്ങി നിർജ്ജീവപ്രവൃത്തികൾ അനുഷ്ഠിക്കാതെ തങ്ങളുടെ ജീവിതത്തെപ്പറ്റി ദൈവം വെളിപ്പെടുത്തിയിട്ടുള്ള തിരുഹിതം മാത്രം ചെയ്യുവാൻ വാഞ്ഛ

യോടെ ആഗ്രഹിക്കുന്നവർ.

ക്രിസ്തീയവേലയിൽ ദേഹീപരവും (Soulish) ആത്മീയവുമായവയെ തമ്മിൽ വേർതിരിച്ചറിയുവാൻ പരിശുദ്ധാത്മാവിനാലുള്ള വിവേചനം പ്രാപിച്ചവർ.

കാര്യങ്ങളെ ഭൗതികമായ കാഴ്ചപ്പാടിലൂടെയല്ല, സ്വർഗ്ഗീയമായ ദർശനത്തോടെ തന്നെ നോക്കിക്കാണുവാൻ കഴിവുള്ളവർ.

ദൈവത്തിനുവേണ്ടി തങ്ങൾ നടത്തുന്ന അധ്വാനത്തിനു പ്രതിഫലമായി ലഭിക്കാവുന്ന ലൗകികബഹുമതികളെയും സ്ഥാനങ്ങളെയും പരിത്യജിക്കുന്നവർ.

ഇടവിടാതെ പ്രാർത്ഥിക്കുകയും ആവശ്യം വരുമ്പോൾ ഉപവാസത്തോടെയുള്ള പ്രാർത്ഥനയിൽ ജാഗരിക്കുകയും ചെയ്യുന്നവർ.

ഔദാര്യമായും രഹസ്യത്തിലും വിവേകത്തോടും സന്തോഷത്തോടും കൂടി കൊടുക്കുവാൻ ശീലിച്ചിട്ടുള്ളവർ.

ഏതുവിധത്തിലെങ്കിലും ചിലരെ നേടുവാനായി എല്ലാവർക്കും എല്ലാമായിത്തീരുവാൻ സന്നദ്ധതയുള്ളവർ.

മറ്റുള്ളവർ രക്ഷിക്കപ്പെടുവാൻ മാത്രമല്ല, ക്രിസ്തുവിന്റെ ശിഷ്യന്മാരാകുവാനും സത്യത്തിന്റെ പരിജ്ഞാനത്തിലെത്തുവാനും ദൈവകല്പനകൾ എല്ലാം അനുസരിക്കുന്നവരായിത്തീരുവാനും ആഗ്രഹിക്കുന്നവർ.

എല്ലാ സ്ഥലത്തും ദൈവത്തിന് വിശുദ്ധമായ ഒരു സാക്ഷ്യം ഉയർന്നു കാണുവാൻ തീവ്രമായ വാഞ്ഛയുള്ളവർ.

ഒരു കാര്യത്തിലും സ്വാർത്ഥം അന്വേഷിക്കാത്തവർ

ആത്മീയാധികാരവും ആത്മീയമായ അന്തസ്സും പാലിക്കുന്നവർ.

വേണ്ടിവന്നാൽ ദൈവത്തിനുവേണ്ടി ഈ ലോകത്തിൽ ഒറ്റയ്ക്കുനില്ക്കുവാൻ മനസ്സുള്ളവർ.

ഒത്തുതീർപ്പിനു വഴങ്ങാതെ കഴിഞ്ഞ കാലത്തെ അപ്പോസ്തലന്മാരെയും പ്രവാചകന്മാരെയുംപോലെ ഉറച്ചുനില്ക്കുന്നവർ.

ഈ വിധത്തിലുള്ള ആളുകൾ സംഖ്യയിൽ വളരെ കുറവാകയാൽ ഇന്നും ദൈവത്തിന്റെ വേല നഷ്ടം സഹിക്കേണ്ടി വന്നിരിക്കുന്നു.

പാപവും വ്യഭിചാരവുമുള്ള ഒരു തലമുറയിൽ, ഒത്തുതീർപ്പിൽ ജീവിക്കുന്ന ക്രൈസ്തവലോകത്തിന്റെ മധ്യത്തിൽ, ദൈവത്തിനുവേണ്ടി ഇപ്രകാരമുള്ള ഒരുവനായി ജീവിക്കുമെന്ന് പൂർണ്ണഹൃദയത്തോടെ തീരുമാനിക്കുക. ദൈവത്തിനു മുഖപക്ഷമില്ലാത്തതിനാൽ അതിനുവേണ്ടി തീക്ഷ്ണതയോടെ നിങ്ങൾ ആഗ്രഹിക്കുമെങ്കിൽ നിങ്ങൾക്കും അപ്രകാരം ഒരുവനാകുവാൻ സാധിക്കും. ഒരാളിന്റെ ബോധമണ്ഡലത്തിൽ (conscious area) മാത്രം സമർപ്പണവും അനുസരണവും ആവശ്യപ്പെടുന്നവനാണ് ദൈവം. അതിനാൽ ഒരുപക്ഷേ നിങ്ങളുടെ ബോധമണ്ഡലം പരിമിതമാണെങ്കിൽത്തന്നെയും ഈ വിധത്തിലുള്ള ഒരുവനാകുവാൻ നിങ്ങൾക്കു സാധ്യമാണ്. നിങ്ങൾ വെളിച്ചത്തിൽ നടക്കുകയും പരിപൂർണ്ണതയിലേക്കു വളരുകയും ചെയ്യുന്തോറും ഈ ബോധമണ്ഡലം കൂടുതൽ വിശാലമായിക്കൊണ്ടിരിക്കും. അതിനാൽ ഇപ്രകാരമുള്ള ഒരാളാകുവാൻ 'എനിക്കു സാധിക്കയില്ലല്ലോ' എന്നു ചിന്തിച്ച് നിങ്ങൾ ക്ലേശിക്കേണ്ട കാര്യമില്ല.

നമ്മുടെ ജഡത്തിൽ നന്മയൊന്നും വസിക്കാത്തതിനാൽ മേൽ വിവരിച്ച നന്മകൾ നമ്മിൽ വളർന്നു വരുവാനായി ദൈവകൃപ നാം അന്വേഷിക്കേണ്ടത് ആവശ്യമാണ്. കാലം അതിന്റെ അവസാനഘട്ടത്തിലെത്തിയിരിക്കുന്ന ഈ നാളുകളിൽ ഈ വിധത്തിൽ ജീവിക്കുന്ന ഒരുവനായിത്തീരുന്നതിനുള്ള ദൈവകൃപയ്ക്കായി ദിനംപ്രതി ദൈവസന്നിധിയിൽ നിലവിളിക്കുക.

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.



# ആ പാദമുദ്രകളിൽ പദമൂന്നി...



ചാൾസ് എം. ഷെൽഡൺ
മൊഴിമാറ്റം:ബോബി ചെറിയാൻ

**_വായിച്ചു തുടങ്ങുംമുൻപ്......_**

*റെയ്മണ്ട് ഒന്നാം സഭയിലെ ശുശ്രൂഷകനാണ് ഹെൻട്രി മാക്സ്വെൽ.*

*ഞായറാഴ്ച. 'യേശുവിനെ അനുഗമിക്കുക' എന്ന പ്രസംഗത്തിനുശേഷം അദ്ദേഹം ഇരുന്നപ്പോൾ തൊഴിലന്വേഷിച്ച് നടന്ന ഒരാൾ പ്രസംഗപീഠത്തിലേക്ക് കയറിവന്നു. 'നിങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത്?' എന്ന ചോദ്യം സഭാജനങ്ങളോട് അയാൾ ഉന്നയിച്ചു. എന്നാൽ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഹൃദയാഘാതംമൂലം അയാൾ മരിച്ചു. പിറ്റേ ആഴ്ച റവ.ഹെൻട്രി മാക്സ്വെൽ തന്റെ സഭാജനങ്ങൾക്ക് ഒരു ആഹ്വാനം നൽകി-അടുത്ത ഒരു വർഷത്തേക്ക് നിങ്ങളുടെ സ്ഥാനത്ത് 'യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു' എന്നു ചോദിച്ചശേഷം മാത്രമേ ഏതു പ്രവൃത്തിയും ചെയ്യാവൂ എന്ന പ്രതിജ്ഞ എടുക്കുക. സഭയിലെ ഒരു സംഘം വിശ്വാസികൾ അങ്ങനെ പ്രതിജ്ഞയെടുത്തു. നഗരത്തിലെ ഡെയ്‌ലി ന്യൂസ് പത്രത്തിന്റെ പത്രാധിപർ നോർമൻ ആകൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം തന്റെ പ്രതിജ്ഞയനുസരിച്ച് പത്രത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ തുടങ്ങി.*

*സഭയിലെ ഗായികയായ റേച്ചലും ധനികയുവതിയായ വെർജീനിയായും പ്രതിജ്ഞയെടുത്ത മറ്റുരണ്ടുപേരാണ്. ഇതിനിടെ റേച്ചലിന് ഒരു സംഗീതട്രൂപ്പിൽ ജോലി ലഭിച്ചു. പക്ഷേ പ്രതിജ്ഞമൂലം അത് അവൾ സ്വീകരിക്കാൻ വിസമ്മതിക്കുന്നു. പകരം ടൗണിൽ അധോലോകസംഘങ്ങൾ വിഹരിക്കുന്ന ചത്വരത്തിൽ നടക്കുന്ന സുവിശേഷയോഗങ്ങളിൽ പാടാൻ തുടങ്ങി. വെർജീനിയായും ഈ യോഗങ്ങളിൽ സംബന്ധിക്കുവാൻ ആരംഭിച്ചു. ചത്വരത്തിലെ മദ്യപയായ ലൊറീൻ എന്ന പെൺകുട്ടിയെ അവൾ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നത് വലിയമ്മ മദാംപേജിന് ഇഷ്ടമായില്ല. അവർ വീടുവിട്ടുപോയി. ഇതിനിടെ ചത്വരത്തിലെ മദ്യലോബിക്കെതിരേ യഥാർത്ഥക്രിസ്ത്യാനികൾ അണിനിരന്നു. ഈ പോരാട്ടത്തിൽ ലൊറീൻ രക്തസാക്ഷിയായി.*

*ഷിക്കാഗോയിലെ സഭശുശ്രൂഷകൻ ഡോ.ബ്രൂസ് റെയ്മണ്ടിലെ ഉണർവ്വിനെക്കുറിച്ച് അറിഞ്ഞ് അതു തന്റെ സഭയിലും പ്രാവൃത്തികമാക്കാൻ തുനിയുന്നു. റേച്ചലിന്റെ അടുത്തബന്ധുക്കളാണ് ഷിക്കാഗോയിലെ സ്റ്റെർലിംഗ് കുടുംബം. അവിടെ ചില അനിഷ്ടസംഭവങ്ങൾ നടക്കുന്നു. ഡോ.ബ്രൂസും സ്ഥലത്തെ ബിഷപ്പും വിവരമറിഞ്ഞ് സ്റ്റെർലിംഗ് ഭവനത്തിലെത്തി.*

*തുടർന്നുവായിക്കുക....*

## 19

*കുഞ്ഞാടുപോകുന്നിടത്തൊക്കെയും അവർ അവനെ അനുഗമിക്കുന്നു.*

ഡോ. ബ്രൂസും ബിഷോപ്പും സ്റ്റെർലിംഗ് മന്ദിരത്തിൽ പ്രവേശിക്കുമ്പോൾ സാധാരണയുള്ള പതിവുക്രമങ്ങളൊക്കെ തെറ്റിയ നിലയിലായിരുന്നു. ആശയക്കുഴപ്പങ്ങളും ഭീതിയും നിറഞ്ഞ അന്തരീക്ഷം. താഴത്തെ നിലയിലുള്ള മുറികളൊക്കെ ശൂന്യമായിരു

ന്നു. മുകളിൽ വേഗത്തിലുള്ള പാദപതനങ്ങളും അടക്കിപ്പിടിച്ച സംസാരങ്ങളും കേൾക്കാം. ഡോ. ബ്രൂസും ബിഷോപ്പും മുകളിലേക്കുള്ള പടിക്കെട്ടുകയറാനൊരുങ്ങുമ്പോൾ പേടിച്ചരണ്ട മുഖത്തോടെ ഒരു പരിചാരിക താഴേക്കു വേഗമിറങ്ങിവന്നു.

" ഫെലീഷ്യാ ശ്രീമതി സ്റ്റെർലിംഗിനോടൊപ്പമുണ്ട്." ചോദ്യത്തിനു മറുപടിയായി പരിചാരിക വിക്കിവിക്കിപ്പറഞ്ഞതും വലിയ ഒരലർച്ചയോടെ കരഞ്ഞുകൊണ്ട് അവൾ ഓടിപ്പോയതും ഒരുമിച്ചായിരുന്നു.

പടിക്കെട്ടിനുമുകളിലെത്തുമ്പോൾ ഫെലീഷ്യ വന്ന് തന്റെ രണ്ടു കൈകളും ഡോ. ബ്രൂസിന്റെ കരങ്ങളിൽ വച്ചു. ബിഷോപ്പ് തന്റെ കൈ അവളുടെ തലയിൽ വച്ച് മൂവരും അല്പസമയം നിശ്ശബ്ദരായി നിന്നു. ഫെലീഷ്യ ഒരു ചെറിയ കുട്ടിയായിരിക്കുമ്പോൾ മുതല്ക്കെ ബിഷോപ്പിന് അവളെ അറിയാം. അദ്ദേഹം തന്നെ ആദ്യം നിശ്ശബ്ദതയെ ഭഞ്ജിച്ചു.

" സർവ്വ കൃപാലുവായ ദൈവം ഈ ഇരുണ്ട സമയങ്ങളിലും നിന്നോടുകൂടെയിരുന്ന് ആശ്വസിപ്പിക്കട്ടെ......... നിന്റെ അമ്മ '' ........ ബിഷോപ്പ് പെട്ടെന്ന് നിർത്തി.

മറ്റാർക്കും അറിയാത്ത ഭൂതകാലങ്ങളിലേക്ക് അദ്ദേഹത്തിന്റെ ഓർമ്മകൾ ഒരു നിമിഷം മുങ്ങി. യൗവനാരംഭത്തിൽ സുന്ദരിയായ കാമില റോൾഫിനെ സ്നേഹിച്ചതും അവൾ പിന്നീട് ഒരു കോടീശ്വരനെ ജീവിത പങ്കാളിയായി തെരഞ്ഞെടുത്തതും. അതൊരു ഓർമ്മ മാത്രം, സ്വകാര്യദു;ഖമോ കയ്പോ ഒന്നും കലരാത്ത ഒരു ഏട്.

ബിഷോപ്പിന്റെ ചോദ്യത്തിന് ഉത്തരമെന്ന നിലയിൽ ഫെലീഷ്യ തിരിഞ്ഞ് അമ്മയുടെ മുറിയിലേക്ക് നടന്നു. അവൾ അതുവരെയും നിശ്ശബ്ദയായിരുന്നു. അവളുടെ പ്രശാന്തതയിൽ അവർ അത്ഭുതപ്പെട്ടു. മുറിയുടെ വാതില്ക്കൽ നിന്ന് അവൾ അവരെ അകത്തേക്കു ക്ഷണിച്ചു. അസാധാരണമായതെന്തോ കാണാനെന്നവണ്ണം അവർ അങ്ങോട്ടു ചെന്നു. അവിടെ ശ്രീമതി സ്റ്റെർലിംഗ് നിശ്ചലയായി കിടക്കുന്നുണ്ടായിരുന്നു. മുഖത്ത് അലൗകികമായ പ്രകാശം. റോസ് മറ്റൊരു കട്ടിലിൽ കൈകൾ വിരിച്ച് കിടന്നിരുന്നു. പരിചാരിക സമീപമിരുന്നു ഏങ്ങിയേങ്ങി കരയുന്നുണ്ടായിരുന്നു.

താഴെ ഡോക്ടറും പോലീസുകാരും പത്രക്കാരും എല്ലാം വന്നു വലിയ ബഹളമാരംഭിച്ചിരുന്നു. പിറ്റേന്നത്തെ പത്രത്തിൽ പത്രക്കാർ "സ്റ്റെർലിംഗ് ദുരന്തമെന്ന്" പേരിട്ടു വിളിച്ച വാർത്തയുടെ വിശദാംശങ്ങൾ മെനയുന്നതിന്റെ തിരക്ക്.

രാത്രി ഒൻപതു മണിയോടെ ശ്രീ. സ്റ്റെർലിംഗ് അദ്ദേഹത്തിന്റെ മുറിയിലേക്ക് പോവുകയും അരമണിക്കൂറിനുള്ളിൽ വെടിയൊച്ച കേൾക്കുകയും ചെയ്തു. ഓടിച്ചെന്ന പരിചാരിക കണ്ടത് നിലത്ത് നിശ്ചേഷ്ഠനായി കിടക്കുന്ന സ്റ്റെർലിംഗിനെയാണ്. ആ സമയം ഫെലീഷ്യ അമ്മയോടൊത്ത് ഇരിക്കുകയായിരുന്നു. റോസ് വായനാമുറിയിലും. റോസ് വേഗം ഓടിച്ചെന്നു. പിതാവിന്റെ ചേതനയറ്റ ശരീരം പരിചാരകർ കട്ടിലിലേക്ക് ഉയർത്തിക്കിടത്തുന്നതു കണ്ട് അലറിവിളിച്ച് അവൾ തിരികെ അമ്മയുടെ മുറിയിലെത്തി തളർന്നുവീണു. ശ്രീമതി സ്റ്റെർലിംഗിനു പെട്ടെന്നു ബോധക്ഷയമുണ്ടായെങ്കിലും വേഗം തന്നെ ഉണരുകയും ഡോ.ബ്രൂസിന് ആളയക്കുകയും ചെയ്തു. തുടർന്ന് തന്റെ ഭർത്താവിന്റെ ശരീരം കാണാൻ അവർ ആഗ്രഹം പ്രകടിപ്പിച്ചു. ഫെലീഷ്യയും മറ്റു പരിചാരകരും അവരെ താങ്ങി അദ്ദേഹത്തിന്റെ മുറിയിലേക്കു കൊണ്ടുപോയി. നിശ്ചലയായി നിശ്ശബ്ദയായി അവർ അദ്ദേഹത്തെ





നോക്കിക്കണ്ടു. തിരികെവന്നു കാലെടുത്തു തന്റെ കട്ടിലിൽ വച്ച് തനിക്കും ഭർത്താവിനും വേണ്ടി ക്ഷമായാചനം നടത്തി പ്രാർത്ഥിക്കയും ഇഹലോകം വിട്ടു പോവുകയും ചെയ്തു. അപ്പോൾ ഡോ.ബ്രൂസും ബിഷോപ്പും വീട്ടിലേക്കു പ്രവേശിച്ച സമയമായിരുന്നു.

ഞായറാഴ്ച രാത്രി തികച്ചും ആകസ്മികമായാണ് ആഡംബരപൂർണ്ണമായ ആ കൊട്ടാരത്തെ മൃത്യു ഇത്ര ദാരുണമായി പുല്കിയത്. സ്റ്റെർലിംഗിന്റെ ബിസിനസ് രഹസ്യങ്ങൾ പുറത്തുവന്നതോടെയാണ് മൃത്യുവിന്റെ വരവിന്റെ കാരണങ്ങൾ പുറംലോകമറിഞ്ഞത്. ഊഹക്കച്ചവടത്തിലൂടെയുണ്ടായ നഷ്ടങ്ങളാണ് അദ്ദേഹത്തിന്റെ സമ്പാദ്യത്തെ ക്ഷയിപ്പിച്ചത്. പ്രത്യേകിച്ചും കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ഭീമമായ തുകകൾ തന്നെ വിട്ടുപോകുന്നതദ്ദേഹം അറിഞ്ഞു. കൗശലത്തോടെ തന്ത്രപരമായി നടത്തിയ കണക്കുകൂട്ടലുകളും പോരാട്ടവുമൊക്കെ നഷ്ടം ത്വരിതമാക്കാനേ പ്രയോജനപ്പെട്ടുള്ളൂ. തന്റെ ജീവന്റെ അടിസ്ഥാനം തന്റെ സമ്പാദ്യങ്ങളായിരുന്നു. തന്റെ ധനത്തെ അദ്ദേഹം ഏറ്റവും അമൂല്യമായിക്കരുതിയിരുന്നു. എല്ലാം ചിറകടിച്ചു പറന്നു പോകുന്ന അവസാനസന്ദേശം ഞായറാഴ്ച വൈകുന്നേരമാണു ലഭിച്ചത്. അതു നിർണ്ണായകമായി.

തന്റേതെന്ന് അദ്ദേഹം വിളിച്ചിരുന്ന ആ വീടോ അതിനുള്ളിലെ ആഡംബരവസ്തുക്കളോ വണ്ടിയോ കസേരയോ കിടന്ന കട്ടിലോ പാത്രങ്ങളോ ഒന്നും സത്യസന്ധമായ അദ്ധ്വാനത്തിന്റെ നേട്ടങ്ങളായിരുന്നില്ല. എല്ലാം കൗശലത്തിന്റെയും തന്ത്രങ്ങളുടെയും വഞ്ചനയുടെയും സന്തതിയായിരുന്നു. അതൊക്കെ മറ്റാരെക്കാളും അദ്ദേഹത്തിനു നന്നായി അറിയാമായിരുന്നു. എന്നാൽ ഇത്തരക്കാർ എപ്പോഴും കണക്കുകൂട്ടുന്നതുപോലെ ആ കുറവുകളൊക്കെ ഈ നേട്ടങ്ങൾ പരിഹരിക്കുമെന്ന് അദ്ദേഹവും കണക്കുകൂട്ടി. അങ്ങനെ ഇത്തരത്തിലുള്ള ഏതൊരു വ്യക്തിയെയും പോലെ സ്വയം വഞ്ചിക്കപ്പെട്ട നിലയിലായിരുന്നു താൻ. ഒടുവിൽ എല്ലാം ചിറകെടുത്തു പറന്നുപോയപ്പോൾ ഏതൊരു യാചകന്റേതും പോലെ ശൂന്യമായ ഒരവസ്ഥ പെടുന്നനവേ തന്റെ മേൽ വന്നു പതിച്ചു. പകച്ചുപോയ ആ മനസ്സിന് ആത്മഹത്യയല്ലാതെ മറ്റു പോംവഴികൾ ഒന്നും മുമ്പിലുണ്ടായിരുന്നില്ല. താൻ ജീവിച്ചുപോന്ന ജീവിതത്തിന്റെ തടയാനാവാത്ത പരിണതഫലം. ധനം തന്റെ ദൈവമായിരുന്നു. ആ ദൈവം പൊയ്പോയ ശൂന്യത നികത്താൻ ഒന്നുമില്ലായിരുന്നു. ഒരു മനുഷ്യന്റെ ആരാധനാമൂർത്തി ഇല്ലാതാകുന്നതോടെ അവന്റെ ജീവിതം ശൂന്യമാകുന്നു. ജീവിതത്തിനു ലക്ഷ്യവും ചാലകശക്തിയും ഇല്ലാതാകുന്നു. അങ്ങനെ ചാൾസ് ആർ. സ്റ്റെർലിംഗ് എന്ന കോടീശ്വരൻ മരിച്ചു. തികച്ചും ഒരു ഭോഷനായി. നിത്യജീവന്റെ മഹത്വവും ധനവുമായി താരതമ്യം ചെയ്യുമ്പോൾ ഈ ധനത്തിന്റെ ലാഭനഷ്ടങ്ങൾ എന്താണ്? അത് മാറ്റത്തിനു വിധേയമല്ലാത്തതും നഷ്ടം വരാത്തതും ആരാഞ്ഞറിയുവാൻ കഴിയാത്തവണ്ണം അപാരവും അഗാധവും അത്രേ. കണക്കുകൂട്ടലുകൾക്കും ഊഹങ്ങൾക്കും അതിന്റെ യാഥാർത്ഥ്യങ്ങളെ സ്പർശിക്കുവാൻ കഴികയില്ല.

പെട്ടെന്നുള്ള മാനസികാഘാതമായിരുന്നു ശ്രീമതി സ്റ്റെർലിംഗിന്റെ മരണകാരണം. വർഷങ്ങളായി അവർക്കു ഭർത്താവിന്റെ രഹസ്യങ്ങളെക്കുറിച്ച് അറിവൊന്നുമുണ്ടായിരുന്നില്ല. എങ്കിലും അത്രഭദ്രമായ നിലയിലുള്ള ധനാഗമമാർഗ്ഗങ്ങളൊന്നുമല്ല അദ്ദേഹം സ്വീകരിച്ചിരുന്നതെന്ന് അവർ ഊഹിച്ചിരുന്നു. വർഷങ്ങളായി അവർ ഒരു ജീവച്ഛവം കണക്കെ ജീവിക്കുന്നു!

എത്ര വലിയ ദുരന്തങ്ങളും താങ്ങാൻ കരുത്തുള്ളവരെന്ന് തെളിയിക്കുന്നതിൽ റോൾഫുകൾ മറ്റാരെയുംകാൾ മുന്നിലാണ്. ഭർത്താവിനെ കാണാൻ അവരെ താങ്ങിക്കൊണ്ടു പോകുമ്പോഴും ശ്രീമതി സ്റ്റെർലിംഗ് തന്റെ കുടുംബപാരമ്പര്യം ഉയർത്തുന്നതുപോലെ തോന്നി. പക്ഷേ ആ പിടിച്ചുനില്പ് ഏറെയൊന്നും നീണ്ടുനിന്നില്ല. ജീവൻ പിടിച്ചു നിർത്താൻ അത്ര ദുർബലമായ ഒരു പോരാട്ടം മതിയായിരുന്നില്ല. വർഷങ്ങൾ നീണ്ട നിരാശയ്ക്കും സഹനത്തിനും ഒടുവിൽ അവശേഷിച്ച ലോലമായ ശക്തി വേഗത്തിൽ അറ്റുപോയി. പിതാവിന്റേയും മാതാവിന്റേയും സമ്പത്തിന്റെയും വേർപാട് രണ്ട് സഹോദരിമാരിലും ഏല്പിച്ച ആഘാതം രണ്ടു തരത്തിലായിരുന്നു. റോസ് ആഴ്ചകളോളം മൂകയായി ശയ്യയിൽ തന്നെ അഭയംതേടി. ഇത്രവലിയ സമ്പത്ത് നഷ്ടമായത് അവളുടെ മനസ്സിന് ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല. അവളും ഫെലീഷ്യയും ആ വീടുവിട്ടൊഴിഞ്ഞ് ഏതെങ്കിലും ബന്ധുക്കളുടെ ആശ്രിതരായി ജീവിക്കണമെന്ന് പറഞ്ഞപ്പോൾ എന്തിനെന്നും എങ്ങനെയെന്നും ഒക്കെ അവൾക്ക് ചിന്തിക്കാൻ കഴിയുമായിരുന്നില്ല.

എന്നാൽ ഫെലീഷ്യയ്ക്ക് കാര്യങ്ങൾ മനസ്സിലാകുമായിരുന്നു. ഇതൊക്കെ എന്തുകൊണ്ടു സംഭവിച്ചുവെന്നും എന്താണ് സംഭവിച്ചതെന്നും അവൾക്ക് മനസ്സിലാകുമായിരുന്നു. ശവസംസ്ക്കാരത്തിനുശേഷം തന്റെ ഭാവിപരിപാടികളെക്കുറിച്ച് അവൾ റേച്ചലിനോട് സംസാരിക്കുകയുമുണ്ടായി. റേച്ചലും ശ്രീമതി വിൻസ്‌ലോയും ഈ ദുരന്തവാർത്ത അറിഞ്ഞയുടൻ ഷിക്കാഗോയിലേക്ക് വരികയും മറ്റുബന്ധുക്കളോടൊപ്പം റോസിന്റേയും ഫെലീഷ്യയുടേയും ഭാവിയെക്കുറിച്ച് ചിന്തിക്കുകയും ചെയ്തു. "ഫെലീഷ്യാ, നീയും റോസും ഞങ്ങളോടൊപ്പം റെയ്മണ്ടിലേക്ക് വന്നേ മതിയാകൂ. അക്കാര്യം തീരുമാനിക്കപ്പെട്ടു കഴിഞ്ഞു. മറ്റൊരു പദ്ധതിയും അമ്മ ഇപ്പോൾ സ്വീകരിക്കില്ല" റേച്ചൽ പറഞ്ഞു. തന്റെ അർദ്ധസഹോദരിയും താൻ എടുത്ത തീരുമാനം എടുത്തുവെന്നും പ്രതിജ്ഞ ചെയ്തുവെന്നുമുള്ള അറിവ് റെയ്ച്ചലിന്റെ മുഖത്തിന് അധികം ശോഭ നൽകി. "എനിക്കിവിടെ ഒന്നും ചെയ്യാനില്ലെങ്കിൽ....." ഫെലീഷ്യാ പറഞ്ഞു.

"നീ എന്തു ചെയ്യും?"

"ഒന്നുമില്ല. ഒരല്പം സംഗീതം. അത് ആരേയും പഠിപ്പിക്കാനോ അതുകൊണ്ട് ഉപജീവനം നയിക്കാനോ എനിക്ക് കഴിവില്ല. പിന്നെ ഒരല്പം പാചകം ഇത്രയൊക്കെയേ....'' ഫെലീഷ്യാ ചിരിച്ചു.

"ശരി, എങ്കിൽ ആ കാര്യത്തിൽ നിനക്ക് അമ്മയെ സഹായിക്കാം. അമ്മയ്ക്കാണെങ്കിൽ അടുക്കളയിൽ എപ്പോഴും പ്രശ്നങ്ങളാണ്." റേയ്ച്ചൽ അവളുടെ മാനസികാവസ്ഥ മനസ്സിലാക്കിക്കൊണ്ട് പറഞ്ഞു. മറ്റുള്ളവരെ തങ്ങളുടെ ഭക്ഷണത്തിനു പോലും ആശ്രയിക്കേണ്ടി വരുന്നതിന്റെ സങ്കോചം ഫെലീഷ്യയിൽ പ്രകടമായിരുന്നു. ഫെലീഷ്യയുടേയും റോസിന്റെയും പേരിൽ പിതാവ് നിക്ഷേപങ്ങൾ നടത്തിയിരുന്നുവെങ്കിലും ഒരു ഊഹക്കച്ചവടക്കാരന്റെ ഭ്രാന്തമായ ആവേശം അതുംകൂടി വെള്ളത്തിലാക്കിയിരുന്നു.

''ഓ! അങ്ങനെയാണോ? എന്റേയും റോസിന്റേയും ഭക്ഷണത്തിനു വേണ്ടത് എന്തുമാന്യമായ തൊഴിലും ചെയ്തുണ്ടാക്കാൻ എനിക്ക് സന്തോഷമാണ്. പാവം റോസാണെങ്കിൽ എങ്ങനെ ഈ ആഘാതത്തിൽ നിന്നു മോചനം പ്രാപിക്കുമെന്നറിഞ്ഞുകൂടാ''. റേച്ചൽ ഗൗരവവത്തോടെയാണ് പറഞ്ഞതെന്നു കരുതി





ഫെലീഷ്യാ ആവേശത്തിൽ പറഞ്ഞു.

റേച്ചലിനു കണ്ണുനീരടക്കാനായില്ല. "നമുക്ക് റേയ്മണ്ടിൽ ചെന്നിട്ട് കൂടുതൽ കാര്യങ്ങൾ ചിന്തിക്കാം". അവൾ പറഞ്ഞു.

അങ്ങനെ റോസും ഫെലീഷ്യയും റേയ്മണ്ടിലെ വിൻസ് ലോ കുടുംബത്തിന്റെ ഒരു ഭാഗമായിമാറി. റോസിനെ സംബന്ധിച്ച് അത് ഒരു കയ്പ്പേറിയ അനുഭവമായിരുന്നെങ്കിലും മറ്റുപോംവഴി ഒന്നുമില്ലാതിരുന്നതിനാൽ തികഞ്ഞ നീരസത്തോടെ അത് സ്വീകരിച്ചു. അതുകൊണ്ട് തന്നെ അത് ഫെലീഷ്യയ്ക്കും റേച്ചലിനും പലപ്പോഴും ഒരു ഭാരമായി തീർന്നു.

ഫെലീഷ്യയെ സംബന്ധിച്ച് ശിഷ്യത്വത്തിന്റെ പാഠങ്ങൾ പഠിക്കാനുള്ള ഒരവസരവും കൂട്ടായ്മയെ സംബന്ധിച്ച് പുതിയ വെളിപ്പാടുകൾ നൽകുന്നതിന് സ്വർഗ്ഗം തുറന്ന ഒരനുഭവവും പോലെയായിരുന്നു. ശ്രീമതി വിൻസ്‌ലോയ്ക്ക് റേച്ചലിന്റെ പ്രതിജ്ഞയോടും തീരുമാനത്തോടും യോജിപ്പുണ്ടായിരുന്നില്ലെങ്കിലും പ്രതിജ്ഞയെടുത്തതു മുതൽ പ്രഥമസഭയ്ക്കുണ്ടായ മാറ്റവും റെയ്മണ്ടിൽ അതിന്റെ സ്വാധീനതിയിലുണ്ടായ സംഭവങ്ങളും മാറ്റങ്ങളും ഒക്കെ ശ്രീമതി വിൻസ്‌ലോയെപ്പോലും സ്വാധീനിക്കാൻ തുടങ്ങിയിരുന്നു. റേച്ചലിനോട് ഫെലീഷ്യയ്ക്ക് നല്ല ഒരു കൂട്ടായ്മ ബന്ധം ഉണ്ടായിരുന്നു. ഈ പുതിയ ജീവിതത്തിന്റെ പ്രമാണത്തിൽ ആ വീട്ടിലെ ജോലികളിൽ ഫെലീഷ്യാ സഹായിക്കുകയും വേഗത്തിൽ തന്നെ അവൾ നേടിയ പാചകവൈദഗ്ധ്യം എല്ലാവരിലും മതിപ്പുണ്ടാക്കുകയും ചെയ്തു. അങ്ങനെ ചത്വരത്തിലെ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള പാചകത്തിന്റെ ഉത്തരവാദിത്വം ഫെലീഷ്യായെ ഏല്പ്പിക്കാൻ വെർജീനിയാ താത്പര്യം കാട്ടി.

പുതിയ ദൗത്യം ഫെലീഷ്യയ്ക്ക് വലിയ സന്തോഷം നൽകി. മറ്റുള്ളവരെ സേവിക്കുന്നതിന്റെ മൂല്യവും അതിന്റെ ആനന്ദവും ആദ്യമായി അവൾ അനുഭവിച്ചു തുടങ്ങി. യേശുവായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു എന്ന ചോദ്യത്തോടെ ഓരോ കാര്യങ്ങളേയും സമീപിക്കുന്നത് അവളുടെ മനോഭാവത്തിലും കാഴ്ചപ്പാടിലും ആഴമായ വ്യതിയാനങ്ങൾ ഉണ്ടാക്കി. അവളിൽ വിസ്മയകരമായ മാറ്റങ്ങളും പുരോഗതിയുമുണ്ടായി. അവളുടെ സ്വഭാവത്തിലെ സൗന്ദര്യവും പ്രശാന്തതയും അതിന്റെ ഗുണങ്ങളും ശ്രീമതി വിൻസ് ലോയെപ്പോലും സ്വാധീനിക്കാൻ തുടങ്ങി. വലിയ ഒരു നഗരത്തിലെ പരിഷ്ക്കാരത്തിന്റേയും പ്രൗഢിയുടേയും ധാരാളിത്തത്തിന്റെയും നടവിൽ ഒരു കോടീശ്വരന്റെ മകളായി വളർത്തപ്പെട്ട പെൺകുട്ടി തന്റെ അടുക്കളയിൽ മാവുകുഴഞ്ഞ കൈകളും അതിന്റെ ഒരംശം മൂക്കിൻതുമ്പിലും-പാചകക്കൂട്ടുകളുടെ കാര്യത്തിൽ മറവിയുണ്ടാകുമ്പോൾ ചൂണ്ടുവിരൽ മൂക്കത്തു വച്ച് ആലോചിക്കുന്ന സ്വഭാവം ഫെലീഷ്യയ്ക്കുണ്ട് -ഒക്കെയായി കഴിഞ്ഞുകൂടുന്നു ! ചിലപ്പോൾ പാത്രങ്ങൾ കഴുകുന്നതും സാധാരണ വേലക്കാർ ചെയ്യുന്ന ജോലികൾ പോലും മടികൂടാതെയും ഉത്സാഹത്തോടെയും സന്തോഷത്തോടെയും ഒക്കെ ചെയ്യുന്നതും ശ്രീമതി വിൻസ്‌ലോയിൽ അത്ഭുതവും ആദരവും ഉണ്ടാക്കി. ആദ്യമൊക്കെ അവർ പ്രതിഷേധിക്കുമായിരുന്നു.

''ഫെലീഷ്യാ, നീ ഇതൊന്നും ചെയ്യണ്ട. ഞാൻ അനുവദിക്കില്ല".

''അതെന്താ അമ്മായി, ഞാൻ കാലത്തുണ്ടാക്കിയ കേക്ക് നിങ്ങൾക്ക് പിടിച്ചില്ലേ?"

"ഓ, അത് വളരെ നല്ലതായിരുന്നു. പക്ഷേ നീ ഇത്തരം ജോലികൾ ഞങ്ങളുടെ വീട്ടിൽ ചെയ്യുന്നത് ശരിയല്ല"

"എന്തുകൊണ്ടു പാടില്ല? ഞാൻ

പിന്നെ എന്തു ചെയ്യും?"

അവളുടെ മുഖത്ത് സുന്ദരമായൊരു ഭാവം പ്രതിഫലിച്ചിരുന്നു.

"നിന്നെക്കുറിച്ച് അങ്ങനെ ഒരു ഉദ്ദേശ്യമില്ല".

"അത് ഞാൻ സമ്മതിക്കുന്നു. പക്ഷേ എനിക്കൊരാഗ്രഹമുണ്ട്. വലിയൊരു പട്ടണത്തിൽ-ഷിക്കാഗോയിലോ മറ്റോ-ഒരു നല്ല ഭക്ഷണശാല തുടങ്ങുകയോ, ചേരിപ്രദേശങ്ങളിലുള്ള പാവപ്പെട്ട സ്ത്രീകളെ നല്ല ഭക്ഷണം ഉണ്ടാക്കാൻ പഠിപ്പിക്കുകയോ ഒക്കെ ചെയ്യുക. ദരിദ്രരുടെ ഇടയിലെ ഒരു പ്രധാന പ്രശ്നം ഗുണനിലവാരമുള്ളതും രുചികരവുമായ ഭക്ഷണം ഉണ്ടാക്കാൻ അവർക്ക് അറിഞ്ഞുകൂടാ എന്നതാണെന്ന് ഡോ.ബ്രൂസ് ഒരിക്കൽ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ചില കുറ്റകൃത്യങ്ങളുടെ പ്രേരണപോലും നല്ല ഭക്ഷണത്തിനുവേണ്ടിയുള്ള താത്പര്യമാണെന്നുവരെ ഒരിക്കൽ അദ്ദേഹം പറഞ്ഞു. എന്തായിരുന്നാലും മറ്റുള്ളവരെ സഹായിക്കുകയും അതോടൊപ്പം എന്റേയും റോസിന്റേയും ഉപജീവനത്തിനുള്ള വക കണ്ടെത്തുകയും ചെയ്യാനും എനിക്ക് താത്പര്യമുണ്ട്."

ഫെലീഷ്യാ ഈ സ്വപ്നം യാഥാർത്ഥ്യമാകുംവരെ താലോലിച്ചു. അതൊടൊപ്പം റെയ്മണ്ടിലെയും ചത്വരത്തിലേയും ആളുകളുടെ സ്നേഹാദരവുകൾ അവൾ നേടിയെടുത്തു. 'പാചക മാലാഖ' എന്ന ഓമനപ്പേര് അവൾക്കു ലഭിച്ചു. അതോടൊപ്പം 'നസ്രത്ത് അവന്യൂ' സഭയിൽ അവൾ എടുത്ത പ്രതിജ്ഞ ഊന്നി ഇക്കാര്യങ്ങൾ വളരാൻ അവൾ ശ്രദ്ധിച്ചു. 'യേശുവായിരുന്നുവെങ്കിൽ എന്ത്' എന്ന ചോദ്യത്തിന് ഉത്തരമായി അവൾ ജീവിതം ക്രമീകരിച്ചു. അത് അവളുടെ ജീവിതലക്ഷ്യമായി. (തുടരും)

●

## എഡിറ്റോറിയൽ തുടർച്ച *പേജ് 4 ൽ നിന്ന്*

തലകുനിച്ച് സ്വീകരിക്കും-ഇതാണു നുറുക്കം.

ഒരു ക്രിസ്ത്യാനിയായതുകൊണ്ട് മറ്റുള്ളവർ എന്നെ മുതലെടുക്കുകയും എന്റെ വസ്തുക്കളെ പൊതുസ്വത്തെന്നവണ്ണം ഉപയോഗിക്കുകയും ചെയ്യുമ്പോൾ 'അവന്റെ വസ്ത്രം അഴിച്ചതും, ചീട്ടിട്ട് അവന്റെ വസ്ത്രം പകുത്തെടുത്തതും' ഞാൻ ഓർക്കും (മത്താ.27:28, 35). അപ്പോൾ അവിടുത്തേക്കുവേണ്ടി 'സമ്പത്തുകളുടെ അപഹാരം ഞാൻ സന്തോഷത്തോടെ സഹിക്കും' (എബ്രാ.10:34). ഇതാണു നുറുക്കം.

ക്ഷമിക്കാൻ കഴിയാത്ത വിധം ഒരാൾ എന്നോടു പെരുമാറുമ്പോൾ ക്രൂശിക്കപ്പെട്ടപ്പോൾ യേശു പ്രാർത്ഥിച്ചതു ഞാൻ ഓർക്കും "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോടുക്ഷമിക്കേണമേ". അതുകൊണ്ട് എന്റെ സ്നേഹവാനായ പിതാവ് നേരിടുവാൻ അനുവദിച്ച എല്ലാ പെരുമാറ്റങ്ങളെയും തലകുനിച്ച് ഞാൻ സസന്തോഷം സ്വീകരിക്കും-ഇതാണു നുറുക്കം.

ആളുകൾ എന്നിൽ നിന്ന് ഏറെ-സമയത്തിനും കഴിവിനും അതീതമായ വിധത്തിൽ-പ്രതീക്ഷിക്കുമ്പോൾ "ഇതു നിങ്ങൾക്കുവേണ്ടി നല്കുന്ന എന്റെ ശരീരം" എന്ന് യേശു പറഞ്ഞത് ഞാൻ ഓർക്കും (ലൂക്കോ. 22:19). അപ്പോൾ മറ്റുള്ളവർക്കായി സ്വയം നൽകാത്ത, സ്വയത്തിൽ മുഴുകിയ, എന്റെ ജീവിതത്തെക്കുറിച്ച് ഞാൻ പശ്ചാത്തപിക്കും-ഇതാണു നുറുക്കം.

വസ്തുതകൾ ഇതായിരിക്കെ, ഒരു ചോദ്യം അവശേഷിക്കുന്നു: നുറുങ്ങപ്പെടാൻ നിങ്ങൾക്കു മനസ്സുണ്ടോ? ●



# SET YOUR PRIORITIES

A professor stood before his philosophy class and had some items in front of him. when the class began, wordlessly, he picked up a very large and empty mayonnaise jar and proceeded to fill it with golf balls. He then asked the students if the jar was full. They agreed that it was.

The professor then picked up a box of pebbles and poured them into the jar. He shook the jar lightly. The pebbles rolled into the open areas between the golf balls. He then asked the students again if the jar was full. They agreed it was.

The professor next picked up a box of sand and poured it into the jar. of course, the sand filled up everything else.

He asked once more if the jar was full. The students responded with a unanimous "yes" .

The professor then produced two glasses of wine from under the table and poured the entire contents into the jar, effectively filling the empty space between the sand.

The students laughed .

" Now," said the professor , as the laughter subsided, " I want you to recognize that this jar represents your life. The golf balls are the important things- God, family , your love, your children, your health, your friends and yourfavorited passions- things that if everything else was lost and only they remained, your life would still be full. The pebbles are the other things that matter like your job, your house and your car. The sand is everything else- the small stuff.

If you put the sand into the jar first " he countinued, " there is no room for the pebbles or the golfballs. The same goes for life. If you spend all your time and energy on the small stuff, you will never have room for the things that are important to you. Pay attention to the things that are critical to your happiness. Spend time building your relationship with the Lord. Play with your children. Take time get medical checkups. Take your partner out to dinner. There will always be time to clean the house and fix the disposal".

Take care of the golf balls first- the things that really matter. set your priorities. The rest is just sand".

One of the students asked what the wine represented , If goes just to show that no matter how full your life may seem, there is always room for a couple of glasses more of your LOVE.



## Just a minute

*When one blind man leads another, both fall in the ditch...*

Mathew 15:14

***Pheba P. Cleetus,***
Kochi

# പീഡനങ്ങളിൽ പതറാതെ

**കാ**ൽമുട്ടുകളും കരങ്ങളും ഒരു പലകയോട് ചേർത്ത് ആണി അടിക്കപ്പെട്ട് മരിക്കുവാനായി വിട്ടിരിക്കുന്ന സുഡാനിലെ ഒരു ക്രിസ്തീയബാലൻ ഈ അവസ്ഥയിൽ നിന്ന് രക്ഷപ്പെട്ടപ്പോൾ പറഞ്ഞത് ഇപ്രകാരമാണ്: "എന്നെ ഈ വിധത്തിൽ പീഡിപ്പിച്ച വ്യക്തിയോട് ഞാൻ ക്ഷമിക്കുന്നു. കാരണം എന്റെ യേശുവിനെയും അവർ ക്രൂശിച്ചു. എന്നാൽ യേശു അവരോട് ക്ഷമിച്ചിരുന്നു"

അന്യായമായി രണ്ടു വർഷത്തേക്ക് ജയിലിലടയ്ക്കപ്പെട്ട ഒരു വിയറ്റ്നാം പാസ്റ്റർ. വേണമെങ്കിൽ നേരത്തെ മോചിതനാകുവാൻ അവസരം ഒരുക്കിയപ്പോൾ പറഞ്ഞത് ഇപ്രകാരമാണ്: "ജയിലിൽവച്ച് രക്ഷിക്കപ്പെട്ട ഒരു പറ്റം പുതിയ വിശ്വാസികളെ ഞാൻ ശിഷ്യത്വത്തിലേക്ക് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനാൽ എനിക്ക് നേരത്തെ മോചിതനാകേണ്ട."

തട്ടിക്കൊണ്ടുപോകപ്പെട്ട കൊളമ്പിയയിലെ ഒരു മിഷനറി വനിതയോട് "രണ്ട് മണിക്കൂറിനുള്ളിൽ മരിക്കുവാൻ തയ്യാറാകുക" എന്നുപറഞ്ഞപ്പോൾ തന്നെ തടവിലാക്കി പീഡിപ്പിച്ചവരോട് അവർ പ്രതിവചിച്ചത് ഇപ്രകാരമാണ്:"എനിക്ക് ഇനിയും രണ്ട് മണിക്കൂർ മാത്രമേ ഉള്ളൂ എങ്കിൽ നിങ്ങളോട് യേശുവിന്റെ സ്നേഹം പങ്കുവയ്ക്കുവാനായി ആ സമയം ഉപയോഗിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു".

ലോകമെമ്പാടും ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുന്നു എന്നുള്ളത് വേദനാജനകമായ ഒരു യാഥാർത്ഥ്യമാണ്. കർത്താവായ യേശുക്രിസ്തുവിലുള്ള അവരുടെ വിശ്വാസം മൂലം നമ്മുടെ സഹോദരന്മാരും സഹോദരിമാരും അടിയേല്ക്കുകയും ക്രൂരമായി പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നു. ചിലർക്ക് തങ്ങളുടെ ജീവനെത്തന്നെ വിലയായി നൽകേണ്ടിവരുന്നു. എന്നാൽ ഈ കഠിനശോധനയുടെ മധ്യത്തിലും ക്രിസ്തുവിനായി സധൈര്യം നിലയുറപ്പിച്ച വിശ്വാസവീരന്മാരുടെ കഥകൾ, നമ്മെ വെല്ലുവിളിക്കുന്നു.

പീഡനങ്ങൾ ഒന്നും ഇല്ലാതിരിക്കെ, നാം കർത്താവിനായി നില്ക്കുന്നവരോ?

# തൊഴിലവസരം

**പ്രാ**യമായപ്പോൾ ഉത്പാദനക്ഷമമായ ഒരു ജോലിയും ചെയ്യാൻ കഴിയാതായ വൃദ്ധൻ സ്വയം ഒരു തൊഴിൽ കണ്ടുപിടിച്ചു. എവിടെ പോയാലും അദ്ദേഹത്തിന്റെ കൈയിൽ ഒരു കുപ്പിയിൽ എണ്ണ കാണും. ഏതെങ്കിലും ഗേറ്റ് കടന്നുപോകുമ്പോൾ ഗേറ്റിന്റെ വിജാഗിരി 'കിറുകിറെ' ശബ്ദമുണ്ടാക്കിയാൽ അദ്ദേഹം എണ്ണയെടുത്തു വിജാഗിരി മയപ്പെടുത്തും. പിന്നീടുവരുന്നവർക്ക് പ്രയാസം കൂടാതെ ഗേറ്റ് തുറക്കാം. ആളുകൾ അദ്ദേഹത്തെ 'ഭ്രാന്തൻ' എന്നുവിളിച്ചു. പക്ഷേ അദ്ദേഹം അതുകൂട്ടാക്കാതെ ഞരക്കമുള്ളിടത്ത് എണ്ണയിടുന്ന തൊഴിൽ തുടർന്നു.

**നിങ്ങൾക്ക് ഈ ജോലിയിൽ താത്പര്യമുണ്ടോ?**